

സന്യാസ വ്രതങ്ങൾ

1.06906
MAR

സന്ന്യാസ വ്രതങ്ങൾ

SACRED HEART PROVINCIAL No ... LIBRARY
H10 M K8D

സന്ന്യസ്തരുടെ ഉപയോഗാർത്ഥം

റവ. ഫാദർ കോട്ടൈൽ എസ്. ജെ.

ഫ്രഞ്ചിൽ രചിച്ചതു്.

റവ. ഫാദർ മാർസെലിൻ സി. ഡി.

ഭാഷാന്തരം ചെയ്തതു്.

DHARMARAM COLLEGE LIBRARY BANGALORE-29
SACRED HEART PROVINCIAL LIBRARY No 7087
BHARATHYA PALACKAL SEEVASS KENDRAM LIBRARY 7087

പരിഷ്കരിച്ച ഏഴാം പതിപ്പു്.

St. Joseph's Press, Mannanam. 1955.

271.069 06
MAR

Reimprimatur.

† Mathew Kavukatt,

Bp. of Changanacherry.

Changanacherry
9—12—'52.



പ്രസ്താവന

സന്ന്യാസാനുഷ്ഠാനംമൂലം ഉളവാകുന്ന നാനാതരഭാഗ്യങ്ങളെ വർണ്ണിച്ചുകൊണ്ട് വേദപാരംഗതനായ വി. ബർണ്ണാർദ്ദ് ഇങ്ങനെ പറയുന്നു: "ഒരു സന്ന്യാസി മറ്റുള്ളവരെയപേക്ഷിച്ച് കൂടുതൽ പരിശുദ്ധമായി ജീവിക്കുന്നു. അപൂർവ്വമായി വീഴുന്നു. വിണാൽത്തന്നെയും എത്രയും വേഗത്തിൽ എഴുന്നേല്ക്കുന്നു; കൂടുതൽ സൂക്ഷിച്ചു വ്യാപരിക്കുന്നു, സമൃദ്ധിയായി നനക്കപ്പെടുന്നു. സുരക്ഷിതമായി സമാശ്വസിക്കുന്നു; കൂടുതൽ ശുഭത്തോടെ മരിക്കുന്നു, എളുപ്പത്തിൽ ശുദ്ധീകരിക്കപ്പെടുന്നു, ധാരാളമായി സമ്മാനിക്കപ്പെടുന്നു."

അതേ, സന്ന്യാസം യഥാർത്ഥത്തിൽ മനുഷ്യരെ ദൈവദൂതന്മാർക്കു തുല്യരും, ഐഹികജീവിതത്തെ സ്വർഗ്ഗീയജീവിതത്തിനു സമാനവും ആക്കിത്തീർക്കുന്ന പരിപാവനമായ ഒരു ജീവിതാവസ്ഥയാണെന്നും, ഒരു ദ്വിതീയജ്ഞാനസ്നാനമാണെന്നും, എന്നുവേണ്ട ഒരു രക്തസാക്ഷിത്വംതന്നെയാണെന്നുമാണ് പലേ വിശുദ്ധന്മാരും വേദശാസ്ത്രപണ്ഡിതന്മാരും അഭിപ്രായപ്പെട്ടുന്നത്.

ആകയാൽ, ഇത്ര മഹത്തരമായ സന്ന്യാസത്തെയും, അതിന്റെ അതിപ്രധാന കടമകളായ മൂന്നു സന്ന്യാസവ്രതങ്ങളെയുംപറ്റി സുവ്യക്തമായ ഒരു ജ്ഞാനം വ്രതപ്രസ്താവനം ചെയ്യിട്ടുള്ളവർക്കു തങ്ങളുടെ വ്രതങ്ങളെ അതിപൂജ്യമായി കാക്കുന്നതിനും, വ്രതവാഗ്ദാനം ചെയ്യിട്ടില്ലാത്തവർക്കു വ്രതങ്ങളെ അത്യാശയോടെ അനുഷ്ഠിക്കുന്നതിനും അത്യന്തം പ്രയോജനകരവും അവശ്യാവശ്യവുമാണെന്നതു നിസ്തർക്കമാണല്ലൊ.

ഈ വസ്തുത യഥാവിധി മനസ്സിലാക്കിക്കൊണ്ടാണ് വയോവൃദ്ധനും തപോവൃദ്ധനുമായി ഇന്നും ജീവിച്ചിരിക്കുന്ന റവ. ഫാദർ മാർസെലിൻ, സി. ഡി., 'സന്ന്യാസ വ്രതങ്ങൾ' എന്ന പേരിൽ ഈ ചെറു പുസ്തകം 1903-ൽ പ്രസിദ്ധീകരിച്ചത്. ഇതാകട്ടെ, സന്ന്യാസവ്രതങ്ങളെക്കുറിച്ച് ഈശോസ

ഭാംഗമായ റവ. ഫാദർ പീററർ കോട്ടെൽ എന്ന വന്ദ്യദേഹം 1861–ൽ സംക്ഷേപമായിട്ടെങ്കിലും വേണ്ട വിവരങ്ങളോടുകൂടെ ചോദ്യോത്തര രീതിയിൽ ഫ്രഞ്ചുഭാഷയിൽ രചിച്ചിട്ടുള്ള ഒരു കൃതിയുടെ മലയാളപരിഭാഷയത്രെ. ഇക്കഴിഞ്ഞ 83 കൊല്ലങ്ങൾക്കിടയിൽ വിവിധ യൂറോപ്യൻ ഭാഷകളിലായി അനേകം പതിപ്പുകൾ ഉണ്ടായിട്ടുള്ള പ്രമുഖപ്രചാരത്തിലിരിക്കുന്ന ഒരു വിശിഷ്ട കൃതിയാണിത്. ഈ മലയാള തർജ്ജമയുടെതന്നെയും ഇതിനകം നാലു പതിപ്പുകൾ ഉണ്ടായിട്ടുണ്ട്. ഇതിൽനിന്നും വിവർത്തകന്റെ ഉദ്ദേശ്യാനുസരണം ഇതിനെ കേരളീയരും സമാദരിക്കുന്നുണ്ടെന്നു കാണാമല്ലോ.

ഇത്ര പ്രയോജനകരമായ ഈ പുസ്തകത്തിന്റെ മൂല പ്രതി പുതിയ കാനോൻ നിയമമനുസരിച്ചു കാലാനുസൃതം പരിഷ്കരിച്ചിട്ടുണ്ട്. അവ്വിധം പരിഷ്കരിച്ചടിച്ചിട്ടുള്ള ഒരു പുതിയ പതിപ്പിനോട് ഒപ്പിച്ചുനോക്കി വേണ്ടവിധം ശരിപ്പെടുത്തിയിട്ടുള്ളതാണ് ഈ നാലാം പതിപ്പ്. എന്റെയപേക്ഷയനുസരിച്ച് ഈ കൃത്യം റവ. ഫാദർ ഗ്രഗറി, സി. ഡി. യും, റവ. ഫാദർ ചാൾസ്, സി. ഡി., ബി. എ. യും ആണ് സദയം നിർവ്വഹിച്ചുതന്നിട്ടുള്ളത്.

ഈ പുതിയ പതിപ്പിൽ ഓരോ ചോദ്യത്തിനും അക്കമിട്ടിട്ടുണ്ട്. അവയിൽ ഈ (*) അടയാളത്തോടുകൂടിയവ പുണ്യപൂർണ്ണതയ്ക്കും പുണ്യാഭ്യാസത്തിനും ഉപകരിക്കുന്ന ഉപദേശരൂപത്തിലുള്ളവയും, അടയാളമില്ലാത്തവ പാപത്തിൽനിന്നു മനസ്സാക്ഷിയിൽ ഖണ്ഡിതമായി കടമയുള്ളവയുമാണെന്നു ഗ്രഹിക്കണം.

ഈ ചെറിയ പുസ്തകം കേരളീയരായ അനേകം സന്ന്യാസീസന്ന്യാസിനിമാർക്കു ഉത്തരോത്തരം പ്രയോജകീഭവിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഇതു വീണ്ടും പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

Fr. Wilfrid, C. D.

സുപ്പീരിയർ.

Mannanam,
24-11-'43.

മൂലഗ്രന്ഥകാരന്റെ മൂന്നു ജ്ഞാപനങ്ങൾ

1. ഈ ചെറുഗ്രന്ഥത്തെ ഒരു ആദ്യ പാഠപുസ്തകത്തിന്റെ നിലയിലേ കരുതേണ്ടതുള്ളു. ഇതിൽ സന്യാസം സംബന്ധിച്ച സമസ്ത കാര്യങ്ങളും അടങ്ങിയിട്ടുണ്ടെന്നു ആരും ധരിക്കരുത്. കൂടുതൽ ഗ്രഹിക്കണമെന്നുള്ളവർ തത്സംബന്ധമായി സവിസ്തരം പ്രതിപാദിക്കുന്ന ഇതര ഗ്രന്ഥങ്ങളെ ആശ്രയിക്കേണ്ടതത്രെ.

2. ഈ കൃതിയുടെ മുഖ്യോദ്ദേശ്യം സന്യാസജീവിതത്തിന്റെ പ്രധാന കടമകൾ ഏവയെന്നു കാണിക്കണം എന്നതാണ്. അതിനാൽ പുണ്യപൂർണ്ണതയ്ക്കു യോജിച്ചവ ഏവയെന്നു ഓർമ്മിപ്പിക്കുന്നതല്ലാതെ, ദീർഘമായി വിസ്തരിച്ചൊന്നും ഇതിൽ കാണിക്കുന്നതല്ല. എങ്കിലും സാരവത്തായതൊന്നും വിട്ടുകളയാതിരിക്കാൻ കഴിയുന്നത്ര ശ്രദ്ധിച്ചിട്ടുണ്ട്.

3. സന്യാസം സംബന്ധിച്ചു ഏതൊരു സന്യാസസഭയ്ക്കും യോജിച്ച പൊതുപ്രമാണങ്ങളാണ് ഇതിൽ കാണിച്ചിട്ടുള്ളതു്. എന്നാൽ ഓരോരോ സഭയ്ക്കു പ്രത്യേകിച്ചുള്ളവ അതതു സഭയുടെ ക്രമപുസ്തകത്തിൽനിന്നും ഗ്രഹിക്കേണ്ടതാണ്. അവയാകട്ടെ ഏവയെന്നു താഴെക്കൊടുക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളിൽനിന്നും ഏറക്കുറെ നിഷ്പ്രയാസം ഗ്രഹിക്കാം:—

a) സഭ എപ്പോൾ, ആരാൽ സ്ഥാപിതമായി?

b) നവസന്യാസകാലം അഥവാ വ്രതാനുഷ്ഠാനത്തിനു മുമ്പുള്ള പരീക്ഷണഘട്ടം എത്രനാൾ ദീർഘിക്കണം?

c) എപ്രകാരമുള്ള വ്രതങ്ങളാണു് അനുഷ്ഠിക്കപ്പെടുന്നതു്?

d) ഇവ മാറുന്നതിനോ, ഇവയ്ക്കു ഒഴിവു നല്കുന്നതിനോ ആർക്കാണ് അധികാരം?

e) സഭയിൽ അനുഷ്ഠിക്കപ്പെടുന്ന ദാരിദ്ര്യവ്രതത്തിന്റെ ഖണ്ഡിതമായ സാധനം എന്താകുന്നു?

f) കീഴ്വഴക്ക വ്രതത്തിന്റെ ശക്തിയാൽ കല്പിക്കാൻ ആർക്കെല്ലാമാണു് അധികാരമുള്ളതു്?

സന്ന്യാസ വ്രതങ്ങൾ

ഒന്നാം ഭാഗം

സന്ന്യാസവ്രതങ്ങളെക്കുറിച്ച് പൊതുവിൽ.

അദ്ധ്യായം ൧

സന്ന്യാസവ്രതത്തിന്റെ പ്രകൃതി.

1. വ്രതം എന്താകുന്നു.

അധികം നല്ലതായ – അതായതു അതിന്റെ പ്രതിക്രിയത്തെക്കാൾ ശ്രേഷ്ഠമായ – ഒരു പ്രവൃത്തിയെക്കുറിച്ചു ദൈവത്തോടു ചെയ്യുന്ന ആലോചനാപൂർവ്വമായ ഒരു വാഗ്ദത്തമാകുന്നു വ്രതം.

2. വാഗ്ദത്തം എന്ന വാക്കിനാൽ സൂചിപ്പിക്കുന്നതു എന്തു?

വാഗ്ദത്തം എന്ന വാക്കിനാൽ സൂചിപ്പിക്കുന്നതു, നാം അനുഷ്ഠിക്കുന്ന വ്രതം ഒരു വെറും പ്രതിജ്ഞയല്ല, പിന്നെയോ പാപത്തിൻകീഴ് നമ്മുടെമേൽ തന്നെ ഒരു ചുമതലവെച്ചുകൊണ്ടു നാം ദൈവത്തോടു ചെയ്യുന്ന ഒരുടമ്പടി ആണെന്നത്രെ.

ദൈവത്തിനുമുമ്പാകെ, ഉടമ്പടിയുടെ രീതിയിൽതന്നെ നാം ചെയ്യുന്ന അനേകം പ്രതിജ്ഞകളുടെകൂടെ വ്രതത്തെ കലർത്തുന്നു. ഈ പ്രതിജ്ഞകളുടെ ഉദ്ദേശ്യം ദൈവത്തിനു കൂടുതൽ നന്നായി ശുശ്രൂഷ ചെയ്യുന്നതിനു നമ്മെ പ്രോത്സാഹിപ്പിക്കുക എന്നതു മാത്രമാണു്.

ഒരു വാശത്തം വ്രതമാകണമെങ്കിൽ പാപത്തിൻകീഴ് നമ്മെത്തന്നെ കടപ്പെടുത്തുന്നതിനുള്ള നിയോഗം നമുക്കുണ്ടായിരിക്കണം.

3. ആലോചനാപൂർവ്വമായ വാശത്തം എന്നു പറഞ്ഞതിന്റെ താല്പര്യമെന്ത്?

നാം വാശത്തം ചെയ്യുന്ന കാര്യത്തിന്റെ സൂക്ഷ്മമായ അറിവും, നമ്മുടെ പൂർണ്ണമായ സമ്മതവും സ്വാതന്ത്ര്യവും വ്രതത്തിനാവശ്യമാണെന്നാണ് മേല്പറഞ്ഞതിന്റെ താല്പര്യം.

വല്ലൊരു സഭയിലൊ സമൂഹത്തിലൊ പ്രവേശിക്കുന്നയാൾ വ്രതാനുഷ്ഠാനംമൂലം തനിക്കു ഉളവാകുന്ന കടമകൾ എന്തെല്ലാം എന്നു വ്യക്തമായി അറിയേണ്ടതാകുന്നു. നവസന്ന്യാസകാലത്തിന്റെ ഒരു ഉദ്ദേശ്യംതന്നെ ഇതാണ്.

ഇങ്ങനെതന്നെ, താൻ അനുസരിപ്പാൻ പോകുന്ന ജീവിതമുറയെക്കുറിച്ചു പഴ്ച്ചാലോചിക്കയും, തന്റെ മനസ്സിനെ പരിശോധിക്കയും തന്റെ ശക്തിയെ പരിക്ഷിക്കയും ചെയ്യേണ്ടതാവശ്യമത്രെ. ഇത് നവസന്ന്യാസത്തിന്റെ രണ്ടാമത്തെ ഉദ്ദേശ്യമാകുന്നു.

വ്രതങ്ങൾ അനുഷ്ഠിക്കുന്നതിനു സ്വാതന്ത്ര്യം ആവശ്യമാകയാൽ നിർബന്ധത്താലൊ മനുഷ്യരുടെമേലുള്ള വലിയതും അന്യായമായതുമായ ഭയം നിമിത്തമൊ വ്രതങ്ങൾ ചെയ്യപ്പെട്ടമെങ്കിൽ, അവ വ്യർത്ഥവും യോഗ്യതയറ്റതുമായിരിക്കും എന്നതും സ്മരണീയമത്രെ.

4. ദൈവത്തോട് ചെയ്യപ്പെടുന്ന ഒരു വാശത്തം എന്നു പറയുന്നതെന്തുകൊണ്ട്?

വ്രതം ദൈവത്തിനുമാത്രം ചെയ്യപ്പെടേണ്ട ആരാധനയുടെ ഒരു പ്രവൃത്തിയാകകൊണ്ടാണ്. വ്രതങ്ങൾ മനുഷ്യരോട്, ഖണ്ഡിതമായി പറഞ്ഞാൽ പരി. ദൈവജനനിയോട് തന്നെയോ പുണ്യവാന്മാരോടൊ, ചെയ്യപ്പെടാൻ പാടുള്ളതല്ല.

ആകയാൽ തന്റെ വ്രതങ്ങളുടെ കടമ എത്രയും അലംഘനീയമാണെന്നും, ഈ കടമ ഒരിക്കൽ ഏറ്റു കഴിഞ്ഞാൽ അസ്ഥിരതയുടെ എല്ലാ വിചാരത്തെക്കുടെയും തള്ളിക്കളയാൻ തനിക്കു കടമയുണ്ടെന്നും സന്ന്യാസി ഗ്രഹിച്ചിരിക്കണം. ഈ വ്രതങ്ങളിൽനിന്നു ഒഴിവുകൊടുക്കുന്നതിനുള്ള അധികാരം ദൈവം തന്റെ തിരുസ്സഭയ്ക്കു നൽകീട്ടുണ്ടെങ്കിലും, തന്റെ നാമത്തിൽ

ഈ അർഹത പ്രയോഗിക്കുന്നവർ, ദൈവികാവകാശങ്ങളെ ആദരിക്കുന്നതിനു കടപ്പെട്ടവരാകുന്നു. അത്യുന്നത സർവ്വേശ്വരനോട് ഏറ്റ ഒരു കടമയെ മനോഹിതംപോലെയോ, മനുഷ്യരുടെ ആഗ്രഹംപോലെയോ, മാറ്റം ചെയ്യാൻ അവക്ക് പാടുള്ളതല്ല.

5. ദൈവത്തോട് ചെയ്യുന്ന ഈ വാഗ്ദത്തത്തിന്റെ ഫലമെന്താകുന്നു?

വാഗ്ദത്തം എന്തായിരുന്നാലും, അതിന്റെ പൂർത്തീകരണം, സാന്മാഗ്രിക പുണ്യങ്ങളിൽവെച്ചു ഏറ്റവും വിശിഷ്ടമായ വൈദികപുണ്യത്തിന്റെ Virtue of Religion ഒരു പ്രവൃത്തിയും, അതിന്റെ ഉപേക്ഷ പ്രസ്തുത പുണ്യത്തിന്റെ ഒരു പാപകരലംഘനവും ആയിത്തീരുന്നു എന്നതത്രെ വ്രതത്തിന്റെ ഫലം.

6. വ്രതത്തിന്റെ കടമയെ കുറെക്കൂടെ വിശദമായി വിവരിക്കുക.

ഒരുവൻ തന്റെമേൽതന്നെ സ്വമനസ്സാലെ ചുമത്തുന്ന ഒരു കടമയത്രെ വ്രതം. അതിനാൽ നാം നമ്മെത്തന്നെ ഏറ്റമാത്രം കടപ്പെടുത്തുവാൻ മനസ്സാകുമോ അത്രമാത്രമേ വ്രതം നമ്മെ കടപ്പെടുത്തുകയുള്ളു. ഈ വ്രതത്തിന്റെ വിഷയമായിരിക്കുന്ന സാധനത്തെക്കുറിച്ചും, സമയം, ഫലം, വിധം ഇത്യാദി സാഹചര്യങ്ങളെക്കുറിച്ചും, എന്നതനുസരിച്ചല്ല നമ്മുടെ മേൽ ചുമത്തിയിരിക്കുന്ന കടത്തിന്റെ സ്വഭാവത്തെക്കുറിച്ചും പറയേണ്ടിയിരിക്കുന്നു. ഈ കടപ്പാട് ചാവുദോഷത്തിൻ കീഴോ പാപദോഷത്തിൻ കീഴോ നമ്മുടെ മനസ്സുപോലെ മാത്രമേ നമ്മെ കടപ്പെടുത്തുകയുള്ളു.

7. ഒരു സന്യാസസഭയിൽ പ്രവേശിക്കുന്നയാളിനു താൻ അനുഷ്ഠിക്കുന്ന വ്രതങ്ങൾക്കു യഥേഷ്ടം ഇപ്രകാരം അത്യന്തി വെപ്പാൻ സ്വാതന്ത്ര്യമുണ്ടോ?

ഇല്ല. എന്തുകൊണ്ടെന്നാൽ ലൗകികാധികാരത്തിനു് ഉടമ്പടികൾ സംബന്ധമായി എന്തർഹതയുണ്ടോ അതേ അർഹതതന്നെ വ്രതങ്ങൾ സംബന്ധമായി സഭാധികാരത്തിനുണ്ടു്. ഈ അധികാരത്തിനു വ്രതങ്ങളെ അസ്ഥിരപ്പെടുത്തുവാൻ തക്ക വ്യവസ്ഥകളെ സ്ഥാപിക്കുവാൻ കഴിയും; ഇങ്ങനെ വ്രതങ്ങൾ നിശ്ചയിക്കുന്ന വ്യവസ്ഥാനുസരണം അവ തിരുസ്സഭയാലും നാം

ചേരുന്ന സഭയുടെ ക്രമത്താലും ക്ലിപ്തപ്പെടുത്തപ്പെട്ട അർത്ഥത്തിൽ അനുഷ്ഠിക്കപ്പെടണം. ഈ കടമകളെ ഏൽക്കുന്നതിനോ ഏൽക്കാതിരിക്കുന്നതിനോ നമുക്കു സ്വാതന്ത്ര്യമുണ്ടെങ്കിലും, ഇതുകളെ വിസ്മൃതിയിലാക്കുന്നതിനോ ചുരുക്കുന്നതിനോ നമുക്കു സ്വാതന്ത്ര്യമില്ല.

8. സന്ന്യാസവ്രതങ്ങൾ ചുമത്തുന്ന കടമ എപ്രകാരമുള്ളതാണു്?

സാമാന്യം സന്ന്യാസവ്രതങ്ങൾ ചാവുദോഷത്തിൻ കീഴിലേക്കു കടപ്പെടുത്തുന്നതു്. എന്നുവരികിലും സാധന ലഘുത്വമോ ആലോചനയുടെയും സമ്മതത്തിന്റെയും ന്യൂനതയോ നിമിത്തം വ്രതലംഘനം ചാവുദോഷം മാത്രമാകാം. ശ്രദ്ധയോ മനസ്സോ അശേഷം ഇല്ലാതിരുന്നാൽ കഠിനം ഒട്ടുംതന്നെയുമുണ്ടാകയില്ല.

9. വ്രതത്തെ പൂർത്തീകരിക്കുന്നതിനു് നാം എല്ലായ്പോഴും കടപ്പെട്ടവരാണോ?

ഉവ്വു്. വ്രതം അസാദ്ധ്യമായിത്തീരുകയോ, നമ്മുടെ കടമയിൽനിന്നു ന്യായപ്രകാരം നാം വിമോചിക്കപ്പെടുകയോ ചെയ്യാത്തപ്പോഴൊക്കെയും അതിനെ പൂർത്തീകരിക്കുന്നതിനു് നാം കടപ്പെട്ടവരത്രേ.

10. വ്രതത്തിൽനിന്നു നാം എപ്പോഴാണു് ന്യായപ്രകാരം വിമോചിക്കപ്പെടുക?

വ്രതവും തജ്ജന്യമായ കടമകളും ശരിയായ അധികാരത്താലല്ലാതെ വാസ്തവമായി വിമോചിക്കപ്പെടുവാൻ പാടുള്ളതല്ല. മാത്രമല്ല, ഇതിനു ന്യായമായ കാരണങ്ങളും വേണ്ടതാണു്. എന്തുകൊണ്ടെന്നാൽ, ഇതു ദൈവത്തോടു ചെയ്യപ്പെടുന്ന ഒരുടമ്പടിയുടെ കാര്യമാകയാൽ, തന്റെ സ്ഥാനപതിയായ മനുഷ്യനു് മതിയാകുന്ന ന്യായമില്ലെങ്കിൽ ഇപ്രകാരം ഉടമ്പടിയെ അസ്ഥിരപ്പെടുത്തുവാൻ പാടുള്ളതല്ല.

11. വ്രതത്തിൽ നിന്നൊഴിയുന്നതിനു തട്ടിപ്പോ കള്ള ന്യായങ്ങളോ പ്രയോഗിക്കുന്നവനെക്കുറിച്ചു എന്തു പറയണം?

അവന്റെ വ്രതത്തിൽനിന്നുള്ള വിമോചനം അവാസ്തവമായിരിക്കും. തന്നിമിത്തം വ്രതത്തിന്റെ കടമകൾ നിലനിൽക്കുന്നതുമായിരിക്കും.

12. തന്റെ ദുർവ്യാപാരത്താൽ വ്രതത്തിൽനിന്നു് തന്നെ ഒഴിവാക്കുന്നതിനു അധികാരികളെ നിർബന്ധിക്കുന്ന ഒരു സന്ന്യാസിയെക്കുറിച്ചു എന്തു പറയണം.

അവൻ ഘനമായി ദൈവത്തെ ഉപദ്രവിക്കുന്നു. എങ്കിലും അവനെ തള്ളിക്കളയുന്നതിനു സഭയ്ക്കു മതിയായ ന്യായമുണ്ടായിരിക്കയാൽ അവന്റെ വിടുതൽ വാസ്തവമായിരിക്കും.

വ്രതങ്ങളുടെ വിമോചനം, അസ്ഥിരമാക്കൽ, പരസ്പരമാറ്റം ഇവയെക്കുറിച്ചു സവിസ്തരം ഇവിടെ വിവരിപ്പാൻ ഉദ്ദേശിക്കുന്നില്ലെങ്കിലും രണ്ടു ജ്ഞാപനങ്ങൾ താഴെച്ചേർക്കുന്നു.

a) വ്രതങ്ങളിൽനിന്നു ശരിയായി ഒഴിവുകൊടുപ്പാനുള്ള അധികാരം വൈദികാധികാരത്തിനുമാത്രം ചേരുന്നതാകുന്നു. ആലോചനവ്രതങ്ങളിൽനിന്നും നിത്യമായതും പൂർണ്ണമായതുമായ കന്യാവ്രതത്തിൽനിന്നും ഒഴിവാക്കുവാൻ മാപ്പാപ്പായ്ക്കു മാത്രമേ അധികാരമുള്ളൂ. എങ്കിലും, അംഗീകരിക്കപ്പെട്ട ക്രമചട്ടത്താൽ ഈ സംഗതി സംബന്ധിച്ചു നിയമങ്ങളുള്ള ഒരു സന്ന്യാസസമൂഹത്തിൽ ശ്രേഷ്ഠന്മാർക്കു, സഭയുടെ സാമാന്യവ്രതങ്ങളെ വിമോചിക്കുന്നതിനധികാരമില്ലെങ്കിലും, ഒരു സന്ന്യാസിയെ ന്യായമായി തള്ളിക്കളയുന്ന പ്രവൃത്തിയാൽത്തന്നെ, ആ വ്രതങ്ങളെ അസ്ഥിരപ്പെടുത്തുവാൻ അധികാരമുണ്ട്. സഭയിൽ പ്രവേശിക്കയിൽ ചെയ്യുന്ന മറ്റൊരുണ്ടു വ്രതങ്ങളെപ്പോലെമാത്രം ചെയ്യപ്പെട്ടിട്ടുള്ള കന്യാവ്രതവും ഈ സന്ദർഭത്തിൽ അസ്ഥിരമാക്കപ്പെടുന്നു.

b) ഏതെങ്കിലും സഭയിലോ സമുദായത്തിലോ ശ്രേഷ്ഠൻ സന്ന്യാസഭവനത്തിന്റെ തലയായിരിക്കുന്നു മുഴുവൻ കൂട്ടത്തിനോ സ്വന്ത അധികാരാർഹതകൾക്കോ ഉപദ്രവകരമായി തന്റെ കീഴുള്ളവർ ചെയ്യുന്ന എല്ലാ തനി നേർച്ചകളെയും അസ്ഥിരമാക്കുന്നതിനോ കുറഞ്ഞപക്ഷം നിർത്തിവെക്കുന്നതിനോ, അയാൾക്കു അധികാരമുണ്ട്. കൂടാതെയും, സന്ന്യാസാനുഷ്ഠാനത്തിനു ഉപദ്രവകരമായി ഭവിക്കുന്ന നേർച്ചയേതെങ്കിലും അധികം നല്ല ഒരു പ്രവൃത്തിയുടെ വാഗ്ദത്തം അല്ലായ്കയാൽ അല്ല സാക്ഷാൽ അവാസ്തവം തന്നെയും ആയിരിക്കും.

13. വ്രതം അതിന്റെ പ്രതികൂലത്തെക്കാൾ ശ്രേഷ്ഠമായ ഒരു പ്രവൃത്തിയെക്കുറിച്ചു ദൈവത്തോടു ചെയ്യുന്ന ഒരു വാഗ്ദത്തമാകുന്നു എന്നു പറയുന്നതെന്തുകൊണ്ട്?

എന്തെന്നാൽ, വ്രതത്തിന്റെ അന്ത്യം ദൈവത്തിനു പ്രത്യേകമായ ആരാധന ചെയ്യണം എന്നതാകുന്നു. എന്നാൽ വാഗ്ദത്തം ചെയ്യപ്പെട്ട വസ്തു അതിന്റെ പ്രതികൂലത്തെക്കാൾ കൂടുതൽ നല്ലതല്ലെങ്കിൽ ഈ അന്ത്യം സാദ്ധ്യമായി വരുന്നതല്ല.

14. ദൈവത്തിനായി അനുഷ്ഠിക്കപ്പെടാവുന്ന അധികം നല്ല പ്രവൃത്തികൾ ഏവയാകുന്നു?

ഒരു വ്രതത്തിന്റെ സാധനമായി തീരാവുന്ന പ്രവൃത്തികൾ മൂന്നുതരമാണ്:-

മുമ്പേതന്നെ കടപ്പെട്ടതല്ലാത്ത പ്രവൃത്തികൾ – സൽബുദ്ധിക്കുത്തരമായ പ്രവൃത്തികൾ– താനേതന്നെ ഗുണാഗുണമറ്റ പ്രവൃത്തികൾ.

a) മുമ്പേതന്നെ കടപ്പെട്ടിരിക്കുന്ന ഒരു പ്രവൃത്തിയിൽ യാതൊരു പ്രമാണത്താൽ അതിനുള്ള കടമസ്ഥം പുറമെ, വ്രതപരമായ ഒരു കടമക്കുടെയും വ്രതം വരുത്തുന്നു. ഇതിനാൽ ഈദൃശമായ പ്രവൃത്തിയുടെ പൂർത്തീകരണത്തിനു രണ്ടു തരത്തിലുള്ള സാമഗ്ര്യനന്മയും യോഗ്യതയുമുണ്ടാകുന്നു. അതുപോലെതന്നെ, അതിന്റെ ലംഘനവും രണ്ടു വെവ്വേറെ കുറ്റങ്ങളും ശിക്ഷകളും അടക്കിക്കൊള്ളുന്നു. ഇങ്ങനെ ദൈവത്തിന്റെ ന്യായപ്രമാണത്തെ അനുസരിക്കുന്നതിനായി വ്രതം ചെയ്തിരിക്കുന്ന ഒരുവൻ അതിനെ ലംഘിപ്പാൻതോന്നുന്ന പരീക്ഷയേറ്റു മുട്ടുമ്പോൾ ആ പ്രമാണത്തെ അനുസരിക്കുന്നതിനുള്ള യോഗ്യതയ്ക്കുപുറമെ, വൈദിക പുണ്യത്തിന്റെ യോഗ്യതയെക്കൂടെ കൂട്ടുകയും, ഇങ്ങനെ അവന്റെ പ്രവൃത്തി അധികം നല്ലതായി ഭവിക്കയും ചെയ്യുന്നു. എന്നാൽ തന്റെ വ്രതത്തെ അവൻ ലംഘിക്കുന്നപക്ഷം, പ്രമാണത്തിനെതിരായ പാപംകൂടാതെ, വൈദിക പുണ്യത്തിനെതിരായി ദൈവദ്രോഹം എന്ന വേറൊരു പാപവുംകൂടെ കൂട്ടുന്നു.

b) പ്രവൃത്തി സൽബുദ്ധിക്കുത്തരമായതു മാത്രമാകുമ്പോൾ, ഉദാഹരണമായി ഒരുവനു വിവാഹം കഴിപ്പാൻ സ്വാതന്ത്ര്യമുള്ളപ്പോൾ വിവാഹം കഴിക്കാതിരിക്കുന്നെങ്കിൽ വ്രതം താനേതന്നെ അധികം നല്ലതായ ഒരു കാര്യത്തിനു ഒരു പുതിയ വൈശിഷ്ട്യം കൂട്ടുകയാണു ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ, സൽബുദ്ധിക്കുത്തരമായതും പരിപൂർണ്ണതയ്ക്കുത്തരമായതുമായതിനെ ചെയ്യുന്നതു അധികം നല്ല ഒരു പ്രവൃത്തിതന്നെയാകുന്നു. എന്നാൽ വ്രതംവഴിയായി ഒരുവൻതന്നെ അതിനു കടപ്പെട്ടുമ്പോൾ അതു കൂടുതൽ വിശിഷ്ടമായ ഒരു പ്രവൃത്തിയായിത്തീരുന്നു.

c) ഒരു പ്രവൃത്തി താനേതന്നെ ഗുണാഗുണമറ്റതായിരിക്കുമ്പോൾ, അതു ചെയ്യുന്നതിൽ നമുക്കുണ്ടാകാവുന്ന പുണ്യകരുതലിനും പുറമെ, അതിനെ സാക്ഷാൽ നല്ലതും സമ്മാനാർഹ

വുമാക്കിത്തിക്കുന്നതിനു്, കൂടുതൽ ശ്രേഷ്ഠമായ വേറൊരു മാർഗ്ഗവുമുണ്ടു്. ഈ മാർഗ്ഗം ആ പ്രവൃത്തി വ്രതനിഷ്ഠയോടെ ചെയ്യുന്നതത്രെ. എന്തെന്നാൽ, അപ്പോൾ അതു വൈദികപുണ്യത്തിന്റെ ഒരു പ്രവൃത്തിയായിത്തീരുന്നു. ഇതിനാൽ സന്യാസത്തിൽ ജീവിക്കുന്നവർക്കു് മൂന്നു വ്രതങ്ങളുടെ വിഷയങ്ങളാകുന്ന പുണ്യങ്ങളുടെ അഭ്യസനത്തിൽനിന്നും നേരെ ലഭിക്കുന്ന യോഗ്യതകൾക്കും പുറമേ, സ്വതേ പുണ്യപ്രവൃത്തികളല്ലാത്ത ഇണാഹണമറ്റ പ്രവൃത്തികൾക്കുപോലും അവ കീഴ്വഴക്കം വഴിയായി ചെയ്യപ്പെടുക നിമിത്തം ധാരാളമായ യോഗ്യത ലഭിക്കുന്നതാണു് എന്നതു സ്മരണീയമാണു്.

ഇതിനാലത്രെ സന്യാസി Religious വേദഭക്തൻ എന്ന വിശിഷ്ടനാമത്താൽ അറിയപ്പെടുന്നതു്. മറ്റുള്ള ക്രിസ്ത്യാനികൾ ഇടയ്ക്കിടെ മാത്രമെ വൈദികപുണ്യം അഭ്യസിക്കുന്നുള്ളു. സന്യാസിയോ എന്നാൽ ഈ പുണ്യത്തിന്റെ ഇടവിടാതെയുള്ള അഭ്യാസത്തിലത്രെ ജീവിക്കുന്നതു്. തന്റെ ആയുഷ്കാലം മുഴുവനും മിക്കവാറും താനറിയാതെതന്നെ ഒരു ഹോമബലിയായിത്തീരുകയും ഇതിൽ യാതൊന്നും ഒഴിക്കാതെ മുഴുവനും ദൈവശുശ്രൂഷയ്ക്കായി അയാൾ പ്രതിഷ്ഠിക്കയും ചെയ്യുന്നു.

അദ്ധ്യായം ൨

സന്യാസവ്രതങ്ങളുടെയും പുണ്യപൂർണ്ണജീവിതത്തിന്റെയും വൈശിഷ്ട്യം.

* 15. പലതരം വ്രതങ്ങളുണ്ടോ? അവയിൽ അധികം സമ്മാനാർഹമായവ ഏവ?

വ്രതങ്ങൾ പലതരമുണ്ടു്. അവയെല്ലാം വിശദീകരിക്കുന്നതിനു ഇവിടെ ഉദ്ദേശിക്കുന്നില്ല. ദൈവത്തെ പ്രസാദിപ്പിക്കുന്ന എല്ലാ വ്രതങ്ങളിലുംവെച്ചു് ഏറ്റം യോഗ്യതയുള്ളവ, സുവിശേഷ സൽബുദ്ധികളെയടക്കിക്കൊള്ളുന്ന മൂന്നു സന്യാസവ്രതങ്ങളാകുന്നു. അതായതു്: സന്യാസത്തിൽ അനുഷ്ഠിക്കപ്പെട്ടുന്ന ദാരിദ്ര്യം, വിരക്തി, കീഴ്വഴക്കം എന്നീ മൂന്നു വ്രതങ്ങളാണു്

വേദശാസ്ത്രജ്ഞന്മാർ സന്ന്യാസവ്രതാനുഷ്ഠാനത്തെ മാ, മ്മോദിസായോടും, വേദസാക്ഷിത്വത്തോടും തുല്യപ്പെടുത്തുന്നതുകൊണ്ടാണ് സന്ന്യാസവ്രതങ്ങൾ അത്ര വിശിഷ്ടങ്ങളാകുന്നു. രണ്ടാം അലക്സാണ്ടർ മാപ്പാപ്പാ പ്രസ്താവിക്കുംവണ്ണം മുമ്പിലുള്ള ഏതൊരു നേർച്ചയാലും വന്നിരിക്കുന്ന കടമകളെയെല്ലാം അതിരമാക്കുന്നതിനുള്ള ശക്തി സന്ന്യാസവ്രതങ്ങൾക്കുണ്ട്. ഇതിനുള്ള മുഖ്യകാരണം മുൻപ്രസ്താവിച്ചിട്ടുള്ളതുപോലെ, സന്ന്യാസവ്രതാനുഷ്ഠാനംവഴിയായി നാം ദൈവത്തിനു സകലത്തെയും സമർപ്പിക്കുന്നു; മറ്റു വ്രതങ്ങളാലാവട്ടെ നാം ചില പ്രത്യേക സൽപ്രവൃത്തികളെ മാത്രമേ തനിക്കു സമർപ്പിക്കുന്നുള്ളു എന്നതാകുന്നു. മാത്രമോ? വ്യക്തിപരമായ പ്രത്യേക സുകൃതാഭ്യാസങ്ങൾ സന്ന്യാസത്തിലെ പൊതുജീവിതത്തിനു പലപ്പോഴും യോജിക്കുകയില്ല; ചിലപ്പോൾ സന്ന്യാസക്രമാനുസരണത്തിനു ഉപദ്രവകരമായിപോലും ഭവിക്കുകയും ചെയ്യും.

എന്നിരുന്നാലും, സഭയിലെ സാമാന്യ വ്രതങ്ങൾ മുമ്പിലത്തെ നേർച്ചകളുടെ കടമയെ നിർത്തിവെയ്ക്കുകയേ ചെയ്യുന്നുള്ളു. അതുകൊണ്ട്, ഒരു സന്ന്യാസി സഭയെ ഉപേക്ഷിക്കുന്നപക്ഷം, പ്രസ്തുത നേർച്ചകൾ അവയുടെ മുമ്പിലത്തെ ശക്തിയെല്ലാം വീണ്ടെടുക്കുമെന്നു സന്ന്യാസി അറിഞ്ഞിരിക്കണം.

* 16. സന്ന്യാസവ്രതങ്ങളുടെ വിശേഷതയെ സംപൂർണ്ണമായി വിവരിക്കുക.

മറ്റെല്ലാ വ്രതങ്ങളെയുംകാൾ സന്ന്യാസവ്രതങ്ങൾക്കുള്ള അതിശ്രേഷ്ഠത സന്ന്യാസജീവിതാവസ്ഥ അഥവാ പൂർണ്ണപൂർണ്ണതയുടെ ജീവിതാവസ്ഥ സന്ന്യാസവ്രതങ്ങളിലടങ്ങിയിരിക്കുന്നു എന്നതത്രെ.

17. സന്ന്യാസജീവിതാവസ്ഥ എന്താകുന്നു?

അതു പൂർണ്ണപൂർണ്ണതയ്ക്കായി യത്നിക്കുന്നതിനു നാം വരിഞ്ഞൊക്കുന്ന ഒരു ജീവിതസ്ഥിതിയാകുന്നു. അതായതു്, തിരുസഭയാൽ അംഗീകരിക്കപ്പെട്ടതും, ക്രിസ്ത്യാനികൾ ഒരു സന്ന്യാസസമൂഹമായി യോജിച്ചു അതിലെ ക്രമമനുസരിച്ചു ചെയ്യുന്ന ദാരിദ്ര്യം, ബ്രഹ്മചര്യം, കീഴ്ഴക്കം എന്ന മൂന്നു വ്രതങ്ങൾ വഴിയായി പൂർണ്ണപൂർണ്ണതയ്ക്കു യത്നിക്കുന്നതിനു തങ്ങളെത്തന്നെ ചുമതലപ്പെടുത്തുന്നതുമായ ഒരു ജീവിതമുറയാകുന്നു സന്ന്യാസജീവിതാവസ്ഥ.

* 18. ഒരുവൻ എല്ലായ്പോഴത്തേക്കുമായി തന്നെ ചുമലപ്പെടുത്തുന്ന ഒരു ജീവിതമുറ എന്നു പറയുന്നതെന്തുകൊണ്ട്?

എന്തെന്നാൽ, ഒരു ആത്മാവു തന്നെത്തന്നെ സ്ഥാപിക്കുന്ന ഈ സ്ഥിരമായ ജീവിതമുറയിലും, ദൈവശുശ്രൂഷക്കായി തന്റെമേൽ ചെക്കുന്ന ഈ ഭാഗ്യമായ നിർബന്ധത്തിലുമത്രെ സന്ന്യാസജീവിതത്തിന്റെ വിശേഷത മുഖ്യമായി അടങ്ങിയിരിക്കുന്നത്. എന്നാൽ വിവാഹജീവിതത്തിന്റെ സ്ഥിരത കല്യാണ ഉടമ്പടിയുടെ ഫലമായിരിക്കുന്നതുപോലെ തന്നെ, ഈ സന്ന്യാസത്തിന്റെ സ്ഥിരതയും വ്രതങ്ങളുടെ കടമയിൽ നിന്നത്രെ ഉത്ഭവിക്കുന്നത്. ഇതിനാലാണ് സന്ന്യാസവ്രതാനുഷ്ഠാനം ഈശോമിശിഹായോടുള്ള ആത്മാവിന്റെ ഒരു ഐക്യം എന്നു ന്യായമായി വിളിക്കപ്പെടുകയും ആയാത്മാവു് തന്റെ മണവാട്ടിയായിത്തീരുകയും ചെയ്യുന്നത്.

ആകയാൽ ക്രിസ്തീയ പുണ്യങ്ങൾ അഭ്യസിക്കുന്നതിനുള്ള മനസ്സോട്ടുകൂടെത്തന്നെയായിരുന്നാലും, ഒരാൾ ഒരൽമ്മേനിയായിരിക്കുന്നതിനെക്കാൾ സന്ന്യാസിയായി ജീവിക്കുന്നതുകൊണ്ടു ദൈവസ്തുതിക്കും സ്വന്ത വിശുദ്ധീകരണത്തിനുംവേണ്ടി കൂടുതൽ പരിയത്നിക്കുന്നുവെന്നു നിസ്സംശയം പറയാം. ഇതിനാൽത്തന്നെയാണ് ഒരുവൻ ലോകത്തിൽ അനേകവർഷം അതികഠിനമായ പ്രായശ്ചിത്തങ്ങൾചെയ്തു ജീവിക്കുന്നതിനെക്കാൾ സന്ന്യാസത്തെ ആശ്ലേഷിക്കുന്നതു കൂടുതൽ നല്ലതാകുന്നു എന്നു വി. തോമ്മാമല്ലാൻ പഠിപ്പിക്കുന്നത്. എന്നുവരികിലും, സാക്ഷാൽ വിശുദ്ധി നൽകുന്നതു വെറും സന്ന്യാസമല്ലെന്നും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെയുള്ള യോഗ്യത വ്രതങ്ങൾ ചെയ്യുന്നതിനെക്കാൾ അധികമായി അവയെ കാക്കുന്നതിലത്രെ അടങ്ങിയിരിക്കുന്നതെന്നും സന്ന്യാസികളോർക്കണം.

19. ഈ ജീവിതരീതിയും, ജീവിതാവസ്ഥയും തിരുസ്സഭയാൽ അംഗീകരിക്കപ്പെട്ടതായിരിക്കണം എന്നതിന്റെ ആവശ്യമെന്ത്?

എന്തെന്നാൽ, ഒരു ജീവിതരീതി സുവിശേഷ വിശുദ്ധിക്കു യഥാർത്ഥമായി യോജിക്കുന്നതാണോ അല്ലയോ എന്നു വിധിക്കുന്നതും, സന്ന്യാസക്രമത്തെ ഏർപ്പെടുത്തുന്നതും, അതിലെ അധികാരങ്ങളെയുറപ്പിക്കുന്നതും, അതിന്റെ കടമകളെയെല്ലാം സ്ഥിരീകരിക്കുന്നതും തിരുസ്സഭയെ സംബന്ധിക്കുന്ന കാര്യമാണ്.

മറ്റപ്രകാരമുള്ള ഒരു സന്ന്യാസസഭയ്ക്കു മാപ്പപ്പായുടെ അംഗീകരണം അവശ്യാവശ്യമാണ്. എന്നാൽ സാമാന്യമായ ഒരു സന്ന്യാസസമൂഹത്തിനു് ചുരുങ്ങിയപക്ഷം മെത്രാന്റെ അംഗീകരണമെങ്കിലും ആവശ്യമത്രെ.

സന്ന്യാസസമൂഹങ്ങൾ ത്രിവിധമാണ്. a) മാപ്പപ്രകാരമുള്ള സന്ന്യാസസഭ Religious Order. ഇതിലെ അംഗങ്ങൾമാത്രം ആത്മോഷപ്രവൃത്തികൾ അനുഷ്ഠിക്കുന്നു. b) തിരുസിംഹാസനത്താൽ അംഗീകൃതമായ സന്ന്യാസസമൂഹങ്ങൾ Religious Congregations. c) രൂപതാസന്ന്യാസസമൂഹം Diocesan Congregation.

20. 'പുണ്യപൂർണ്ണതയ്ക്കു യത്നിക്കുന്നതിനു' എന്ന വാക്കുകളുടെ സാരമെന്താകുന്നു?

അവയുടെ സാരമെന്തെന്നാൽ, നാം പുണ്യപൂർണ്ണത പണ്ടേതന്നെ പ്രാപിച്ചിരിക്കുണമെന്നു സന്ന്യാസം ആവശ്യപ്പെടുന്നില്ല; പിന്നെയൊ അതു സമ്പാദിക്കുന്നതിനായി ദിവസേന ബുദ്ധിമുട്ടുന്നതിനുള്ള കടമ അതു നമ്മുടെമേൽ ചുമത്തുന്നതേയുള്ളു എന്നത്രെ. ഇതിനാൽ ഒരു സന്ന്യാസി പുണ്യാഭിവൃദ്ധി പ്രാപിക്കുന്നതിനു് താല്പര്യപ്പെടാത്തതു സ്വന്ത ജീവിതാവസ്ഥയുടെ കടമയിൽ സാരമായ ഒരു വീഴ്ചയാകുന്നു.

21. പുണ്യപൂർണ്ണതയ്ക്കായി യത്നിക്കുന്നതിനുള്ള ഈ കടമ, പ്രവൃത്തിയിൽ എന്താകുന്നു?

ക്രമം അനുസരിക്കുന്നതിനുള്ള ചുമതലയല്ലാതെ അതു വേറൊന്നുമല്ല. പുണ്യപൂർണ്ണതക്കായി യത്നിക്കുന്നതിനുള്ള മുഖ്യ മാർഗ്ഗങ്ങളായി വ്രതങ്ങളെയും രണ്ടാം തരത്തിലുള്ള മാർഗ്ഗങ്ങളായി ഒരോ ക്രമചട്ടങ്ങളെയും ക്രമം നൽകുന്നു.

* 22. ഒരു സന്ന്യാസി പ്രാപിക്കുന്നതിനായി യത്നിക്കേണ്ട പുണ്യപൂർണ്ണതയാൽ ക്രിപ്തമായി സൂചിപ്പിക്കപ്പെടുന്നതു എന്താണ്?

ഈ പുണ്യപൂർണ്ണതയാൽ പ്രഥമമായും സാരവത്തായും സൂചിപ്പിക്കപ്പെടുന്നതു ഉപവിയുടെ പരിപൂർണ്ണതയത്രെ. ഈ ഉപവിയുടെ പരിപൂർണ്ണത, നമ്മുടെ പരമാന്ത്യമായ ദൈവത്തോടു മനസ്സുവഴിയായി. നമ്മെ മുഴുവനും ചേർക്കുന്നതിലടങ്ങിയിരിക്കുന്നു. എങ്കിലും ഉപവിയുടെ സഹായികളും സഖികളുമായ മറ്റു പുണ്യങ്ങളുടെ പരിപൂർണ്ണതയെക്കൂടെയും അതു ഉൾപ്പെടുത്തുന്നു

ണ്ട്. "എല്ലാറ്റിലും മുഖ്യമായി പരിപൂർണ്ണതയുടെ ബന്ധനമായ ഉപവി നിങ്ങൾക്കുണ്ടായിരിക്കണം" എന്നു ശ്ലീഹാ ചൊല്ലിയിരിക്കുംപ്രകാരം ഉപവിയുടെ പരിപൂർണ്ണത മറ്റു പുണ്യങ്ങളെയെല്ലാം പരിപൂർണ്ണമായ ഐക്യത്തിൽ സംയോജിപ്പിക്കുകതന്നെ ചെയ്യുന്നു.

ഉപവിക്കു അതിന്റെ മൂലകാരണമായി ദൈവം മാത്രമേയുള്ളൂ. എങ്കിലും അതിന്റെ വിഷയമായി നമ്മുടെ സഹോദരങ്ങൾക്കുടെയുമുണ്ട്. അതിനാൽ ദൈവസ്നേഹം, പരസ്നേഹം എന്ന ഇരുഭാഗങ്ങളോടുകൂടിയ ഉപവിയുടെ പരിപൂർണ്ണത പ്രാപിക്കുന്നതിനായി ശ്രമിക്കുന്നതത്രെ സന്യാസിയുടെ ചുമതല.

* 23. സന്യാസത്തിൽ ഈ പരിപൂർണ്ണതയ്ക്കായി യത്നിക്കുന്നതെങ്ങിനെ?

മുൻപ്രസ്താവിച്ചിട്ടുള്ളതുപോലെ വ്രതങ്ങളുടെയും ക്രമങ്ങളുടെയും അനുഷ്ഠാനംവഴിയായിട്ടത്രെ.

* 24. വ്രതങ്ങളുടെ അനുഷ്ഠാനംവഴിയായി പുണ്യപൂർണ്ണതക്കുവേണ്ടി യത്നിക്കേണ്ടതെങ്ങനെ?

ഉപവിയും മറ്റു പുണ്യങ്ങളും മനുഷ്യഹൃദയത്തിൽ വാഴുന്നതിനു തടസ്സം ചെയ്യുന്ന മൂന്നു വലിയ വിഘ്നങ്ങളെ മൂന്നു വ്രതങ്ങൾ ദൂരീകരിക്കുന്നു. ദാരിദ്ര്യവ്രതം ദ്രവ്യാശയെയും, കന്യാവ്രതം ജഡികാശയെയും കീഴ്വഴക്കവ്രതം സ്വന്ത മനസ്സിന്റെയും അഭിപ്രായങ്ങളുടെയും ക്രമമറ്റ സ്നേഹത്തെയും ദൂരീകരിക്കുന്നു.

മാത്രമല്ല, മനുഷ്യരെ ദൈവത്തിൽനിന്നും അകറ്റുന്നതായ മൂന്നു ആകുല ചിന്തകളിൽനിന്നു ഈ വ്രതങ്ങൾ സന്യാസിയെ രക്ഷിക്കുന്നു. അതായതു്: ഐഹിക വസ്തുക്കളുടെ കൈകാര്യത്താലുളവാകുന്ന ആകുലചിന്തയും, കുടുംബഭരണത്തിൽ യോജിച്ചിരിക്കുന്ന ആകുലചിന്തയും, ഒരുവന്റെ സ്വന്ത കൃത്യങ്ങളെ ക്രമപ്പെടുത്തുന്നതു സംബന്ധമായി പലപ്പോഴുമനുഭവിക്കുന്ന ആകുലചിന്തയും.

ക്രൂരതയും, സന്യാസവ്രതങ്ങളാകുന്ന ഹോമബലിതന്നെ പരിപൂർണ്ണമായ ഉപവിയുടെ ഒരഭ്യാസമാകുന്നു. എന്തുകൊണ്ടെന്നാൽ, സന്യാസി തനിക്കു ഇഹത്തിൽ അനുഭവിപ്പാൻ പാടുള്ള സകല വസ്തുക്കളെയും വ്രതങ്ങൾ വഴിയായി ദൈവത്തിനു പൂജിക്കുന്നു. സമ്പത്തു മുതലായ ബാഹ്യവസ്തുക്കളെ ദാരിദ്ര്യവ്രതം വഴിയായും, തനതു ശാരീരിക സന്തോഷങ്ങളെ കന്യാ

വ്രതംവഴിയായും, ആത്മാവിന്റെ അന്തർംഗ വസ്തുക്കളെ കീഴ്ഗ
ക്വ്രതം വഴിയായും ദൈവത്തിനു ബലി സമർപ്പിക്കുന്നു. ഇതി
നാൽ ഈ മൂന്നു വ്രതങ്ങൾ സന്ന്യാസസഭയുടെ അഥവാ പുണ്യ
ജീവിതത്തിന്റെ സാരാംശങ്ങളാകുന്നു. ഇവയില്ലാത്ത സഭ സ
ന്ന്യാസസഭയാവുകയില്ല.

* 25. ക്രമങ്ങളുടെ അനുഷ്ഠാനം പുണ്യപൂർണ്ണതയ്ക്കു സ
ഹായമാകുന്നതെങ്ങനെ?

ക്രമങ്ങളുടെ ഒന്നാമത്തെ ഉദ്ദേശ്യം വ്രതങ്ങളുടെ അർത്ഥം
വ്യക്തമായി നിർണ്ണയിക്കുന്നതും, അവയെ സകല ഉപദ്രവത്തിൽ
നിന്നും കാത്തുകൊള്ളുന്നതും, അവയുടെ യഥാർത്ഥമായ അനുഷ്ഠാ
നവും പരിപൂർണ്ണതയും കാണിക്കുന്നതുമാകുന്നു. ക്രമങ്ങളുടെ രണ്ടാ
മത്തെ ഉദ്ദേശ്യം ഓരോസഭയ്ക്കു സ്വന്തമായ അന്ത്യത്തിനൊത്ത
വണ്ണം ഉപവിയുടെയും മറ്റു പുണ്യങ്ങളുടെയും അഭ്യാസത്തെ
നിശ്ചയിക്കുന്നതാകുന്നു. വ്രതങ്ങൾ മൂലമാകട്ടെ പാപത്തിൽ
നിന്നൊഴിഞ്ഞു നില്പാനാണല്ലൊ ഒരുവൻ പ്രധാനമായും യത്നി
ക്കുന്നതു്. അതിനാൽ, ക്രമങ്ങളുടെ വിശ്വസ്തമായ പാലനം വ്രത
ങ്ങളുടെ അനുസരണത്തെക്കാൾ നിരന്തരവും ഉന്നതവുമായ
പരിപൂർണ്ണതയുടെ ഒരഭ്യാസമാകുന്നു എന്നാണു പറയേണ്ടതു്.

26. "സഭാക്രമം അനുസരിച്ചനുഷ്ഠിക്കുന്ന വ്രതങ്ങൾ"
എന്ന വാക്കുകൾ ക്രട്ടിയതിന്റെ താല്പര്യമെന്തു്?

അതിന്റെ താല്പര്യം, മൂന്നു സന്ന്യാസ വ്രതങ്ങൾ എല്ലാ
സന്ന്യാസസഭകളിലുമുണ്ടെന്നുവരികിലും, അവയുടെ വിഷയം ഓരോ
സഭയ്ക്കുള്ളതാവണ്ണം വിസ്തീർണ്ണത ക്രടിയതും കുറഞ്ഞതുമായിരിക്കും
എന്നുള്ളതാണു്.

ഇതുനിമിത്തം, ഓരോരോ സഭകളിൽ അഥവാ സന്ന്യാ
സ സമൂഹങ്ങളിൽ അനുഷ്ഠിക്കേണ്ട വ്രതങ്ങൾക്കു സഭാക്രമ
ത്താൽ നിശ്ചയിക്കപ്പെടുന്ന അർത്ഥം എന്താകുന്നുവെന്നു് സൂക്ഷ്മ
മായി അറിയേണ്ടതു് സന്ന്യാസിക്കു ഏറ്റം സാരമുള്ള കാര്യ
മാകുന്നു.

അദ്ധ്യായം ൧൨

സന്യാസവ്രതങ്ങളുടെ വിവിധ തരങ്ങൾ

27. സന്യാസവ്രതങ്ങളെല്ലാം ഒരേതരത്തിലുള്ളവയാണോ?

അല്ല. സന്യാസവ്രതങ്ങൾ ആഘോഷവ്രതങ്ങളായും Solemn Vows സാമാന്യവ്രതങ്ങളായും Simple Vows വിഭജിക്കപ്പെട്ടുന്നു. സാമാന്യവ്രതങ്ങൾ, വിവിധസന്യാസസമൂഹങ്ങളിൽ അവയെ തിരുസ്സഭ അംഗീകരിച്ചിരിക്കുന്നവിധം നിത്യമായവയും Perpetual അനിത്യമായവയും Temporary ആകുവാൻ പാടുണ്ട്.

28. ആഘോഷമായ സന്യാസവ്രതങ്ങൾ എന്താകുന്നു? സാമാന്യവ്രതങ്ങളെന്താകുന്നു?

പൂർണ്ണമായ വിധത്തിലനുഷ്ഠിക്കപ്പെടുകയും, തിരുസ്സഭയാലോ തിരുസഭയുടെ നാമത്തിൽ യാതൊരു സന്യാസസഭയാലോ സ്വീകരിക്കപ്പെടുകയും ചെയ്യുന്ന നിത്യമായ വ്രതങ്ങളാകുന്നു ആഘോഷവ്രതങ്ങൾ. ഇതുകാരണം അവ സാധാരണമായ വിമോചനം കൈക്കൊള്ളത്തക്കവയല്ല. മുൻപ്രകാരമുള്ള സന്യാസസഭകളിൽ മാത്രമേ ആഘോഷവ്രതങ്ങൾ അനുഷ്ഠിക്കപ്പെടുന്നുള്ളൂ.

ആഘോഷവ്രതങ്ങളിലും അല്പം പൂർണ്ണത കുറഞ്ഞപ്രകാരം മാത്രം തിരുസ്സഭ സ്വീകരിക്കുന്നതും, ആഘോഷവ്രതങ്ങളായി അംഗീകരിക്കാത്തതുമായ വ്രതങ്ങളത്രെ സാമാന്യവ്രതങ്ങൾ.

സന്യാസവ്രതങ്ങൾ സംബന്ധിച്ചു ഉരുതരം ആഘോഷങ്ങളെ വേർതിരിക്കാറുണ്ട്. ഒന്നു ആകസ്മികവും, മറ്റൊന്നു സാരവത്തായതും. ആകസ്മികാഘോഷം സാമാന്യവ്രതങ്ങൾ ചെയ്യുമ്പോൾക്കൂടെയും കണ്ടുവരാറുള്ള ബാഹ്യകർമ്മങ്ങളിലും ഘോഷങ്ങളിലും അടങ്ങിയിരിക്കുന്നു. സാരവത്തായ ആഘോഷം, ബാഹ്യകർമ്മങ്ങളിൽ ആശ്രയിക്കാതെ തിരുസ്സഭയുടെ മനസ്സിനെമാത്രമത്രെ ആശ്രയിച്ചിരിക്കുന്നതു്.

29. സാമാന്യവ്രതവും, ആഘോഷവ്രതവും തമ്മിലുള്ള പ്രധാന വ്യത്യാസമെന്തു്?

അനിത്യമോ നിത്യമോ ആയ സാമാന്യവ്രതം, വ്രതത്തിനെതിരായ പ്രവൃത്തികളെ പാപകരമാക്കുന്നുവെന്നല്ലാതെ,

പ്രത്യേകമായ മുൻവ്യവസ്ഥയില്ലാത്തപക്ഷം, അസാധുവാക്കുന്നില്ല. ആത്മോഷ്മപ്രതമാകട്ടെ താഴ്ശപ്രവൃത്തികളെ സാമാന്യമായി അസാധുവാക്കുകകൂടെയും ചെയ്യുന്നു.

സാമാന്യമായ ദാരിദ്ര്യവ്രതം അനുഷ്ഠിച്ച ഒരു സന്യാസി സ്വന്തം പിതൃധനത്തിൽനിന്നും ഒരു ഭാഗം അനുമതിക്കുടാതെ ആക്കെങ്കിലും ദാനമായി കൊടുക്കുന്നപക്ഷം അയാൾ ദാരിദ്ര്യവ്രതത്തിനു വിരോധമായി പിഴയ്ക്കുന്നു. എങ്കിലും ദാനം സാധുവായിരിക്കും. എന്നാൽ ആത്മോഷ്മപ്രതം അനുഷ്ഠിച്ച ഒരു സന്യാസി ശ്രേഷ്ഠാനുമതി കൂടാതെ ആക്കെങ്കിലും ഏതെങ്കിലും ദാനമായി നൽകുന്നപക്ഷം, അയാൾ വ്രതത്തിനു വിരോധമായി പിഴക്കുന്നുവെന്നു മാത്രമല്ല, ആ ദാനം അസാധുവായിരിക്കുന്നതും, അതു സ്വീകരിച്ചയാൾ ആ ദാനം മടക്കിക്കൊടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

ഇങ്ങനെതന്നെ, സാമാന്യവിരക്തവ്രതം അനുഷ്ഠിച്ച ഒരാൾ വിവാഹം കഴിക്കുന്നപക്ഷം, വ്രതത്തിനു വിരുദ്ധമായി പിഴക്കുന്നുവെങ്കിലും വിവാഹം സാധുവായിരിക്കും. ആത്മോഷ്മവിരക്തവ്രതമനുഷ്ഠിച്ച ഒരാളാകട്ടെ വിവാഹം കഴിക്കുന്നതായാൽ വ്രതത്തിനു വിരുദ്ധമായി പിഴക്കുന്നതിനും പുറമെ വിവാഹം അസാധുവായിരിക്കുന്നതുമാണ്.

30. സാമാന്യ സന്യാസ സമൂഹങ്ങളിൽ Religious Congregations അനുഷ്ഠിക്കപ്പെടുന്ന വ്രതങ്ങൾ ഏതുതരത്തിലുള്ളവയാണ്?

ദൈവാത്മപിയാൽ തോന്നിക്കപ്പെട്ട തക്കതായ ന്യായങ്ങളാൽ സാമാന്യവ്രതങ്ങൾ മാത്രമേ അവിടെ അനുഷ്ഠിക്കപ്പെടുന്നുള്ളു. അവയാകട്ടെ മിക്കവാറും അനിത്യമായിട്ടുള്ളവ മാത്രവുമാണ്. ഇങ്ങനെ ഓരോ സഭയുടെ ചട്ടങ്ങൾക്കൊത്തവണ്ണം ആരംഭപരീക്ഷക്കു നിശ്ചയിക്കപ്പെട്ട കാലാവധിയുടെശേഷം സന്യാസി കുറെക്കാലത്തേയ്ക്കു – ഉദാഹരണമായി ഒരു വർഷത്തേയ്ക്കു മൂന്നു വ്രതങ്ങൾ അനുഷ്ഠിക്കുന്നു. ആ കാലാവധി കഴിയുമ്പോൾ അയാൾ വ്രതനവീകരണം ചെയ്യുന്നു. അതായത്, സ്വന്ത ശ്രേഷ്ഠന്മാരുടെ സമ്മതത്തോടെ അവ നിശ്ചിതകാലത്തേക്കു വീണ്ടും അനുഷ്ഠിക്കുന്നു. അനേക സന്യാസ സമൂഹങ്ങളിൽ, നിശ്ചയിക്കപ്പെട്ട ഏതാനും വർഷങ്ങളുടെ അവസാനത്തിൽ സഭാംഗങ്ങൾ നിത്യവ്രതങ്ങൾ കൂടെയും ചെയ്യുന്നതിനു

കൈക്കൊള്ളപ്പെടുന്നുണ്ട്. അതിൽപിന്നെയുള്ള വാഷ്ണിക നവീ കരണം, അവയെ കാക്കുന്നതിൽ എല്ലായ്പോഴും വിശ്വസ്തനായി രുന്നുകൊള്ളാമെന്നുള്ള ഒരുവന്റെ മനസ്സിനെ പുതുതാക്കുന്നതി നായി നിയമിക്കപ്പെട്ട ഒരു കർമ്മം മാത്രമാണ്.

* 31. എല്ലായ്പോഴും നിത്യമായതും ആഘോഷമായതു മായ വ്രതങ്ങളാൽ ദൈവത്തിനു തന്നെത്തന്നെ പ്രതിഷ്ഠിക്കുന്ന തല്ലയൊ അധികം നല്ലതു?

ഓരോരുത്തൻ കർത്താവിന്റെ വിളികേട്ടു അതിനെ പൂർണ്ണമായ വിശ്വസ്തതയോടും, ഔദാര്യത്തോടും മനഃശരണ ത്തോടുംകൂടെ അനുസരിക്കുന്നതാകുന്നു അധികം നല്ലതു്.

നിത്യമായ ആഘോഷവ്രതങ്ങൾ വഴിയായി ഒരുവൻ ക്രൂശതലായും സ്വയം പൂജിക്കയും പുണ്യപൂർണ്ണതാവസ്ഥയിൽ ക്രൂശ തിൽ പൂർണ്ണമായി സ്വയം സ്ഥാപിക്കയും ചെയ്യയാൽ, അവ സ്വതെ അധികം വിലയുള്ളതാകുന്നു എന്നതിനു് സന്ദേഹമില്ല. എങ്കിലും പരിശുദ്ധാത്മാവിയുടെ ദാനങ്ങൾ വിവിധമാകുന്നുവെന്നു ഓരോ സന്യാസിയും സ്വന്തം ദൈവവിളിയുടെ സംഗതിയിൽ സ്മരണയുള്ളവനായിരിക്കണം; താൻ നമുക്കു നൽകിയരുളിയ വയെ നന്ദിപൂർവ്വം കൈക്കൊണ്ടു വിശ്വസ്തതയോടെ അവയെ ഫലവത്താക്കിത്തീർക്കുന്നതു്, നമ്മുടെ കടമയായിരിക്കുന്നതുപോലെ നമുക്കു അതിപ്രയോജനകരവുമായിരിക്കും. ഈ സംഗതിയിൽ പ്രത്യേകം അസ്ഥിരതയെയും അധികപരിപൂർണ്ണത പ്രാപിക്കണമെന്നുള്ള ഭാവത്തിൽ രക്ഷയുടെ ശത്രുവായ പിശാചു തോന്നിക്കുന്ന പരീക്ഷയേയുംകാൾ അപകടപൂർണ്ണമായി വേറൊന്നില്ല. ദൈവത്തിനു് ഒരാത്മാവിനെ ഏറ്റവും ഉന്നതമായ പദവിയിലേക്കു വിളിക്കുന്നതിനു പാടുണ്ടു് എന്നതു നിർവ്വിവാദമാണു്. അതനുസരിച്ചു് ഏറ്റവും മുകുളമുള്ള ക്രമാനുഷ്ഠാനത്തിലേക്കുള്ള പ്രവേശനത്തെ തിരുസ്സഭ ആദരിക്കുന്നുണ്ടെങ്കിലും ഇതു പിശാചു വളരെപ്പേരുടെ സന്യാസ വിളിയെ നഷ്ടമാക്കുന്നതിനും, അവരെ ലോകാപത്തുകളിൽ വീണ്ടും അകപ്പെടുത്തുന്നതിനുമായി പല പ്പോഴും ഉപയോഗിച്ചിട്ടുള്ള ഒരു സൂത്രമാണു്. ദൈവതിരുമനസ്സാണെന്നു ഒരിക്കൽ ഉദ്ദേശിച്ചുകഴിഞ്ഞാൽ സ്വന്ത ദൈവവിളിയെപ്പറ്റി സംശയിക്കാതിരിക്കയാണു് വേണ്ടതു്. താണ സ്ഥിതിയിലുള്ള ദിവ്യവിളിയിൽതന്നെയും മേല്പറഞ്ഞതിനു ഉപശാന്തി ഉണ്ടാക്കാവുന്നതാണു്. മാത്രമല്ല, സ്വന്ത പുണ്യാഭിവൃദ്ധി നോക്കി

യാലും, തന്നെ ഒരംഗമായി സ്വീകരിച്ചതിൽ സഭയ്ക്കുണ്ടായിരുന്ന ഉദ്ദേശ്യം പരിഗണിച്ചാലും സഭയിൽനിന്നും സ്വീകരിച്ചിട്ടുള്ള നാനാതര ഉപകാരങ്ങൾ നോക്കിയാലും സുസ്ഥിരമായി സഭയിൽ നില്ക്കുന്നതിനു സന്യാസിക്കു ഒരു കടമക്രമേയും ഉണ്ടെന്നു നിഷ്പ്രയാസം ഗ്രഹിക്കാം.

32. സന്യാസവ്രതങ്ങൾ വാസ്തവമാകണമെങ്കിൽ ഏതു പ്രായത്തിൽ എങ്ങനെ ചെയ്യണം?

ത്രെന്തോസ് സൂനഹദോസിന്റെ നിയമപ്രകാരം, സന്യാസവ്രതങ്ങൾ വാസ്തവമായി ചെയ്യുന്നതിനു വ്രതം അനുഷ്ഠിക്കുന്നവനു 16 വയസ്സു കഴിഞ്ഞിരിക്കുകയും, അയാൾ മുമ്പുണ്ടായിരുന്ന വക്ഷം ഒരു പൂർണ്ണവത്സരത്തെ നവസന്യാസം കഴിച്ചിരിക്കുകയും വേണം.

വിശേഷാൽ കടപ്പെട്ടതായി ഇവയ്ക്കു പുറമെ വേറെ ഏതെങ്കിലുംകൂടെ വേണമോ എന്നുള്ളതു അതതു സഭയുടെ പ്രമാണങ്ങളിൽനിന്നും മനസ്സിലാക്കേണ്ടതാണു്.

അദ്ധ്യായം ൪

സന്യാസവ്രതങ്ങളുടെ വിഷയമായ പുണ്യങ്ങൾ.

33. ദാരിദ്ര്യം, കന്യാവ്രതം, കീഴ്വഴക്കം എന്നിവയിൽ വ്രതവും പുണ്യവും തമ്മിൽ വേർതിരിക്കേണ്ടതല്ലയോ?

അതെ, ഈ സംഗതിയിൽ ഒരു സന്യാസിയുടെ ശ്രദ്ധയ്ക്കു് പാത്രമായ അനേക വ്യത്യാസങ്ങളുണ്ടു്.

34. വ്രതവും പുണ്യവും തമ്മിലുള്ള ഒന്നാമത്തെ വ്യത്യാസമെന്താകുന്നു?

വ്രതത്തിന്റെ ചൊവ്വുള്ള വിഷയം സ്വയം ഏറ്റെടുക്കുന്ന ഒരു പരിത്യാഗമാകുന്നു. ഉദാഹരണമായി, ദാരിദ്ര്യവ്രതം വഴിയായി ഐഹികവസ്തുക്കളുടെ കൈവശത്തേയോ, സ്വാതന്ത്ര്യ ഉപയോഗത്തേയോ നാം പരിത്യജിക്കുന്നു. പുണ്യത്തിന്റെ വിഷയമോ എന്നാൽ ക്രമമറ്റ പക്ഷങ്ങളുടെ നിർമൂലനമാകുന്നു. അതിനാൽ വ്രതം ഒരു മാർഗ്ഗംപോലെയും, പുണ്യം അന്ത്യംപോ

ലെയുമാകുന്നുവെന്നു പറയാം. ഏതൻമൂലം പുണ്യമെന്നു വ്രതത്തെക്കാൾ ശ്രേഷ്ഠമായതു്. എന്തുകൊണ്ടെന്നാൽ, സന്ന്യാസി വ്രതമനുഷ്ഠിക്കുമ്പോൾ നിശ്ചയിക്കുന്നതു്, പുണ്യത്തെ കൂടുതൽ ഉറപ്പായും കൂടുതൽ എളുപ്പമായും, കൂടുതൽ പൂർണ്ണമായും സമ്പാദിക്കുന്നതിനാകുന്നു. ഇതിനാൽ, തങ്ങളുടെ വ്രതപ്രസ്താവന കഴിഞ്ഞശേഷം സ്വന്ത പുണ്യാഭിവൃദ്ധിക്കായി ശ്രമിക്കാതെ, അൽമേനികളായ അനേകം ക്രിസ്ത്യാനികളേക്കാൾ പൂർണ്ണത കുറഞ്ഞവരായി ജീവിതം നയിക്കുന്ന സന്ന്യാസികളുടെ സ്ഥിതി അത്യന്തം ശോചനീയംതന്നെ.

35. വ്രതവും പുണ്യവും തമ്മിലുള്ള രണ്ടാമത്തെ വ്യത്യാസമെന്താകുന്നു?

പിന്നാലെ (123-ൽ) പ്രസ്താവിപ്പാനിരിക്കുന്നതുപോലെ, വ്രതം എല്ലാ പുണ്യപ്രവൃത്തികളുടെമേലും നേരെയല്ലാത്ത ഒരു ശക്തി പ്രയോഗിക്കുന്നുണ്ടെങ്കിലും, ശരിയായി പറഞ്ഞാൽ, പാപത്തിൻകീഴ് നമ്മുടെമേൽ ചുമത്തുന്ന കടമകൾക്കപ്പുറം നീളുവാൻ വ്രതത്തിന്നു് പാടുള്ളതല്ല. പുണ്യത്തിനോ എന്നാൽ എല്ലായ്പോഴും പരിപൂർണ്ണതയിൽ മേല്ക്കുമേൽ വളരുവാൻ പാടുണ്ടു്. ഈദൃശമായ പുണ്യാഭിവൃദ്ധി വഴിയായിട്ടത്രെ നാം തിക്കു്ണ്ണതയുള്ള സന്ന്യാസികളായിത്തീരുന്നതു്.

36. വ്രതത്തിനാദരവായി മൂന്നാമത്തെ ഒരു വ്യത്യാസമില്ലേ?

ഉണ്ടു്. വ്രതം പുണ്യം അനുസരിക്കുന്നതിനുള്ള ഒരു മാർഗ്ഗമാകുന്നതുപോലെ പുണ്യം വ്രതത്തിനുള്ള ഒരു മാർഗ്ഗമാണെന്നും പറയാം. ആകയാൽ പുണ്യം സമ്പാദിക്കുന്നതിനു വ്രതം സഹായിക്കുന്നതുപോലെ തന്നെ, വ്രതത്തെ സംരക്ഷിക്കുന്നതിനു പുണ്യവും സഹായിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഈ പുണ്യത്തിൽ സ്വരമായ തെറ്റു ചെയ്യുമ്പോൾ, വ്രതത്തെ അപകടത്തിലാക്കുകയും അതിന്റെ മൂലപ്രമാണങ്ങളെ ക്ഷീണിപ്പിക്കുകയും ചെയ്യും. അങ്ങനെതന്നെ പുണ്യത്തിൽ അശ്രദ്ധരായിരിക്കുന്നവർ വ്രതത്തിൽ വിശ്വസ്തതയോടെ നിലനില്ക്കുന്നതിനു് പ്രയാസമായിരിക്കും.

37. വ്രതവും പുണ്യവും തമ്മിലുള്ള നാലാമത്തെ വ്യത്യാസം എന്തു്?

ഈ വ്യത്യാസം എത്രയും ശ്രദ്ധാർഹമായിട്ടുള്ളതാകുന്നു. എന്തുകൊണ്ടെന്നാൽ ഇതു് മനസ്സാക്ഷിയെക്കുടെയും സംബന്ധിക്കുന്നതാണു്. എങ്ങനെയെന്നാൽ കീഴെ (81–ലും 130–ലും) വിവരിപ്പാനിരിക്കുംപോലെ വ്രതത്തെ ലംഘിക്കാതെതന്നെ പുണ്യത്തിനു വിരോധമായി നമുക്കു പിഴപ്പാൻ പാടുണ്ടു്. എന്നാൽ സാമാന്യമായി പുണ്യത്തെ ലംഘിക്കാതെ വ്രതത്തെ ലംഘിപ്പാൻ പാടില്ല. എന്തെന്നാൽ പുണ്യം അതിമുഖ്യമായി അന്വേഷിക്കേണ്ടതു്, വ്രതത്താൽ ചുമതലപ്പെട്ടിരിക്കുന്ന വിഷയത്തിലാകുന്നു.

38. വ്രതങ്ങളുടെ കടത്തിനും പുറമെ വേറെ വല്ല ചുമതലയും വ്രതാനുഷ്ഠാനം ഉളവാക്കുന്നുണ്ടോ?

ഉണ്ടു്. വ്രതാനുഷ്ഠാനം ഒരു സന്ന്യാസ സമൂഹത്തിൽ ചെയ്യപ്പെടുന്നു എന്ന കാരണത്താൽ തന്നെ, അതു ചെയ്യുന്നവൻ ആ സമൂഹത്തിന്റെ ഒരംഗമായിത്തീരുകയും, തന്നിമിത്തം കീഴ്വഴക്കവ്രതത്തെ നോക്കാതെതന്നെ, ശ്രേഷ്ഠന്മാക്കും ക്രമങ്ങൾക്കും കീഴ്വഴങ്ങുവാനുള്ള ചുമതല തന്റെമേൽ ഏറ്റുകൊള്ളുകയും ചെയ്യുന്നു.

താൻ പ്രവേശിക്കുന്ന സന്ന്യാസസഭയ്ക്കു തന്നെ മുഴുവനും ദാനംചെയ്യുന്നതായ ഒരുടമ്പടി ഓരോ സന്ന്യാസിയുടെയും വ്രതപ്രസ്താവനയിലുൾപ്പെടുന്നു. ദൈവശുശ്രൂഷയിൽ സഭാക്രമങ്ങൾക്കനുരൂപമായി മേലിൽ തന്നെ ഉപയോഗപ്പെടുത്തിക്കൊൾവാൻ തക്കവണ്ണം തന്റെമേലും തന്റെ പ്രവൃത്തികളിന്മേലുമുണ്ടായിരുന്ന അർഹതകളെയെല്ലാം ഈ ദാനത്താൽ സന്ന്യാസി സഭക്കു വിട്ടുകൊടുക്കുന്നു. തന്റെ ഉടമ്പടിയുടെ ഏറ്റവും സാരവത്തായ കടമകളെ മാത്രമേ വ്രതങ്ങൾ സ്പർശിക്കുന്നുള്ളു. മറ്റു കടമകളാകട്ടെ ക്രമങ്ങളും, ശ്രേഷ്ഠന്മാരുടെ കല്പനകളും കൊണ്ടത്രെ നിശ്ചയിക്കപ്പെടുന്നതു്. ഇവിടെ പ്രത്യേകം സൂചിക്കേണ്ട ഒരു കാര്യമുണ്ടു്. വ്രതപ്രസ്താവന വഴിയായി ഒരുവൻ ഒരു സഭയിൽ അംഗമായി ചേരുന്നതിൽനിന്നും ക്രിസ്തുവിന്റെ അവയവങ്ങളെ വിശേഷവിധമായി പരസ്പരം സംയോജിപ്പിക്കുന്നതായ സഹോദരൈക്യത്തിന്റെയും, ബന്ധുമിത്രാദികളിൽനിന്നുള്ള സുവിശേഷപരമായ വേർപാടിന്റെയും കടമകൾക്രമേ ഉരുവിക്കുന്നവയുള്ളതാണു് അതു്.

39. നവസന്യാസികളും വ്രതാനുഷ്ഠാനം ചെയ്യാത്തവരുമായ ആളുകൾ ഒരു സന്യാസക്രുട്ടത്തിൽ നിവ്വഹിക്കേണ്ട വല്ല കടമകളുമുണ്ടോ?

സഭയിലേക്കുള്ള അവരുടെ പ്രവേശനത്താൽ മൂന്നു പ്രത്യേക ചുമതലകൾ അവരിലുളവാകുന്നു. ഈ ചുമതലകൾ സന്യാസ പുണ്യങ്ങളെയല്ലാതെ വ്രതങ്ങളെ സംബന്ധിക്കുന്നില്ല. അവയെ ഇവിടെ ചൂണ്ടിക്കാണിക്കുയേ ചെയ്യുന്നുള്ളു.

40. നവസന്യാസികളുടെ ഒന്നാമത്തെ ചുമതല എന്താകുന്നു?

തങ്ങളുടെ ദിവ്യവിളി ഒരിക്കൽ അറിഞ്ഞശേഷം വിശ്വസ്തതയോടെ അതിനെ അനുഗമിക്കുന്നതിനും, അതു നഷ്ടീഭവിക്കുന്നതിനു ഇടയാക്കുന്ന യാതൊന്നും പ്രവത്തിക്കാതിരിക്കുന്നതിനും ശ്രമിക്കുന്നതാകുന്നു, നവസന്യാസികളുടെ ഒന്നാമത്തെ ചുമതല.

41. നവസന്യാസികളുടെ രണ്ടാമത്തെ ചുമതല എന്താകുന്നു?

സന്യാസജീവിതത്തെ വ്യക്തമായി പഠിക്കുന്നതിനുദ്യമിക്കുന്നതും, പുണ്യങ്ങളുടെ– പ്രത്യേകിച്ചും മൂന്നു വ്രതങ്ങളുടെ വിഷയമായ പുണ്യങ്ങളുടെ– അഭ്യാസംകൊണ്ടു സന്യാസജീവിതത്തിലെ വി. മുറകളെ സമ്പാദിക്കുന്നതുമാകുന്നു, നവസന്യാസികളുടെ രണ്ടാമത്തെ ചുമതല.

42. നവസന്യാസികളുടെ മൂന്നാമത്തെ ചുമതല എന്താകുന്നു?

ക്രമങ്ങളെ കാക്കുകയും, ശ്രേഷ്ഠന്മാരെ അനുസരിക്കയും ചെയ്യുന്നതാണ് നവസന്യാസികളുടെ മൂന്നാമത്തെ ചുമതല. ഈ ചുമതല ഉരുവിക്കുന്നതു അവരുടെ സഭാപ്രവേശനത്തിൽ തന്നെ അവരും സഭയും തമ്മിൽ മൌനമായിട്ടെങ്കിലും ചെയ്യപ്പെടുന്ന ഉടമ്പടിയിൽനിന്നത്രെ. ഈ പ്രവേശനം ഒന്നാമതായി ചെയ്യുന്ന ഒരു ദാനംപോലെ ആയിരിക്കുന്നു. ഈ ദാനം സമ്മിശ്രപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുമ്പോൾ അതു നവസന്യാസിയെ സഭാംഗമാക്കുവാൻ തുടങ്ങുന്നു. ഇതോടെ, സഭയിൽനിന്നുള്ള പ്രയോജനങ്ങൾക്കു അയാൾ പാത്രീഭൂതനാകുന്നതുപോലെ സഭയോടു ചില കടമകൾ അയാളിലും ഉൽഭൂതമാകുന്നു. ഏതെങ്കിലും ഒരു സംഘത്തിന്റെ– ഉദാഹരണമായി

ഒരു രക്ഷാഭോഗക്കമ്പനിയുടെ– അംഗമായി ചേരുന്നവൻ ആ സംഘത്തിന്റെ നിയമങ്ങൾ യഥാവിധി അനുസരിച്ചുകൊള്ളാമെന്നു സ്വയം ഭരമേല്പിക്കുന്നുണ്ടെന്നു പറയേണ്ടയാവശ്യമില്ലല്ലൊ.

വിശേഷിച്ചും, നവസന്യാസിയുടെ മൂന്നാമത്തെ ഈ മുമതല സന്യാസിയുടെ മുമതലയോട് ഒരുപ്രകാരം തുല്യമായിരിക്കുന്നു. ആകയാൽ കീഴ്ഗമകമെന്ന പുണ്യത്തെക്കുറിച്ചു പറവാനിരിക്കുന്നതൊക്കെയും നവസന്യാസികളും ശ്രദ്ധയോടെ ഗ്രഹിക്കേണ്ടതത്രെ.

രണ്ടാം ഭാഗം

സന്യാസ വ്രതങ്ങളെക്കുറിച്ചു പ്രത്യേകിച്ച്.

അദ്ധ്യായം ൧

സന്യാസ ദാരിദ്ര്യം

ഒന്നാം സഗ്ഗം

ദാരിദ്ര്യവ്രതം

I ദാരിദ്ര്യവ്രതത്തിന്റെ വിഷയവും വിസ്തീർണ്ണതയും.

43. ഒരു സന്യാസി തന്റെ ദാരിദ്ര്യവ്രതത്താൽ എന്തെല്ലാം പരിത്യജിക്കുന്നു?

ഈ ചോദ്യത്തിനു് പൊതുവായ ഒരുത്തരംകൊണ്ടു് തൃപ്തി വരുത്തുവാൻ വഹിയാ. എന്തുകൊണ്ടെന്നാൽ, ദാരിദ്ര്യവ്രതത്തിനു ഓരോരോ സഭകളുടെ നിയമവ്യത്യാസത്തിനൊത്തവണ്ണം വിഷയം വിസ്തീർണ്ണത കൂടിയും കുറഞ്ഞുമിരിക്കും. അങ്ങനെതന്നെ അതിന്റെ കടമകൾ കടുപ്പമേറിയതും കുറഞ്ഞതുമായി

വരുകയും ചെയ്യും. ഏന്നാൽ ഈ വ്യത്യാസങ്ങൾ സന്ന്യാസസമൂഹത്തിൽ ഉളവാക്കുന്നത് എല്ലായ്പോഴും പുണ്യശ്രേഷ്ഠാന്തിയുടെ ഗുരുലഘുത്വമല്ല, പിന്നെയൊ സന്ന്യാസസഭകളുടെ അന്ത്യങ്ങളുടെയും പരികല്പനകളുടെയും തരഭേദത്തിൽനിന്നും മറ്റുമാണ്. ആകയാൽ ഓരോരോ സഭകളിൽ ചെയ്യപ്പെടുന്ന വ്രതത്തിന്റെ അർത്ഥവും താല്പര്യവും എന്താണെന്നു വ്യക്തമായി പഠിയണമെങ്കിൽ അതാതു സഭകളുടെ ക്രമങ്ങളെ ആലോചിച്ചുകാണണം.

ചില സഭകളിൽ ദാരിദ്ര്യവ്രതം സന്ന്യാസിയുടെ സകല അർഹതയേയും അനുഭവപ്രവൃത്തിയേയും കേവലം നിർമൂലമാക്കുകയും, തന്നിമിത്തം മരണപത്രികയൊ മരണപത്രോഹരിയൊ ന്യായാവകാശമൊ വഴിയായി തനിക്കു എന്തെങ്കിലും സ്വായമായി കൈവശപ്പെടുത്തുന്നതിനാകട്ടെ, സമ്പാദിക്കുന്നതിനാകട്ടെ അയാളെ അപ്രാപ്തനാക്കിത്തീർക്കുകയും ചെയ്യുന്നു. ഇതു സാമാന്യം ആഘോഷവ്രതത്തെ മാത്രമേ സംബന്ധിക്കുന്നുള്ളു. (45). മറ്റു ചില സഭകളിൽ ആദ്യമായി ചെയ്യപ്പെടുന്ന സാമാന്യവ്രതം വസ്തുവിന്മേലുള്ള കർത്തവ്യം വിടാതിരിക്കുന്നതിനും, പിന്നീടും വസ്തു സമ്പാദിക്കുന്നതിനുമുള്ള അർഹത ഏറെക്കുറെ പൂർണ്ണമായി നിലനില്ക്കുന്നതിനു അനുവദിക്കുന്നു എങ്കിലും, അത് വസ്തുവിന്റെ സ്വാതന്ത്ര്യഉപയോഗത്തെ മുടക്കുന്നു (46). ആകയാൽ വ്രതത്താലുളവായ വിലക്കിനെ നീക്കുവാൻ തക്ക അധികാരമുള്ള ശ്രേഷ്ഠന്റെ അനുവാദംക്രൂടാതെ, ഒരു സന്ന്യാസിക്കു തന്റെ സ്വന്ത സ്വത്തുക്കളുടെമേൽപോലും യാതൊരു കർത്തവ്യകർമ്മവും നടത്തുവാൻ പാടുള്ളതല്ല. അങ്ങിനെ ചെയ്യുന്നപക്ഷം അത് ഒരു വ്രതലംഘനവുമായിത്തീരും.

44. ദാരിദ്ര്യവ്രതത്തിന്റെ കാതൽ എന്താകുന്നുവെന്ന് വ്യക്തമായി പ്രസ്താവിക്കുക.

ദാരിദ്ര്യവ്രതത്തിന്റെ കാതൽ ഉടമസ്ഥനടത്ത അർഹതയെയും പ്രവൃത്തിയെയും, കുറഞ്ഞപക്ഷം, ഉടമസ്ഥനടത്ത പ്രവൃത്തിയെങ്കിലും ദൈവസ്നേഹത്തെപ്രതി ഒരുവൻ തനിക്കു മുടക്കുന്നതിലടങ്ങിയിരിക്കുന്നു.

45. ഉടമസ്ഥാർഹത എന്നു പറഞ്ഞാൽ എന്താകുന്നു?

അത് ഏതെങ്കിലും ഐഹിക വസ്തുവിന്റെ കർത്തവ്യത്തെ കൈവശം വെക്കുന്നതിനോ സമ്പാദിക്കുന്നതിനോ ഉള്ള അർഹതയാകുന്നു.

46. ഉടമസ്ഥപ്രവൃത്തി എന്നു പറഞ്ഞാലെന്താകുന്നു?

അതു യാതൊരു ഐഹിക വസ്തുവിന്റെയോ, വിലമതിക്കപ്പെടുവാൻ തക്ക വല്ല സാധനത്തിന്റെയോ, സ്വന്തമായും സ്വാതന്ത്ര്യമായുമുള്ള ഉപയോഗമത്രേ.

47. സാമാന്യവ്രതങ്ങൾ അനുഷ്ഠിക്കപ്പെടുന്ന ഒരു സന്ന്യാസ സഭയിലെ ദാരിദ്ര്യവ്രതത്തിന്റെ വിഷയം സാധാരണമായി എന്താണെന്നു പറയുക?

a) സന്ന്യാസിയുടെ സ്വന്തമല്ലാത്ത എല്ലാ വസ്തുക്കളും സാധനങ്ങളും, വിശിഷ്യ സന്ന്യാസക്രമത്തിന്റെ അഥവാ ആശ്രമത്തിന്റെ വക വസ്തുക്കളും സാധനങ്ങളും.

b) സഭയ്ക്കു താൻതന്നെ ദാനം ചെയ്തതോ, മുഴുവനായി ഒഴിഞ്ഞുകൊടുക്കയോ ചെയ്തിട്ടുള്ളവ. സഭ ആ ദാനം സ്വീകരിച്ചശേഷം, സന്ന്യാസിക്ക് അതിന്മേൽ പിന്നെ യാതൊരധികാരവുമില്ല.

ഒരു നവസന്ന്യാസി വ്രതാനുഷ്ഠാനം ചെയ്യുന്നതിനുമുമ്പ് സഭയെ വിട്ടുപേക്ഷിക്കയോ, തള്ളപ്പെടുകയോ ചെയ്യുന്നപക്ഷം അയാൾ സഭയിൽ പ്രവേശിക്കയിൽ കൊണ്ടുവന്നിട്ടുള്ളതൊക്കെയും കൊണ്ടുപോകുന്നതിന് പാടുണ്ട്. മാത്രമല്ല, ആശ്രമത്തിനു സൌജന്യമായി കൊടുത്തിട്ടുള്ള ദാനങ്ങളെക്കൂടെയും ചോദിക്കാവുന്നതുമാണ്. ത്രന്തോസു സൂനഹദോസ് നവസന്ന്യാസിയുടെ പരിപൂർണ്ണ സ്വാതന്ത്ര്യത്തെ ആദരിക്കുന്നതിനു ഇങ്ങനെ നിശ്ചയിച്ചിരിക്കുന്നു.

c) നന്ദി, സ്നേഹം, ധർമ്മം എന്നീ മുഖാന്തരങ്ങളാൽ അയാൾക്കു കിട്ടുന്ന എല്ലാ സമ്മാനങ്ങളും ദാനങ്ങളും– മുൻപ്രസ്താവിച്ചിട്ടുള്ളതുപോലെ ഇവയൊക്കെയും ന്യായമായി കൃത്യത്തിനു ചെല്ലേണ്ടതാണ്.

b) ഈ ന്യായത്താൽതന്നെ, അയാളുടെ വേലകളുടെയും പരിശ്രമത്തിന്റെയും വിലമതിക്കത്തക്ക ഏതെങ്കിലും ഫലവും.

സന്ന്യാസി ഒരു സംഗതി ഇവിടെ പ്രത്യേകം സൂക്ഷിക്കണം. അതു് ഈ വസ്തുക്കളൊക്കെയും തനിക്കു സ്വന്തമാണെന്നു കരുതുന്ന അത്യാശയോടെ വഞ്ചനയിലുൾപ്പെടാതിരിക്കയും, തന്റെ ഏഴ്പാട്ടുകളുടെ കണക്കുകളെ ഏതുയും വിശ്വസ്തതയോടെ കുറിച്ചു് അവയെ ആവശ്യപ്പെടുമ്പോൾ ശ്രേഷ്ഠന്മാർക്കു കൊടുക്കയും ചെയ്യണം എന്നതാണ്.

e) സന്യാസിയുടെ സ്വന്തമായുള്ള വസ്തുക്കൾ, ഇവ കൈകാര്യം ചെയ്യുന്നതിനു ശ്രേഷ്ഠന്റെ അനുമതി കൂടിയേ മതിയാവൂ (58).

II ദാരിദ്ര്യവ്രതത്തിന്റെ ലംഘനം.

48. മേൽക്കാണിച്ചിട്ടുള്ളവക്കനുരൂപമായി, സന്യാസി ദാരിദ്ര്യവ്രതത്തിനു വിരോധമായി പാപം ചെയ്യുന്നതെപ്പോഴാകുന്നു?

സാമാന്യം ഒരു സന്യാസി ദാരിദ്ര്യവ്രതം ലംഘിക്കുന്നതു്, ഈ വ്രതത്തിന്റെ വിഷയങ്ങളിലുൾപ്പെടുന്ന യാതൊരു വസ്തുവിനെ ഉടമസ്ഥൻ എന്നുള്ള നിലയിൽ അതായതു് ശ്രേഷ്ഠന്റെ സമ്മതം കൂടാതെ, കൈവശമാക്കുകയോ കൈകാര്യം ചെയ്കയോ ചെയ്യുമ്പോഴത്രെ.

49. ഈ സാരവത്തായ പഠനത്തെ വിശദീകരിക്കുക?

ദാരിദ്ര്യവ്രതത്തിനു വിരോധമായി തെറ്റു ചെയ്യുന്നതു്, മുഖ്യമായി ഒൻപതു സംഗതികളിലാണ്. ക. മറ്റൊരുവന്റെ വസ്തു സ്വന്തമാക്കുക. ഖ. യാതൊരു വസ്തു കൈവശം പിടിച്ചിരിക്കുക. ഗ. വല്ലതും ദാനംകൊടുക്കുകയോ മേടിക്കുയോ ചെയ്ക. ഘ. വില്ക്കുകയോ വാങ്ങുകയോ പരസ്പരമാറ്റം ചെയ്കയോ ചെയ്ക. ങ. കടം കൊടുക്കുകയോ വാങ്ങിക്കുയോ ചെയ്ക. ച. കല്പിക്കപ്പെട്ട ലാക്കിനപുറമെ, വേറെ വല്ല സാദ്ധ്യത്തിനായി വല്ലതു മുപയോഗിക്കുക. ഛ. അതിനെ നിർമൂലമാക്കുകയോ നഷ്ടമാക്കുകയോ ചെയ്ക. ജ. ഒരാശ്രമത്തിൽനിന്നു് മറ്റൊരാശ്രമത്തിലേക്കു് എടുത്തുകൊണ്ടുപോവുക. ഝ. സ്വന്ത വസ്തുക്കളെ ശ്രേഷ്ഠാനുമതിക്രൂടാതെ കൈകാര്യം ചെയ്യുക.

50. ഈ ഒമ്പതു സംഗതികളിൽ ഒന്നാമത്തേതു തുടങ്ങി ഓരോ സംഗതിയെക്കുറിച്ചു് അല്പം വിവരിച്ചുകേൾക്കട്ടെ.

ഒന്നാമത്തെ സംഗതിയെക്കുറിച്ചു് പറഞ്ഞാൽ, മറ്റൊരുവന്റെ ഏതെങ്കിലും വസ്തു സ്വന്തമാക്കുന്നതു്, ദാരിദ്ര്യവ്രത ലംഘനവും ദൈവത്തിന്റെ ഏഴാം പ്രമാണത്തോടു മുട്ടുള്ള പാപവുമാകുന്നു. ആശ്രമത്തിന്റെവക ഏതെങ്കിലും വസ്തു അനുവാദംകൂടാതെ നമുക്കുവേണ്ടി എടുത്താലും, ശേഷംപേക്കുവേണ്ടി എടുത്താലും എല്ലാം ശരിതന്നെ. എടുത്ത വസ്തു ഉപയോഗിച്ചു നഷ്ടമാക്കിയെങ്കിൽ, ഉളവാകുന്ന പാപം സാമാന്യമായി കൂടുതൽ

ഗൗരവതരമായിരിക്കും. മാത്രമല്ല, സന്ന്യാസ ഭവനത്തിന്റെ വസ്തുക്കൾ മോഷ്ടിക്കുന്നതു ദൈവദോഷം കൂടെ ആയിത്തീരുന്നു എന്നും അറിഞ്ഞിരിക്കണം.

51. രണ്ടാമത്തെ സംഗതി വശദീകരിക്കുക.

അനുവാദംകൂടാതെ യാതൊരു വസ്തുതന്നതു കൈവശത്തിലോ, അന്യന്റെ കൈവശത്തിലോ വെച്ചിരിക്കുന്നതും വിശിഷ്യാ, കർത്തവ്യഭാവത്തിലും അതിന്റെ ഉടമസ്ഥനെന്നുള്ള നിലയിലും സംഗ്രഹിക്കുന്നതും ദാരിദ്ര്യവ്രതലംഘനമാകുന്നു. ഉദാഹരണമായി, ശ്രേഷ്ഠന്മാർ അതു നമ്മുടെ കയ്യിൽനിന്നു എടുത്തുകൊണ്ടു പോകാതിരിപ്പാൻവേണ്ടി അവരെ അതു കാണിക്കാതെ മറച്ചുവയ്ക്കുക.

52. മൂന്നാമത്തെ സംഗതി വിശദീകരിക്ക?

എന്തു കായ്ത്തിനു വേണ്ടിയായിരുന്നാലും, ആരിൽനിന്നു ആയിരുന്നാലും, അനുവാദംകൂടാതെ എന്തെങ്കിലും ദാനംകൊടുക്കുകയോ മേടിക്കുകയോ ചെയ്യുന്നതു ദാരിദ്ര്യവ്രതലംഘനമാകുന്നു. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഉപഹിതാനുവാദപ്രകാരവും, പിന്നിട്ട അനുമതി വാങ്ങുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടിയും, വല്ലതും സംപ്രതിജ്ഞയിൻകീഴ് സ്വീകരിക്കുന്നതിനു മുടക്കില്ല. (75) എങ്കിലും അതു സൂക്ഷിച്ചു വെക്കുന്നതിനു അനുമതി ആവശ്യമാണു്. എന്നാൽ തനിക്കു കിട്ടുന്ന ദാനങ്ങളിൽ സ്വന്ത കൈവശമുണ്ടാകുന്നതിനു വ്രതം അനുവദിക്കുന്നവയൊഴികെ മറ്റുള്ളവയൊക്കെയും ശ്രേഷ്ഠന്റെ കയ്യിൽ കൊടുക്കേണ്ടതാണു്. ശ്രേഷ്ഠനു് അവയെ ക്രുത്തത്തിൽ ഓരോരുത്തരുടെ ആവശ്യംപോലെ കൊടുക്കുകയും ചെയ്യാം. ഇനി, ക്രുത്തിനുവേണ്ടിയും, അതിന്റെ നാമത്തിലും വല്ലതും കൈക്കൊള്ളുന്നതിനു സംഗതി വരുമ്പോൾ സാമാന്യമായി, പ്രത്യേകം ശ്രേഷ്ഠൻ സ്ഥലത്തു ഹാജരില്ലാത്തപ്പോൾ, അനുവാദമുണ്ടെന്നു നമുക്രുഹിക്കാം. എന്നുമാത്രവുമല്ല, ഒരു സന്ന്യാസി തോന്ന്യാസമായി അതു സ്വീകരിക്കാതെ, തള്ളിക്കളയുന്നതു് ഉപവിക്കു വിരോധമായ ഒരു കുറ്റംക്രുടെയുമാകുവാൻ പാടുണ്ടു്. എന്തുകൊണ്ടെന്നാൽ ക്രുത്തിനായി സമർപ്പിക്കപ്പെട്ട ഒരുപകാരത്തെ ന്യായമായ കാരണംകൂടാതെ നഷ്ടമാക്കി കളയുകയാണു് ഏതൻമൂലം ചെയ്യുന്നതു്.

സഭാംഗങ്ങൾ ചില പ്പോൾ തനിച്ചു ജീവിപ്പാൻ സംഗതിവരുന്ന സഭകളിൽ, അവരുടെ കഴിവുപോലെ ധർമ്മം കൊടുക്കുന്നതിനും തങ്ങൾക്കു ചെയ്യപ്പെട്ട വല്ല ഉപകാരത്തിനു തക്കതായ വല്ലൊരു പ്രതിസമ്മാനം നൽകുന്നതിനും ഭക്തിപരമായ വല്ല ചില്ലറ ദാനങ്ങൾ കൊടുക്കുന്നതിനും പാടുണ്ടെന്നുള്ളതു സ്പഷ്ടമാണല്ലൊ.

53. നാലാമത്തെ സംഗതി വിശദീകരിക്കുക.

ക്രൂശത്തിന്റെ വകയായ യാതൊരു വസ്തു ആശ്രമത്തിന്റെ ആദായത്തിനുവേണ്ടിയാണെന്നുള്ള ഭാവത്തിലായിരുന്നാലും, സമ്മേധയായി വില്ക്കുകയൊ വാങ്ങുകയൊ പരസ്പരമാറ്റം ചെയ്കയൊ ചെയ്യുന്നതും അല്ലെങ്കിൽ ശ്രേഷ്ഠൻ തിരിച്ചു നിശ്ചയിച്ച വ്യവസ്ഥകൾക്കനുരൂപമായല്ലാതെ മറ്റുവല്ലവിധത്തിലും വില്ക്കുകയും വാങ്ങിക്കുകയും ചെയ്യുന്നതും ദാരിദ്ര്യവ്രതത്തിനു വിരുദ്ധമായ പ്രവൃത്തിയാകുന്നു.

54. അഞ്ചാമത്തെ സംഗതി വിശദീകരിക്ക?

ഏതെങ്കിലും വസ്തു അനുവാദംകൂടാതെ വായ്പയായി കൊടുക്കുകയൊ മേടിക്കുകയൊ ചെയ്യുന്നതു ദാരിദ്ര്യവ്രതലംഘനമാകുന്നു. ഇതു പണത്തിന്റെ കാര്യത്തിൽ സംഭവിക്കുന്നതുപോലെ അധികാരം ഒഴിഞ്ഞു കൊടുക്കുന്നതായാലും, പണമല്ലാത്തപ്പോൾ സംഭവിക്കുന്നതുപോലെ ഉപയോഗം മാത്രം കൊടുക്കുന്നതായാലും ശരിതന്നെ. അതു വ്രതലംഘനമാണ്. എന്നുവരികിലും വായ്പ കൊടുക്കുന്ന വസ്തു തിരികെ കിട്ടുമെന്നുറപ്പുണ്ടെങ്കിൽ വായ്പ ഉപയോഗത്തിനുവേണ്ടിമാത്രം ആയിരിക്കയും വീണ്ടും കിട്ടുമെന്നുള്ളതു നിശ്ചയമായിരിക്കയും ചെയ്യുന്നപക്ഷം കുറ്റം ലഘുക്കുറ്റമുള്ളതായിരിക്കും. അതായതു ക്രൂശത്തിന്റെ അവയവങ്ങൾ പരസ്പരം കൊടുക്കുന്ന വായ്പയാണെങ്കിൽ കുറ്റം ഏറ്റവും ലഘുവായിരിക്കും. എന്നു മാത്രമല്ല ന്യായമായ ഒരു നടപ്പു അതിനെ സ്ഥിരീകരിക്കുന്നുപെങ്കിൽ ഒരു കുറ്റവുമുണ്ടാകാതിരിപ്പാനും പാടുണ്ട് (77).

ഇപ്രകാരം പരസ്പരം ചെയ്യുന്ന ചില്ലറ വായ്പകളിൽ സൂക്ഷ്മമില്ലാത്ത അഴിമതിയും, അങ്ങനെതന്നെ മിതമറ്റ അതിസൂക്ഷ്മതയും, ഉപചാരക്കേടും പരിവർജ്ജിക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി, നിന്റെ സഹോദരൻ വല്ലതും നിന്നോടു ആവശ്യപ്പെട്ടപ്പോൾ, സാമാന്യമായി അയാൾക്കു അനുവാദമുണ്ടെന്നു ഉപവിയെക്കരുതി വിചാരിക്കണം. ഇതിനാൽ തക്ക കാരണം

ക്കുടാതെ, അയാൾക്ക അനുവാദമുണ്ടോ എന്നു ചോദിക്കുന്നതു്, അയാൾക്കു ഉപദ്രവകരമായിരിക്കും.

തിരിച്ചുള്ള അനുവാദംക്കുടാതെ ഒരു പണയം കൈക്കൊള്ളുകയും ജാമ്യം നില്ക്കുയും ചെയ്യുന്നതിനുള്ള മുടക്കും ഇവിടെ പ്രസ്താവ്യമാണ്. എന്നുവരികിലും ദാനക്കാരന്റെ ഉദ്ദേശ്യവും തിരിച്ചുള്ള നിശ്ചയവുമനുസരിച്ചു് പകുത്തുകൊടുക്കുന്നതിനായി പണമോ മറ്റു വല്ല വസ്തുക്കളോ മേടിക്കുന്നതിനു പ്രതം മുടക്കുന്നില്ല. എന്നാൽ ഇങ്ങനെ മേടിക്കുന്നതിനും വിശിഷ്യും, പണം സൂക്ഷിച്ചുവെക്കുന്നതിനും, അനുമതി വാങ്ങണമെന്നു ക്രമച്ചട്ടങ്ങളാൽ വിവേകപൂർവ്വം ആവശ്യപ്പെടാവുന്നതാണ്.

55. ആറാമത്തെ സംഗതി വിശദീകരിക്ക?

ശ്രേഷ്ഠൻ നിശ്ചയിച്ചതിനല്ലാതെ വേറെ വല്ലകാര്യത്തിനായി ഓരോ വസ്തുക്കളെ ഉപയോഗിക്കുന്നതു ഉടമസ്ഥനഭത്ത ഒരു പ്രവൃത്തിയും ദാരിദ്ര്യവ്രതലംഘനവുമാകുന്നു. തങ്ങളുടെ ചിലവുകയ്ക്കായി പണം വാങ്ങിക്കൊണ്ടു ഓരോരോ ജോലികളേറ്റു നടത്തുന്നതിനോ, അല്ലെങ്കിൽ യാത്രകൾ കഴിക്കുന്നതിനോ ആവശ്യപ്പെട്ടന്ന സന്ന്യാസികൾ ഇതു പ്രത്യേകം സൂക്ഷിക്കണം. ഈ പണം അനുവാദം ക്കുടാതെ മറ്റു കാര്യങ്ങൾക്കായി ഉപയോഗിപ്പാൻ പാടുള്ളതല്ല. ബാക്കിയുള്ളതെല്ലാമ്പോഴും ശ്രേഷ്ഠനു തിരികെ കൊടുക്കുകയും വേണം.

56. ഏഴാമത്തെ സംഗതി വിശദീകരിക്കുക.

യാതൊരു വസ്തു മനഃപൂർവ്വം നശിപ്പിക്കുകയോ നഷ്ടമാക്കുകയോ ഉദാസീനതയാൽ അതിന്റെ മേനി കുറയ്ക്കുകയോ ചെയ്യുന്നതു ദാരിദ്ര്യവ്രതലംഘനമാകുന്നു. കുസീനിയുടെയും കലവറയുടെയും ഉടുപ്പുമുറിയുടെയും മറ്റും കാര്യം വിചാരിക്കുന്ന സന്ന്യാസികൾ ഇതിൽ ജാഗ്രതകരായിരിക്കണം. ഈ സംഗതികളിൽ അവർ ക്രമനമായി പിടിപ്പാൻ പാടുണ്ട്. എന്നാൽ അവരവരുടെ ഉപയോഗത്തിനായി, സഭ നിശ്ചയിച്ചു കൊടുക്കുന്ന വസ്തുക്കൾ സൂക്ഷിക്കുന്നതിനും, എല്ലാവക്കും ചുമതലയുണ്ട്. തങ്ങൾ ലോകത്തിലായിരുന്നെങ്കിൽ സ്വന്ത വസ്തുക്കളിന്മേൽ വെയ്ക്കുമായിരുന്നതിലും കുറഞ്ഞ സൂക്ഷ്മം ദൈവവസ്തുക്കളിന്മേൽ വെയ്ക്കുന്നതു അക്രമമായിരിക്കുമെന്നു സന്ന്യാസികൾ ഓർമ്മിക്കണം.

57. എട്ടാമത്തെ സംഗതി വിശദീകരിക്കുക.

ഒരു സന്ന്യാസി സ്ഥലം മാറിപ്പോകുമ്പോൾ, ശ്രേഷ്ഠനോ

രുലോ ന്യായമുള്ള നടപ്പുലോ അനുവദിക്കപ്പെടുന്നവ അല്ലാതെ എന്തെങ്കിലും വസ്തു, താൻ പാത്തിരുന്ന ആശ്രമത്തിൽനിന്നു എടുത്തുകൊണ്ടുപോയാൽ അതു ദാരിദ്ര്യവ്രത ലംഘനമായിരിക്കും.

58. ഒമ്പതാമത്തെ സംഗതി വിശദീകരിക്കുക.

സ്വന്തവസ്തുക്കളുടെ തന്നെയും സ്വാതന്ത്ര്യമായ നടത്തലും ഉപയോഗവും ദാരിദ്ര്യവ്രതം മൂലം സന്യാസിക്കു മുടക്കപ്പെടുന്നു.

ഏതുനിമിത്തമത്രെ, സന്യാസി സാമാന്യ ദാരിദ്ര്യവ്രതം അനുഷ്ഠിക്കുന്നതിനു മുമ്പായിത്തന്നെ തന്റെ വസ്തുക്കളും അവയുടെ നടത്തലും സംബന്ധിച്ചു് വേണ്ട ഏർപ്പാടുകൾ ചെയ്തിരിക്കണമെന്നു സഭാനിയമങ്ങൾ അനുശാസിക്കുന്നതു്. (85).

59. ദാരിദ്ര്യം സംബന്ധിച്ചു ശ്രേഷ്ഠന്മാക്കുള്ള കടമകൾ എന്തെല്ലാം?

ദാരിദ്ര്യവ്രതത്തിന്റെ സംഗതിയിൽ ശ്രേഷ്ഠന്മാക്കു, തങ്ങളെയും തങ്ങളുടെ കീഴുള്ളവരെയും സംബന്ധിച്ചുള്ള കടമകളുണ്ടു്.

a) തങ്ങളെ സംബന്ധിച്ചു പറഞ്ഞാൽ, അവർ മറ്റുള്ളവരെപ്പോലെ തന്നെ വ്രതപ്രസ്താവന ചെയ്തിട്ടുള്ളവരാകയാൽ, തനതു കായ്ത്തിൽ മാറ്റവക്കുള്ള കടമകൾതന്നെ അവക്കു മുണ്ടായിരിക്കുന്നു. ഇങ്ങനെതന്നെ ക്രൂത്തിന്റെ വസ്തുക്കൾ നടത്തുന്നതിലും ചിലവിടുന്നതിലും ഉടമസ്ഥന്മാരെപ്പോലെയും കൈത്താക്കന്മാരെപ്പോലെയും പ്രവർത്തിക്കുവാൻ അവക്കു പാടുള്ളതല്ല. പിന്നെയോ, മേലധികാരത്തിന്റെ ഉപകരണങ്ങളായും സഭാ ക്രമങ്ങൾക്കനുരൂപമായും മാത്രമേ പ്രവർത്തിപ്പാൻ പാടുള്ളു. ഇതിലെ അവരുടെ ലംഘനങ്ങൾ വ്രതത്തിനു വിരോധമായ സ്വന്ത ആളിനടുത്ത കുറ്റമാകുന്നതുമെന്നെ, ഉത്തുപിനടുത്ത വേറൊരു കുറ്റം കൂടെയും വിശേഷാൽ ഉളവാക്കുന്നു.

b) തങ്ങളുടെ കീഴുള്ളവരെ സംബന്ധിച്ചു പറയുന്നെങ്കിൽ, ശ്രേഷ്ഠന്മാർ തങ്ങൾക്കു അനുവദിക്കുന്നതിനൊ കൊടുക്കുന്നതിനൊ അർഹതയില്ലാത്ത വസ്തുക്കളെ കീഴുള്ളവക്കനുവദിക്കയൊ കൊടുക്കുകയൊ ചെയ്യാൽ ദാരിദ്ര്യവ്രതത്തെ ലംഘിക്കയും, അവർ കൊടുക്കുന്ന അനുമതി അവാസ്തവമായി തീരുകയും ചെയ്യും. മാത്രമല്ല, തങ്ങളുടെ കീഴുള്ളവരിൽ വ്രതലംഘനത്തെ തടയുവാൻ പാടുള്ളപ്പോൾ അപ്രകാരം ചെയ്യാതെ കണ്ണു

ടച്ചുകളയുന്നതു ശ്രേഷ്ഠന്മാരുടെ ഭാഗത്തു കുറേറമുള്ള ഒരു സംഗതിയാകുന്നു. (65.....)

60. ദാരിദ്ര്യവ്രതലംഘനം ചാവുദോഷമാകണമെങ്കിൽ സാധനം എത്ര വലിയതായിരിക്കണം?

സാധാരണമായി പറഞ്ഞാൽ മൈവത്തിന്റെ ഏഴാം പ്രമാണത്തോടു വിരോധമായി ചാവുദോഷമുണ്ടാകുന്നതിനു ആവശ്യപ്പെടുന്നിടത്തോളം സാധനം വേണ്ടിവരും. എങ്കിലും പല സംഗതികളിൽ ഇതിലുമധികം സാധനം ആവശ്യപ്പെടും.

61. ഒരു സന്യാസി സ്വന്ത വ്രതത്തെ ലംഘിക്കുന്നതിൽ, നീതിക്കു വിരോധമായി പിഴക്കുന്നതിനും, തൻമൂലം ഉത്തരവാദത്തിനു കടപ്പെടുന്നതിനും പാടുണ്ടോ?

ധാരാളം പാടുണ്ടു്. ഒരു സന്യാസി തന്റെ അയല്ക്കാരന്റെയോ, ക്രൂട്ടത്തിന്റെയോ വസ്തു മോഷ്ടിക്കുകയും കുറ്റാർഹമായി നഷ്ടമാക്കുകയും ചെയ്തുമെങ്കിൽ അതൊക്കെയും തന്റെ വ്രതത്തിനും നീതിക്കും വിരോധമായിട്ടുള്ളതാണു്. അപ്പോൾ ക്രൂട്ടത്തിന്റെ നേരെയും ഉത്തരവാദത്തിനു് കടമുണ്ടായിരിക്കും. ഇതിനാൽ ആശ്രമത്തിനു വരുത്തിയ നഷ്ടത്തിനു തനതു വസ്തുക്കൾകൊണ്ടോ, പാടുണ്ടെങ്കിൽ വല്ല അസാമാന്യ വേലകൊണ്ടോ പരിഹാരം ചെയ്യണം; അഥവാ ശ്രേഷ്ഠന്മാരിൽനിന്നു വിമോചനം ലഭിക്കണം.

III ദാരിദ്ര്യവ്രത ലംഘനത്തിൽനിന്നു ഒഴിവാക്കുന്ന അനുവാദവും നടപ്പും.

A. അനുവാദം

62. വ്രതത്തിനു വിരോധമായ തെറ്റു അനുവാദംമൂലം നിങ്ങുന്നതെന്തുകൊണ്ടു്?

വ്രതം വിലക്കുന്ന ഉടമസ്ഥനടുത്ത പ്രവൃത്തിയെ അനുവാദം നിക്കിക്കളയുന്നതുകൊണ്ടുതന്നെ. എന്തെന്നാൽ, അനുവാദം ലഭിച്ചശേഷം ഒരു സന്യാസി പ്രവർത്തിക്കുന്നതു്, വസ്തുവിന്റെ

കത്താവിനെപ്പോലെയോ ഉടമസ്ഥനെപ്പോലെയോ അല്ല, പിന്നെയൊ ശ്രേഷ്ഠന്റെ ഒരുപകരണംപോലെ മാത്രമാകുന്നു.

63. എല്ലാ അനുവാദവും പാപത്തിൽ നിന്നൊഴിക്കുമോ?

ഇല്ല. ന്യായമായിട്ടുള്ള അനുവാദം മാത്രമെ പാപത്തിൽനിന്നൊഴിക്കയുള്ളു.

64. ഇതു ദാരിദ്ര്യത്തെപ്പോലെതന്നെ കീഴ്ഴ്ക്കത്തെയും സംബന്ധിക്കുന്ന ഒരു കാര്യമാകയാൽ വ്യക്തമായി വിവരിക്കുക.

അനുവാദങ്ങൾ വിവിധ തരമുണ്ട്: വാസുവവും അവാസുവവും; ന്യായവും അന്യായവും; സ്പഷ്ടവും അസ്പഷ്ടവും; പ്രത്യേകവും പൊതുവും; ഉപാധിതവുമായുള്ള അനുവാദങ്ങളുമുണ്ട്.

65. വാസുവവും അവാസുവവുമായുള്ള അനുവാദമെന്താകുന്നു?

ശ്രേഷ്ഠനു അനുവദിപ്പാൻ അധികാരമുള്ളപ്പോൾ കൊടുക്കുന്ന അനുവാദം വാസുവവും തന്റെ അധികാരം കടന്നുകൊടുക്കുന്ന അനുവാദം അവാസുവവുമാകുന്നു.

66. അവാസുവമായ ഒരു അനുവാദത്തെക്കുറിച്ചു എന്തു പറയേണ്ടിയിരിക്കുന്നു.

ദാരിദ്ര്യത്തിന്റെ വിഷയത്തിൽ അവാസുവമായ അനുവാദം കൊടുക്കുന്ന ശ്രേഷ്ഠൻതന്നെ തന്റെ വ്രതത്തിനു വിരോധമായി പിഴയ്ക്കുന്നതുകൂടാതെ, ആ അനുവാദം അവാസുവമാണെന്നു അറിയുന്നപക്ഷം, കീഴുള്ളവനും പിഴയ്ക്കുന്നു.

വ്യാജമായൊ കള്ളമുഖാന്തരങ്ങൾ പറഞ്ഞൊ ലഭിക്കുന്ന അനുവാദം അവാസുവമാകുന്നു. കീഴുള്ളവൻ അതുകൊണ്ടു വ്രതത്തിനെതിരായ പാപത്തിൽ നിന്നൊഴിയുന്നതുമല്ല.

67. ന്യായവും അന്യായവുമായ അനുവാദം എന്താകുന്നു?

ന്യായമായ മുഖാന്തിരങ്ങൾ നിമിത്തം കൊടുക്കപ്പെടുന്ന അനുവാദം ന്യായമായ അനുവാദമാകുന്നു. തക്ക അധികാരമുള്ള ആളുകളിൽനിന്നുതന്നെ ആയിരുന്നാലും, മതിയായ കാരണം കൂടാതെ കൊടുക്കപ്പെടുന്ന അനുവാദം അന്യായമായ അനുവാദമാകുന്നു.

68. അന്യായമായ അനുവാദത്തെക്കുറിച്ചു എന്തു പറവാനുണ്ട്?

അന്യായമായ അനുവാദം ശ്രേഷ്ഠനെയും കീഴുള്ളവനെയും വ്രതത്തിനെതിരായ പാപത്തിൽനിന്നു വിമോചിക്കുന്നു

ണ്ടെങ്കിലും, ക്രമരഹിതമായ പ്രവർത്തനം മൂലം ഉളവാകുന്ന പാപത്തിൽനിന്നും വിമോചിക്കുന്നില്ല. സംശയമുള്ള കാര്യങ്ങളിൽ ശ്രേഷ്ഠനോടു അനുമതി ചോദിച്ചിട്ടു കിട്ടിയെന്നു വന്നാൽ ആ അനുവാദം കീഴുള്ളവനു സംശയംകൂടാതെ ഉപയോഗപ്പെടുത്താം. "ശ്രേഷ്ഠനാൽ നൽകപ്പെട്ടിരിക്കുന്നതു വർദ്ധനസ്സുവേണ്ടിയല്ലാതെ നാശത്തിനുവേണ്ടിയല്ല" എന്നാണ് വി. പൌലോസുശ്ലീഹായുടെ പഠനം. ഒരനുവാദമാകട്ടെ നീതിപ്രകാരമുള്ളതാകണമെങ്കിൽ, അതു വാസ്തവവും ന്യായവുമായിരിക്കണം.

പൊതുവായി പറഞ്ഞാൽ ശ്രേഷ്ഠനാൽ സ്ഥാപിതമായ ക്രമം നിലനിർത്തുക, അഥവാ പെരുമാറ്റവസ്തുക്കൾക്കുവേണ്ടി സഭാക്രമത്തിന്റെ അരൂപിക്കു വിരുദ്ധമായ സാമാനങ്ങൾക്കായും, അനാവശ്യവസ്തുക്കൾക്കായും വിഷയസുഖഭോഗങ്ങൾക്കായും ചെലവു ചെയ്യുന്നതിനെ കീഴുള്ളവർക്കു അനുവദിക്കുന്നതിനൊ പാടുള്ളതല്ല. ഇതു ക്രമത്തിനു ആദായം വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടെത്തന്നെ ആയിരുന്നാലും, പാടുള്ളതല്ല. എന്തുകൊണ്ടെന്നാൽ സന്യാസികൾ ആദായവ്രതമല്ല ദാരിദ്ര്യവ്രതമത്രേ ചെയ്യുന്നതു്. എന്നാൽ പെരുമാറ്റവസ്തുക്കൾ അനാവശ്യകങ്ങളൊ, സുഖഭോഗപരമൊ ആണോ എന്നതിനെ സംബന്ധിച്ചു ഖണ്ഡിതമായ ഒരു തീരുമാനം പറയാൻ പ്രയാസമാണ്. ഇതിലേയ്ക്കു ഓരോ സന്യാസ സഭയുടെയും പ്രമാണവും നടപ്പും അരൂപിയും മറ്റും പരിഗണിക്കേണ്ടതാണ്. ഉദാഹരണമായി ഒരു കർത്തുസ്യൻ സന്യാസിക്കൊ, ഫ്രാൻസിസ്കൻ സന്യാസിക്കൊ അനാവശ്യകമൊ, ആഡംബരപരമോ ആയി തോന്നുന്ന ഒരു വസ്തു ഒരു ജസ്വീറ്റു സന്യാസിക്കോ അദ്ധ്യാപന ജോലിക്കാരായ മറ്റു വല്ല സന്യാസികൾക്കൊ അവിഹിതമായി പരിഗണിക്കപ്പെടുകയില്ല.

69. സ്പഷ്ടമായ അനുവാദമെന്താകുന്നു?

സ്പഷ്ടമായ അഥവാ തിരിച്ചുള്ള അനുവാദമെന്നുവച്ചാൽ ശ്രേഷ്ഠൻ വ്യക്തമായും മുറപ്രകാരവും കൊടുക്കുന്ന അനുവാദമാകുന്നു.

70. മുറപ്രകാരമുള്ള അല്ലെങ്കിൽ സ്പഷ്ടമായ അനുവാദത്തെക്കുറിച്ചു എന്തു വിചാരിക്കുന്നു?

ഈ അനുവാദം വാസ്തവവും ന്യായമുള്ളതുമാകുമ്പോൾ, ഇതു മറ്റെല്ലാ അനുവാദങ്ങളെക്കാളും ഭദ്രമായതാകുന്നു എന്നതിനു സംശയമില്ല.

71. അസ്പഷ്ടമായ അനുവാദം എന്നു പറഞ്ഞാലെന്താകുന്നു?

അസ്പഷ്ടാനുവാദം, മൌനാനുവാദം, ഉള്ളർത്ഥാനുവാദം എന്നെല്ലാം പറയുന്നതു ശ്രേഷ്ടൻ തന്റെ മൌനംമൂലം കൊടുക്കുന്നതോ അല്ലെങ്കിൽ സ്പഷ്ടമായ ഒരനുവാദത്തിൽ അന്തർഭവിച്ചിരിക്കുന്നതോ ആയ ഒരനുവാദമാകുന്നു. ഉദാഹരണമായി, വല്ലതും വാങ്ങിക്കുന്നതിനു നിന്നോടു പറഞ്ഞാൽ അതിനാവശ്യമായ ചെലവു ചെയ്യുന്നതിനു നിനക്കു മൌനാനുവാദം അഥവാ ഉള്ളർത്ഥാനുവാദമുണ്ട്.

72. മൌനാനുവാദപ്രകാരം പ്രവർത്തിക്കുന്നതിൽ ഒരു സന്യാസിക്കു മനസാക്ഷിയിൽ ചാഞ്ചല്യം തോന്നാതിരിക്കുമോ?

മൌനാനുവാദമുണ്ടെന്നു വിചാരിക്കുന്നതിനു നല്ല ന്യായങ്ങളുണ്ടായിരിക്കയും അതിനു വ്യാജമായ യാതൊരു പൊരുൾ തിരിപ്പും കൊടുക്കാതിരിക്കയും ചെയ്യുന്നപക്ഷം ഇപ്രകാരമുള്ള അനുവാദം മതി.

73. പ്രത്യേകാനുവാദവും പൊതുവനുവാദവും എന്താകുന്നു?

ശ്രേഷ്ടൻ ഒരുവനു ഒരേകസംഗതിക്കായി കൊടുക്കുന്ന അനുവാദം പ്രത്യേകാനുവാദമാകുന്നു. ഒരേ സംഗതിക്കുതന്നെ പലർക്കു കൊടുക്കുന്നതോ അഥവാ ഒരുവനു പല തവണത്തേക്കു കൊടുക്കുന്നതോ അല്ലെങ്കിൽ പല സംഗതികൾക്കായി ഒരുവനുതന്നെ കൊടുക്കുന്നതോ ആയ അനുവാദം പൊതുവനുവാദമാകുന്നു.

74. പൊതുവനുവാദത്തെക്കുറിച്ചു എന്തു പറവാനുണ്ട്?

പൊതുവനുവാദം നീതികുനുരൂപമായിട്ടുള്ളതാണെന്നതിനു സന്ദേഹമില്ല. എങ്കിലും സന്യാസക്രമാനുഷ്ഠാനത്തെ ക്ഷീണിപ്പിക്കുന്നതിനു അതു കാരണമാകുന്നെങ്കിൽ, ഈയനുവാദം അനീതിയായിട്ടുള്ളതാകും.

75. ഊഹിതാനുവാദമെന്നുവച്ചാൽ എന്താകുന്നു? അതിന്റെ ശക്തിയെന്തു?

ശ്രോഷ്ടനോട് ചോദിച്ചാൽ, ന്യായമായി തരുമെന്നു നാം കരുതുന്നതുകൊണ്ടു ശ്രോഷ്ടന്റെ മനസ്സിലുള്ളതായി നാം ഊഹിക്കുന്ന ഒരനുവാദമത്രെ ഊഹിതാനുവാദം. ഈ അനുവാദത്തെക്കുറിച്ച് പലപ്പോഴും സന്ദേഹിക്കേണ്ടതാണ്. എന്നു മാത്രമല്ല ക്രമമറ്റ വല്ല പക്ഷം നിമിത്തം, അനുവാദമുണ്ടെന്നു കള്ളമായി ഊഹിക്കയൊ, ശ്രോഷ്ടനോട് ചോദിക്കുമ്പോൾ മാത്രമേ അയാൾക്ക് അനുവദിപ്പാൻ മനസ്സുള്ളു എന്ന് അറിഞ്ഞിരിക്കുകയോ ചെയ്യുമ്പോൾ, ഊഹിതാനുവാദത്തിനു യാതൊരു ബലവുമില്ല. എന്നാൽ സുവിശ്വാസത്തോടുകൂടിയ ഊഹിതാനുവാദം ഖണ്ഡിതമായി പറഞ്ഞാൽ, ശ്രോഷ്ടനോട് ചോദിക്കുന്നതിനു അസാദ്ധ്യമൊ പ്രയാസമൊ ആയി വരുന്ന സംഗതികളിലെങ്കിലും മതിയാകുന്നതാണ്. തന്നെയുമല്ല, ഉപകാരപ്രദമായ വല്ലൊരവസരം പൊയ്പോകാതിരിപ്പാനും മറുമായി ഇപ്രകാരം നാം ഊഹിക്കുന്നതിനു ശ്രോഷ്ടൻ മനസ്സായിരിക്കുന്നു എന്നു നമുക്കു നിശ്ചയമുണ്ടെങ്കിൽ ഈ ഊഹിതാനുവാദത്തെ പ്രയോഗിക്കയും ചെയ്യാം.

76. അനുവാദമുണ്ടെന്നു നാം വ്യാജമായിട്ടല്ല ഊഹിക്കുന്നതെന്നു നമുക്കുറപ്പുണ്ടാകുന്നതിനുള്ള മാർഗ്ഗമെന്ത്?

ഒരു സന്യാസി അശേഷവും സ്വസ്നേഹംകൂടാതെ, ശ്രോഷ്ടന്റെ മനസ്സിൻ മുമ്പാകെ തന്നെത്തന്നെ പരമാർത്ഥമായി നിത്തി ആ സമയത്ത് ശ്രോഷ്ടൻ തന്നോട് കല്പിക്കുമെന്നു തോന്നുന്നതിനെ ശരിയായി നിരവേറ്റുമെങ്കിൽ അത് ഒരു നല്ല ഊഹിതാനുവാദമായിരിക്കും. എന്നാൽ ഈ സംഗതിയിൽ, യഥാർത്ഥത്തിങ്കൽ ഒരു പക്ഷെ തെറ്റിപ്പോയി എന്നു വന്നാലും ദൈവതിരുമുമ്പാകെ അയാൾക്ക് കുറ്റമുണ്ടാകയില്ല.

B. നടപ്പുകൾ

ന്യായമായ നടപ്പിനെ മൌനാനുവാദത്തിന്റെയും പൊരുവനുവാദത്തിന്റെയും ഗണത്തിൽ ചേർക്കാം.

77. നടപ്പു എന്നു വെച്ചാലെന്ത്?

സാമാന്യമായി പറഞ്ഞാൽ, നടപ്പെന്നത് പ്രമാണത്തിന്റെ വല്ലൊരു സംഗതി പൊരുൾതിരിക്കുന്നതിനൊ മിതപ്പെടുത്തുന്നതിനൊ വേണ്ടി ഒരു സഭയിൽ പ്രായേണ വന്നിട്ടുള്ള എഴുതപ്പെടാത്ത ഒരു മുറയാകുന്നു. ന്യായമായി സ്ഥിരപ്പെട്ടുറപ്പെട്ട ഒരു നടപ്പു സാക്ഷാൽ ഒരു പ്രമാണംപോലെ മുടക്കു

ന്നതിനും അനുവദിക്കുന്നതിനും ശക്തിയുള്ളതാകുന്നു. എന്നാൽ ന്യായമായി സ്ഥിരപ്പെട്ടത്തപ്പെട്ടതല്ലെങ്കിൽ അതിനു യാതൊരു ബലവുമില്ല.

78. ഒരു നടപ്പു ന്യായമായിട്ടുള്ളതാകുന്നതു എപ്പോൾ?

നടപ്പു ന്യായമായിട്ടുള്ളതാകണമെങ്കിൽ, അതു മൂന്നു ലക്ഷണങ്ങളോടുകൂടിയതായിരിക്കണം. അതു യുക്തിയുക്തമായിരിക്കണം; സഭയിലെ തീക്ഷ്ണതയുള്ള ഭൂരിഭാഗവും സാക്ഷാൽ അനുസരിച്ചുവരുന്നതായിരിക്കണം; കാലഹരണത്താൽ മതിയാകും വണ്ണം സ്ഥിരപ്പെട്ടത്തപ്പെട്ടതും തക്കതായ യാതൊരധികാരത്താലും (40 കൊല്ലങ്ങളായിട്ട്) ഏതുവാളം ചെയ്യപ്പെടാത്തതുമായിരിക്കണം.

ഒരു സന്ന്യാസക്രൂട്ടത്തിൽ, യാതൊരു സ്ഥലശ്രേഷ്ഠനാൽ സ്ഥിരപ്പെട്ടത്തപ്പെട്ട ഒരു നടപ്പു സാമാന്യമായ ദുരാചാരം മാത്രമേ ആകയുള്ളു. അതിനെ അനുസരിക്കുന്നവർക്ക് ഒഴികഴിവുണ്ടാകുന്നതുമല്ല. ഒരു നടപ്പ് അതിന്റെ ആരംഭത്തിൽ, അതിനെ വിരോധിക്കാതിരുന്ന ശ്രേഷ്ഠന്മാരിൽ ക്രൂടെയും ആക്ഷേപയോഗ്യമായിട്ടുള്ളതായിരിക്കാം. എങ്കിലും കാലഹരണംകൊണ്ടും അധികം വലിയ തിന്മ ദൂരീകരിക്കുന്നതിനുവേണ്ടിയും ഈ നടപ്പു തന്നെ പിന്നീട്ട ന്യായമായിട്ടുള്ളതായിത്തീരുവാൻ കഴിയും. മൂരുങ്ങിയ പക്ഷം പാപത്തിൽ നിന്നൊഴിക്കുന്നതിനുള്ള ശക്തിയെങ്കിലും അതിനുണ്ടായിരിക്കും. ഇതു സാക്ഷാൽ ചില സഭകളിൽ മൂലപ്രമാണത്തിന്റെ പല സംഗതികൾ ബന്ധിച്ചും സംഭവിച്ചിട്ടുള്ളതാണ്.

രണ്ടാം സഗ്ഗം

ദാരിദ്ര്യപുണ്യം

I. ദാരിദ്ര്യപുണ്യം സന്ന്യാസികളുടെമേൽ ചുമത്തുന്ന കടമകൾ.

* 79. ദാരിദ്ര്യപുണ്യം എന്താകുന്നു?

അതു ഒരു ക്രിസ്ത്യാനിയുടെ ഹൃദയത്തെ അനിത്യ വസ്തുക്കളോടുകൂടിയിൽ നിന്നും അകറുന്നതിനു് മനസ്സാക്കുന്ന ഒരു സുവിശേഷപുണ്യമാകുന്നു.

* 80. ഇതു് സന്യാസിക്കു് പ്രത്യേകവിധം യോജിച്ച ഒരു പുണ്യമാണോ?

അതെ. എന്തെന്നാൽ, സന്യാസി ദാരിദ്ര്യവ്രതം അനുഷ്ഠിക്കുന്നതിന്റെ ഉദ്ദേശ്യംതന്നെ 'മനോ ദരിദ്രർ ഭാഗ്യവാന്മാരാകുന്നു' എന്നുള്ള പ്രഥമ സുവിശേഷ ഭാഗ്യത്തിനനുരൂപമായി സൃഷ്ടവസ്തുക്കളിൽ നിന്നുള്ള ആന്തരികമായ അകൽച്ച പ്രാപിക്കണം എന്നതാണു്.

81. ഒരു സന്യാസി ദാരിദ്ര്യ പുണ്യത്തിനു വിരോധമായി പിഴയ്ക്കുന്നതെപ്പോഴാകുന്നു?

ഒരു സന്യാസി തന്റെ ദാരിദ്ര്യവ്രതത്തെ ലംഘിക്കാതെതന്നെ, ദാരിദ്ര്യപുണ്യത്തിനു വിരോധമായി മൂന്നു വിധത്തിൽ പിഴപ്പാൻ പാടുണ്ടു്:—

a) താൻ ത്യജിച്ച വസ്തുക്കളുടെമേൽ വീണ്ടും പക്ഷം വെക്കുകയൊ അതിനെക്കുറിച്ചു ക്ലേശിക്കയൊ ചെയ്യുന്നതിനാലും; തനിക്കു കിട്ടാത്തതും തന്റെ സന്യാസത്തിനു യോജിക്കാത്തതുമായ വസ്തുക്കളെ മനഃപൂർവ്വം ആഗ്രഹിക്കുന്നതിനാലും;

b) സ്വന്തം ഉപയോഗത്തിനു അനുവദിക്കപ്പെട്ട വസ്തുക്കളിന്മേൽ തന്നെയും ക്രമമറ്റ പക്ഷം വെയ്ക്കുന്നതിനാലും;

c) സ്വന്തം ഉപയോഗത്തിനു അനാവശ്യമായ വസ്തുക്കളൊ, അനുചിതമായവയൊ, വിലയേറിയവയൊ സംഗ്രഹിക്കുന്നതിനാലും.

ദൈവത്തിന്റെ പത്താം പ്രമാണത്തോടു മുട്ടുള്ള ഒരു പാപം ചിലപ്പോൾ വ്രതലംഘനംകൂടെയുമാകും എന്നു സന്യാസി അറിഞ്ഞിരിക്കണം. കുറ്റാർഹമായ ഉള്ളിനടുത്ത ആഗ്രഹത്തിനു് പുറമെയുള്ള പ്രവൃത്തിയുടെ തിന്മയും തരവും ചേർന്നിരിക്കുന്നു എന്നതാണു് ഇതിന്റെ കാരണം.

82. ദാരിദ്ര്യപുണ്യം സന്യാസികളുടെമേൽ ചുമത്തുന്ന മുഖ്യമായ കടമ എന്താണു്?

ദാരിദ്ര്യപുണ്യം സന്യാസികളുടെമേൽ ചുമത്തുന്ന മുഖ്യമായ കടമ പൊതുജീവിതമാകുന്നു. ഈ പൊതുജീവിതം ഓരോരുത്തർക്കു നിരവധി യോഗ്യതകളുടെ ഒരു ഉറവയത്രെ.

83. പൊതുജീവിതമെന്നുവെച്ചാൽ എന്താകുന്നു?

ഒരു സന്യാസഭവനത്തിലെ പൊതുജീവിതമെന്നതു്, എല്ലാവരും ശ്രേഷ്ഠന്മാർക്കുടെയും മറ്റുള്ളവർക്കു കൊടുക്കപ്പെടുന്ന

ഭക്ഷണം, വസ്ത്രം, പൊതുമാറ്റസാമാനങ്ങൾ മുതലായവകൊണ്ടു തൃപ്തിപ്പെട്ടു സാക്ഷാൽ ആവശ്യപ്പെട്ടതല്ലാതെ യാതൊരു സംഗതിക്കും വിശേഷസ്വാതന്ത്ര്യം അല്പംപോലും പ്രയോഗിക്കാതിരിക്കുന്നതിലടങ്ങിയിരിക്കുന്നു.

പൊതുജീവിതം സന്ന്യാസാശ്രമിയെ കാത്തുപരിപാലിക്കുന്നതിനുള്ള ഒരു പ്രധാന സംഗതിയാകുന്നു. ആകയാൽ ശ്രേഷ്ഠന്മാർ ജാഗ്രതയോടും സ്ഥിരതയോടും ഇതിനെ സംരക്ഷിക്കുന്നതിനു മുമതലക്കാരാകുന്നു. കീഴുള്ളവരും ഇതിനെ അനുസരിക്കുന്നതിൽ അത്യന്ത ശ്രദ്ധാന്തിയും സൂക്ഷ്മതയുമുള്ളവരായിരിക്കണം. എന്നാൽ ഇതിൽ ശ്രദ്ധാർഹങ്ങളായ രണ്ടു സംഗതികളുണ്ട്. ക. ശ്രേഷ്ഠന്മാർ ഓരോരുത്തരുടെ ആവശ്യങ്ങൾക്കു തക്കവണ്ണം വേണ്ടതു ശരിയായി കൊടുത്തുകൊണ്ടു മാത്രമേ പൊതുജീവിതത്തെ മുടുക്കാവൂ. ഖ. ന്യായമായ കാരണങ്ങളുള്ളതും, ശ്രേഷ്ഠനു ന്യായമായി കൊടുക്കാൻ അധികാരമുള്ളതുമായ വല്ല ഒരൊഴിവു പൊതുജീവിതത്തിനു വിരുദ്ധമല്ല.

84. പൊതുജീവിതത്തിനു് ഏറ്റവും ഉപദ്രവകരമായതു എന്താകുന്നു?

പൊതുജീവിതത്തിനു ഏറ്റവും ഉപദ്രവജനകമായതു പണത്തിന്റെ സ്വകായ്യ പെരുമാറ്റമാകുന്നു. അതായതു്, സന്ന്യാസിയുടെ തനതു സ്വത്തിൽനിന്നോ, അല്ലെങ്കിൽ മാതാപിതാക്കന്മാരിൽനിന്നും മറ്റും കിട്ടുന്ന ദാനങ്ങളിൽനിന്നോ വരുന്ന പണം ശ്രേഷ്ഠന്റെ അനുവാദത്തോടുകൂടെ തന്നെയായിരുന്നാലും സ്വാതന്ത്ര്യമായി ഉപയോഗിക്കുന്നതത്രേ. ഈ ദുഷ്പ്രയോഗം സന്ന്യാസാശ്രമിക്കു നാശഹേതുകമാണെന്നു മാത്രമല്ല, സന്ന്യാസസഭകളെ ക്ഷയിപ്പിക്കുക കൂടെയും ചെയ്യുമെന്നതിനു സന്ദേഹമില്ല. ഇതിനു ഏകദേശം തുല്യമായ വേറൊരു ദുഷ്പ്രയോഗമുണ്ടു്. അതു ഭാഷ കാണിപ്പാൻ വേണ്ടി മാത്രം മോടിക്കുന്നതും, മുഖപ്രീതിയെക്കുറിച്ചുമാത്രം നൽകപ്പെട്ടതുമായ അനുവാദങ്ങളെ അടിസ്ഥാനപ്പെടുത്തി മേൽപ്പറഞ്ഞ പണംകൊണ്ടു കൈകായ്യം ചെയ്യുന്നതാകുന്നു. ഇങ്ങനെയുള്ള നടത്തകൾ സന്ന്യാസസമൂഹങ്ങളിൽ ദാരിദ്ര്യമെന്ന പുണ്യത്തിനു മാത്രമല്ലാ സഹോദരന്മാരുടെ ഇടയിൽ അവശ്യം ഉണ്ടാകേണ്ടതായ സന്തോഷത്തിനും ഐകൃത്തിനും ഉപദ്രവജനകമാകുന്നു.

II. സന്ന്യാസി സ്വന്ത വസ്തുകൊണ്ടു ചെയ്യുന്ന വിനിയമനം

85. സന്ന്യാസിക്കു സ്വന്ത വസ്തുവിന്മേലുള്ള കർത്തവ്യം ദാരിദ്ര്യവ്രതം മൂലം ഒഴിഞ്ഞപ്പോൾ ശ്രേഷ്ഠന്മാരുടെ അധികാരത്തിന്മേൽ അശേഷവും ആശ്രയിക്കാതെ അതുകൊണ്ടു എന്തെങ്കിലും ചെയ്യാമോ? ഈ സംഗതിയിൽ പുതിയ കാനോൻ നിയമം എന്താണ് അനുശാസിക്കുന്നതു്?

ശ്രേഷ്ഠന്മാരുടെ അനുമതിക്കൂടാതെ തനതു വസ്തുകൊണ്ടു എന്തെങ്കിലും സ്വാതന്ത്ര്യമായി ചെയ്വാൻ സന്ന്യാസവ്രതം അനുവദിക്കുന്നില്ല.

സന്ന്യാസിക്കു കർത്തവ്യമുള്ള വസ്തുവിന്റെ വിനിമയം സംബന്ധിച്ചു പുതിയ കാനോൻ നിയമത്തിലെ നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:-

a) നവസന്ന്യാസികൾ തങ്ങളുടെ വസ്തുക്കൾ ഉപേക്ഷിച്ചാൽ അതു സാധുവായിരിക്കയില്ല. (c. 568).

സാമാന്യ വ്രതങ്ങൾ അനുഷ്ഠിക്കപ്പെടുന്ന സഭകളിൽ നവസന്ന്യാസികൾ തങ്ങൾക്കുള്ളതും ഉണ്ടാകാൻ പാടുള്ളതുമായ വസ്തുക്കളെക്കുറിച്ചു ആദ്യവ്രതാനുഷ്ഠാനത്തിനുമുൻപു പൂർണ്ണസ്വാതന്ത്ര്യത്തോടെ മരണശാസനം എഴുതിവെയ്ക്കണം (c. 569. 3).

b) സാമാന്യ വ്രതാനുഷ്ഠാനശേഷം:-

നവസന്ന്യാസിയുടെ മരണശാസനത്തിൽ വല്ല ഭേദഗതിയും വരുത്തണമെങ്കിൽ തിരുസിംഹാസനത്തിന്റെ അനുവാദം അവശ്യമാണ്. അത്യാവശ്യ സന്ദർഭങ്ങളിൽ തക്കതായ അധികാരിയുടെ അനുമതിയോടെ ഭേദഗതി ചെയ്യാം (c. 583. 2).

സഭാചട്ടങ്ങൾ മറുവിധത്തിൽ നിഷ്കർഷിക്കുന്നില്ലെങ്കിൽ സന്ന്യാസിക്കു സ്വന്ത വസ്തുക്കളുടെ മൂലകർത്തവ്യം ഉണ്ടാകാം. വേറെ വസ്തുക്കൾ സ്വായത്തമാക്കാനുള്ള പ്രാപ്തിയുമുണ്ട്. (c. 580. 1). എന്നാൽ അയാളുടെ കർത്തവ്യം ദാനത്താലോ, ജീവിക്കുന്നവർ തമ്മിലുള്ള കാരണങ്ങളാലോ വിട്ടുപേക്ഷിക്കാൻ പാടുള്ളതല്ല. (c. 583. 1.)

അയാളുടെ പരിശ്രമത്താലോ, വേലയാലോ, സഭയുടെ അംഗമെന്ന നിലയിലോ അയാൾക്കു ലഭിക്കുന്നതെല്ലാം സഭയുടെ വകയായിരിക്കും (c. 580. 2).

c) ആഘോഷവ്രതങ്ങൾ ചെയ്യുന്നതിനു മുമ്പുള്ള അതു പതു ദിവസങ്ങൾക്കുള്ളിൽ സന്യാസി തനിക്കുള്ള സകല വസ്തുക്കളും – മറിച്ചു പ്രത്യേകാനുമതി ലഭിച്ചിട്ടില്ലാത്തപക്ഷം – ഇഷ്ടമുള്ള ആൾക്കെങ്കിലും ഒഴിഞ്ഞുകൊടുക്കേണ്ടതാണ്. (c. 581).

d) ആഘോഷവ്രതങ്ങൾ അനുഷ്ഠിച്ചശേഷം ദാനമായോ അവകാശമായോ സന്യാസിക്കു കിട്ടുന്നതൊക്കെയും, സമ്പാദ്യം അനുവദിച്ചിട്ടുള്ള സഭയാണെങ്കിൽ, സഭയുടേതായിത്തീരുന്നതായിരിക്കും (c. 582.)

86. നാം ശ്രേഷ്ഠന്മാരോടു ആലോചിക്കേണ്ട സംഗതികൾ എന്തെല്ലാം?

കൊട്ടുകൽവാങ്ങൽ ചെയ്യുന്നതിനും, ദാനം, മരണപത്രോഹരി, മരണപത്രിക മുതലായവ കൊടുക്കുന്നതിനും സ്ഥീകരിക്കുന്നതിനും, ഏതെങ്കിലും മുതൽ അന്യാധീനപ്പെടുത്തുന്നതിനും തനതു വസ്തുവിൽനിന്നുള്ള വരവുകൊണ്ടു് സമ്മാനദാനങ്ങളും മറ്റും ചെയ്യുന്നതിനും ആവശ്യപ്പെടുമ്പോൾ സന്യാസികൾ ശ്രേഷ്ഠന്മാരോടൊ, അറിവുള്ള മഹത്തുക്കളോടൊ ആലോചിക്കേണ്ടിയിരിക്കുന്നു.

III. സന്യാസദാരിദ്ര്യത്തിന്റെ ഉപകാരങ്ങളും അതിന്റെ അഭ്യാസവും

* 87. സന്യാസദാരിദ്ര്യത്തിന്റെ ഉപകാരങ്ങളും വിശേഷതയുമെന്താകുന്നു?

സന്യാസദാരിദ്ര്യത്തിന്റെ വിശേഷത രണ്ടു സാഹചര്യങ്ങളിൽനിന്നു പ്രത്യക്ഷപ്പെടുന്നു. ആദ്യമെന്നെ, അതു സന്യാസസഭയുടെ കോട്ടയെന്നു വിളിക്കപ്പെടുന്നു. അതായതു്, സന്യാസദാരിദ്ര്യം, ക്രൂശും മുഴുവന്റെയും ഓരോ സഭാംഗത്തിന്റെയും അസ്ഥിവാരവും കോട്ടയുമാകുന്നു. മാത്രമല്ലാ, സന്യാസദാരിദ്ര്യത്തിന്റെ അരുചി പ്രാപിക്കയും, ദാരിദ്ര്യത്തെ വിശ്വസ്തതയോടും സൂക്ഷ്മതയോടുംകൂടെ അനുസരിക്കയും ചെയ്യുന്നവനു അതു യോഗ്യതകളുടെ ഏറ്റവും വലിയതും വിലയേറിയതുമായ ഒരുറവയും ആകുന്നു. ഇതിനാലത്രെ നമ്മുടെ കർത്താവു് സന്യാസദാരിദ്ര്യത്തിനു പ്രതിസമ്മാനമായി ഈ ജീവിതത്തിൽ നൂറുമടങ്ങും നിത്യജീവിതത്തിന്റെ അവകാശവും, മാത്രമല്ല ഒരു മഹാ സ്വർഗ്ഗീയ നിക്ഷേപവും, വാഗ്ദത്തംചെയ്തിരിക്കുന്നതു്.

* 88. അതിന്റെ അഭ്യാസത്തെയും അതിന്റെ പരിപൂർണ്ണതയുടെ പദവികളെയും സംക്ഷേപമായി കാണിക്കുക.

സന്യാസ ദാരിദ്ര്യത്തിന്റെ ബാഹ്യാഭ്യാസത്തെക്കുറിച്ചു പഠഞ്ഞാൽ:– a) ലൌകിക വസ്തുക്കളെയെല്ലാം യഥാർത്ഥമായുപേക്ഷിക്കയും ശ്രേഷ്ഠാനുമതിക്കുടാതെ യാതൊരു വസ്തുകൊണ്ടു കൈകാര്യം ചെയ്യാതിരിക്കയും ചെയ്യുന്നതു് സന്യാസ ദാരിദ്ര്യത്തിന്റെ ഒന്നാം പദവിയാകുന്നു. ഇതു ദാരിദ്ര്യവ്രതത്തിന്റെ വിഷയം ക്രടെയുമാണു്.

b) സാക്ഷാലാവശ്യപ്പെടുന്നവകൊണ്ടു് തൃപ്തിയായിരിക്കയും ക്രമമറ്റ വക്ഷങ്ങളും, നിത്യവൃത്തിക്കു വേണ്ടതിലധികമായുള്ളവയുമെല്ലാം പരിത്യജിക്കയും ചെയ്യുന്നതു രണ്ടാം പദവിയാകുന്നു. ഇതു ദാരിദ്ര്യപുണ്യത്തിനു കടപ്പെട്ടിരിക്കുന്ന വിഷയമാണു്.

c) ക്രൂത്തിൽ ഏറ്റവും കീഴ്ത്തരമായവയിൽ താല്പര്യമായിരിക്കയും, വാസം, വസ്ത്രം, ഭക്ഷണം മുതലായവയിൽ ഏറ്റവും താഴ്ന്നതരംകൊണ്ടു സന്തുഷ്ടിയായിരിക്കയും ചെയ്യുന്നതു മൂന്നാം പദവിയാകുന്നു.

d) സൌഖ്യത്തിനു ഹാനിവരാതെയിരിപ്പാൻ തക്കവണ്ണം വിവേകപൂർവ്വം ചിലപ്പോൾ ആവശ്യകമായിരിക്കുന്നവ ക്രടെയും ഇല്ലാതിരിക്കുന്നതിലിഷ്ടപ്പെടുകയും, നമ്മുടെ കർത്താവീശോമ്ശിഹാ തന്റെ ദാരിദ്ര്യത്തിന്റെ ഓഹരി നമുക്കു നൽകിയരുളുമ്പോൾ ആനന്ദിക്കയും ചെയ്യുന്നതു നാലാം പദവിയാകുന്നു.

ഇനി, സന്യാസ ദാരിദ്ര്യത്തിന്റെ ആന്തരംഗ അഭ്യാസത്തെക്കുറിച്ചു പറയുന്നതായാൽ:– ദാരിദ്ര്യരൂപിയുള്ള ഒരു സന്യാസി ക്രൂത്തിനായോ തനതുപയോഗത്തിനായോ നിശ്ചയിക്കപ്പെട്ടിരിക്കുന്ന സകല വസ്തുക്കളും ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവയായി വിചാരിക്കുന്നു. ഇയാൾ യാതൊന്നിന്മേലും പക്ഷം വെയ്ക്കാതെ എല്ലാം ഏപ്പോഴെങ്കിലും വിട്ടുപേക്ഷിപ്പാൻ സദാ തയ്യാറായിരിക്കുകയും ചെയ്യും. ഇപ്രകാരമുള്ളവൻ വല്ലതും തനിക്കു കിട്ടാതെവന്നാൽ അതു ഒരുപദ്രവമായി ഒരിക്കലും കരുതുകയില്ല. മാത്രമല്ല, തന്നെ ഒരു ദരിദ്രനായി കരുതി തനിക്കു കിട്ടുന്നതെല്ലാം ധർമ്മമായിട്ടു കിട്ടുന്നുവെന്നു സന്തോഷപൂർവ്വം വിചാരിക്കയും തനിക്കു കിട്ടുന്നവയൊക്കെക്കൊണ്ടും നന്ദിയുള്ളവനായിരിക്കയും ചെയ്യും.

കടശി, ദാരിദ്ര്യാരൂപിയുള്ള സന്യാസി ആശാനിഗ്രഹവും തപസ്സും വഴിയായും, ലൌകിക നന്മകളുടെമേലുള്ള നിന്ദ മുഖാന്തരവും, സ്വന്ത പാപപ്പരിഹാരാർത്ഥവും, സ്വർഗ്ഗീയനന്മകൾ ലഭിക്കുന്നതിനു വേണ്ടിയും, ദിവ്യരാജനായ ഈശോയുടെ സ്നേഹത്തെപ്രതി തന്റെ ദാരിദ്ര്യത്തിൽ തന്നോടു തുല്യപ്പെടുന്നതിനായും, തന്റെ പക്ഷങ്ങൾ പങ്കിടാതെ മുഴുവനും കർത്താവിനു സമർപ്പിക്കുന്നതിനുള്ള ആഗ്രഹം നിമിത്തവും ഐഹിക നന്മകളൊക്കെയും അവയിൽനിന്നുളവാകുന്ന സുഖങ്ങളും പൂജിക്കുന്നതിനഭ്യസിക്കും.

അദ്ധ്യായം ൨

സന്യാസവിരക്തി

I വിരക്തവ്രതവും വിരക്തപുണ്യവും

89. വിരക്തവ്രതംമൂലം സന്യാസി തന്റെമേൽ ചുമത്തുന്ന കടമകളേവ?

സന്യാസി വിരക്തവ്രതത്താൽ തന്റെമേൽ രണ്ടു കടമകൾ ചുമത്തുന്നു. അതായതു്, വിവാഹം ചെയ്യാതിരിക്കുന്നതിനും, ദൈവത്തിന്റെ ന—ം, ൻ—ം, പ്രമാണങ്ങളാൽ വിലക്കപ്പെട്ടിരിക്കുന്ന ബാഹ്യാന്തരംഗ പ്രവൃത്തികളൊക്കെയും പരിവർജ്ജിക്കുന്നതിനും.

വിരക്തവ്രതം മേല്പറഞ്ഞ ഇരുദൈവപ്രമാണങ്ങളുടെ കടത്തിനും പുറമെ ഒരു പുതിയ കടമയും ക്രൂട്ടുന്നുണ്ടു്. സന്യാസി തന്റെ വ്രതത്തെ ലംഘിക്കുമെങ്കിൽ അതിൽ ഒരു പാപംക്രൂടെ— ഒരു ദൈവദോഷംക്രൂടെ— ഉളവാകും. ഇതിനാൽ ഇയാൾ വ്രതപ്രസ്താവന ചെയ്തിട്ടുള്ള വിവരം കുമ്പസാരക്കാരനറിഞ്ഞിട്ടില്ലെങ്കിൽ, ഈ സാഹചര്യം കുമ്പസാരത്തിൽ തിരിച്ചു പറയേണ്ടിയിരിക്കുന്നു. ക്രൂടാതെയും, ഉതപ്പെന്ന മൂന്നാമതൊരു പാപംക്രൂടെ മിക്കപ്പോഴും ബാഹ്യപ്രവൃത്തിയിലുണ്ടായിരിക്കും. ഈ ഉതപ്പെന്ന പാപം ഈ വിധ പാപങ്ങളോടു ചേർന്നിരിക്കുന്ന ദുഷ്കീർത്തിയാൽ സന്യാസ സമൂഹം മുഴുവനെയും മാലിന്യപ്പെടുത്തുന്നതിനാൽ സഭയ്ക്കും ഉപവിയ്ക്കും ഉപദ്രവകരമായിട്ടുള്ളതാകുന്നു.

90. ഈ പുണ്യത്തിന്റെ ലംഘനം എല്ലായ്പോഴും വ്രതലംഘനംക്രുടെ ആയിരിക്കുമോ?

ഉവ്വ്. ഈ വിഷയത്തിൽ ദാരിദ്ര്യത്തിലും കിഴ്വഴക്കത്തിലുമുള്ളവാകുന്നതുപോലെ പുണ്യവും വ്രതവും തമ്മിലുള്ള വ്യത്യാസമില്ല.

91. വിരക്തിക്ക വിരോധമായ പാപമെല്ലാം ചാവുദോഷമാണോ?

ആറും ഒമ്പതും ദൈവപ്രമാണങ്ങളാൽ ചൊവ്വെ വിലക്കപ്പെട്ടിരിക്കുന്ന യാതൊന്നിനു നാം പൂർണ്ണസമ്മതം കൊടുക്കുമ്പോഴൊക്കെയും ചാവുദോഷം തന്നെയാകുന്നു. ഇതിൽ സാധനലഘുത്വമില്ല. ഇങ്ങനെ ചാവുദോഷമാകുന്നതു ബാഹ്യപ്രവൃത്തികൾ മാത്രമല്ല, പിന്നെയൊ പൂർണ്ണമനസ്സറിവും സമ്മതവുമുള്ളപ്പോൾ അന്തരംഗമായ എല്ലാ ഇച്ഛകളും, ദുരാഗ്രഹങ്ങളുംക്രുടെ ചാവുദോഷമാകും.

92. എല്ലാ ദുർച്ചിന്തയും കുറ്റമുള്ളതാണോ?

അതു കുറ്റമുള്ളതാണെങ്കിൽ, ബുദ്ധിയുടെ അറിവും മനസ്സമ്മതവുമുണ്ടായിരിക്കണം.

നമ്മിൽ രണ്ടുതരം ദുർച്ചിന്തകളുണ്ടാകുവാൻ പാടുണ്ട്. ചിലതു നാം തന്നെ ജനിപ്പിക്കുന്നതൊ പാപത്തിന്മേലുള്ള പക്ഷം നിമിത്തം സ്വാതന്ത്ര്യമായി കൈക്കൊള്ളുന്നതൊ ആയ നമ്മുടെ സ്വമനസ്സാലെ വരുന്നവയാണ്. മറ്റു ചിലതു നമ്മുടെ ശത്രുവിൽനിന്നോ, അല്ലെങ്കിൽ നാമേതു ശ്രമിച്ചിട്ടും, നമ്മിൽനിന്നു മാറാതെ നില്ക്കുന്ന ദുഷ്പാപിലിൽനിന്നോ ഉളവാകുന്നവയാണ്. ആദ്യത്തെ തരത്തിലുള്ളവ നമുക്കു സ്വന്തമായിട്ടുള്ളവയാകുന്നു. അതിനാൽ നമ്മുടെ ആത്മത്തിന്റെ അന്തർഗ്ഗതങ്ങളായ വികാരങ്ങളെയൊക്കെയും കണ്ടറിഞ്ഞിരിക്കുന്ന ദൈവതിരുമുമ്പാകെ അവയെക്കുറിച്ചും നാമുത്തരവാദികളാകയും ചെയ്യും. രണ്ടാം തരത്തിലുള്ളവ നമുക്കു സ്വന്തമായിട്ടുള്ളവയല്ല. ആകയാൽ നാം അവയെ ഇച്ഛിക്കാതെ തള്ളിക്കളവാൻ ശ്രമിക്കയും, അവയ്ക്കു നമ്മുടെ സമ്മതം കൊടുക്കാതിരിക്കയും ചെയ്യുമെങ്കിൽ, നാം അവയെപ്രതി ഉത്തരവാദികളാകയില്ല. മാത്രമല്ല, ചീത്ത വിചാരത്തോടു നാം മല്ലിടിക്കുമെങ്കിൽ, ദൈവത്തെ ഉപേക്ഷിക്കാതിരിക്കുതന്നെയല്ല, നാം ജയവിരുതു പ്രാപിക്കയും, പരീക്ഷ

എത്ര ശക്തിയുള്ളതായിരിക്കുമോ, നമ്മുടെ ജയവിരുദ്ധ അത്ര വലുതായിരിക്കുയും ചെയ്യും.

നമ്മുടെ ഇന്ദ്രിയങ്ങളെ വികാരപ്പെടുത്തുവാൻ തക്ക ശക്തിയുള്ള ചീത്ത നിരൂപണകളെയും രൂപീകരണങ്ങളെയും കുറിച്ച് ഇതുതന്നെ പറയേണ്ടിയിരിക്കുന്നു. നാം കാരണം കൊടുക്കയൊ നമ്മുടെ സമ്മതത്തോടെ ഉണ്ടായിട്ടുള്ളതൊ ആയ നിരൂപണകളെക്കുറിച്ചു മാത്രമേ നാം ഉത്തരവാദികളാകയുള്ളു. നമ്മുടെ മുഴുഹൃദയത്തോടുകൂടെ വിസമ്മതിക്കുന്നവ നമ്മെ ഒരു പ്രകാരവും കുറക്കാരാക്കയില്ല. തന്നെയല്ല, അവ നമ്മിലുത്ഭവിപ്പിക്കുന്ന ഭയംനിമിത്തവും ദൈവത്തിൻപക്കൽ അഭയം തേടുന്നതിനു നമ്മിലുളവാക്കുന്ന ആഗ്രഹം നിമിത്തവും നമുക്ക് സുകൃതാഭ്യാസങ്ങളായിത്തീരുന്നതുമാണ്.

93. വിരോധിക്കുന്നേരെ വിപരീതമായിട്ടുള്ള പാപങ്ങൾകൂടാതെ, ചൊവ്വല്ലാത്ത പ്രകാരത്തിൽ അതിനു ഹാനി വരുത്തുന്ന മറ്റുവല്ല പാപങ്ങളുമുണ്ടോ?

ഉണ്ട്. വിരോധിയുടെ ലംഘനത്തിനു ഹേതുവാകയും നമ്മുടെ ബലഹീനത നിമിത്തം നമ്മെ ആപത്തിലാക്കുകയും ചെയ്യുന്ന ബാഹ്യവും അന്തരംഗവുമായ പ്രവൃത്തികളുണ്ട്. നമ്മുടെ വിചാരങ്ങൾക്കും പഞ്ചേന്ദ്രിയങ്ങൾക്കും നാം കൊടുക്കുന്ന സ്വാതന്ത്ര്യങ്ങൾ ഈ വിധത്തിലുള്ളവയാകുന്നു. ഈ സ്വാതന്ത്ര്യങ്ങൾ അശുദ്ധപാപം ചെയ്യുന്നതിനിടവരുത്തുന്ന ആപത്തു എത്ര അടുത്തതുമാകുന്നതുമായിരിക്കുമോ അയളവിൻപ്രകാരം ഘനമേറിയതും കുറഞ്ഞതുമായ പാപങ്ങളായിത്തീരും.

മേല്പറഞ്ഞ സ്വാതന്ത്ര്യപ്പെരുമാറ്റങ്ങളിൽ വല്ലതും പാപത്തിനു അകന്ന അപകടകാരണമായിത്തീരുന്നപക്ഷം, ലഘുവായ പാപമായിരിക്കും. എന്നാൽ വിവേകത്തോടും ന്യായമായ കാരണംനിമിത്തവുമുള്ള താല്ക്കാലപ്പെരുമാറ്റങ്ങളിൽ യാതൊരു കുറവും ഇല്ലായിരിക്കും. ഉദാഹരണമായി, തനിക്കുവേണ്ടിത്തന്നെയൊ, ദീനക്കാർക്കുവേണ്ടിയൊ ശുചിത്വമൊ ദേഹസുഖമൊ ഉദ്ദേശിച്ചു ചെയ്യപ്പെടുന്നവയിൽ തെറ്റില്ല. പക്ഷെ, ഇവിടെയും രണ്ടുകാര്യങ്ങൾ സൂക്ഷിക്കണം. ക വിലക്കപ്പെട്ടിരിക്കുന്ന സന്തോഷം അനുഭവിക്കണമെന്നുള്ള ഉദ്ദേശ്യം ഉണ്ടായിരിക്കരുത്. ഖ. ഒഴിവുകാരങ്ങളൊ ക്ഷോഭങ്ങളൊ ഉണ്ടാകുന്നതായാൽ അവയിൽ മനഃപൂർവ്വം ഇഷ്ടപ്പെടരുത്.

94. ഏറ്റവും നേരിയുള്ള ഈ വിഷയത്തെപ്പറ്റി ആദ്യം തന്നെ ബാഹ്യപ്രവൃത്തികളെക്കുറിച്ച് കുറെ വിവരിക്കു?

താഴെപ്പറയുന്നവ നാം വർജ്ജിക്കേണ്ടതാണ്:–

കണ്ണുകളുടെ വിഷയത്തിൽ അടക്കത്തിനു വിരോധമായ നോട്ടങ്ങളും, അതിസ്വാതന്ത്ര്യമായ നോട്ടങ്ങളും, കുറുകെ മായ ജിജ്ഞാസകളും, ആപല്ക്കരങ്ങളായ വായനകളും;

ചെവികളുടെ കാര്യത്തിൽ തക്കതല്ലാത്തവയെ ശ്രദ്ധാപൂർവ്വം ശ്രവിക്കുന്നതും, മുഖസ്തുതിയും, സന്ദേഹപരമായ ഉപചാരവാക്കുകളും, അതിവാത്സല്യം നിറഞ്ഞ സംസാരങ്ങളും;

നാവിന്റെ കാര്യത്തിൽ വ്യർത്ഥമുള്ള വചനങ്ങളും, ചിതമല്ലാത്തതും അധികപക്ഷമുള്ളതുമായ വാക്യങ്ങൾ സംസാരത്തിലോ എഴുത്തിലോ ഉപയോഗിക്കുന്നതും, ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ട സന്ന്യാസാധരങ്ങൾക്കു അനുചിതവും അയോഗ്യവുമായ പാട്ടു പാടുന്നതും;

സ്പർശനത്തിന്റെ കാര്യത്തിൽ അനാവശ്യമായൊ, അവിവേകമായൊ സ്വയം സ്പർശിക്കുന്നതും; അന്യരെ സംബന്ധിച്ചു്, പൊന്നാരങ്ങളും, കൈക്കു പിടിച്ചമർത്തലും ചുംബനങ്ങളും, ആലിംഗനങ്ങളും, അനാവശ്യസ്പർശനങ്ങളും, മറ്റു അമിതപക്ഷപ്രകടനങ്ങളും, ഐന്ദ്രികപക്ഷസൂചനകളും;

ഇവയെല്ലാം പ്രത്യേകിച്ചും ക്രമമറ്റ വല്ല പക്ഷത്തിൽ നിന്നുത്ഭവിക്കുമ്പോൾ, ആപല്ക്കരങ്ങളത്രെ.

അന്യവർഗ്ഗക്കാരുമായുള്ള പെരുമാറ്റത്തിൽ, ക്രടെക്കുടെയുള്ള സന്ദർശനങ്ങളും, കത്തിടപാടുകളും, ദീർഘസംഭാഷണങ്ങളും, പരിവർജ്ജിക്കുക. ആവശ്യത്തിൽ മാത്രവും, വിവേകത്തോടുകൂടിയും, ക്രമചട്ടങ്ങളും മനസ്സാക്ഷിയും നിർദ്ദേശിക്കയൊ ഉപദേശിക്കയൊ ചെയ്യുന്ന മുൻകരുതലുകൾ പിടിച്ചുകൊണ്ടും മാത്രം ഇതരവർഗ്ഗക്കാരുമായി ഇടപെടുക.

95. അന്തരംഗപ്രവൃത്തികളെക്കുറിച്ചും ചില വിവരം കേൾക്കട്ടെ.

അന്തരംഗപ്രവൃത്തികളുടെ കാര്യത്തിൽ ജഡികമായ രൂപീകരണങ്ങളും സ്മരണകളും, പാപത്തിൽ മനസ്സിനു ചൊവ്വേ സമ്മതമില്ലാത്തപ്പോൾക്രടെയും ആപൽക്കരങ്ങളാണ്. അങ്ങനെതന്നെ, ഹൃദയത്തിന്റെ വശത്തുനിന്നും അമിതപക്ഷങ്ങളും, ഐന്ദ്രികമായ പ്രത്യേക സ്നേഹങ്ങളും ആപത്തുനിറഞ്ഞവ

യാകുന്നു. ഇവയെല്ലാം അപകടപൂർണ്ണവും വിശുദ്ധ പുണ്യത്തിനു് ഏറെക്കുറെ ഉപദ്രവജനകവുമായിരിക്കയാൽ സന്യാസി ഇവയെ അത്യന്തം വെറുത്തുപേക്ഷിച്ചു സ്വന്തരക്ഷകളെ വേണ്ടവിധം നിയന്ത്രിച്ചു കാക്കണം.

96. ഒരൽമേനിയിൽ അല്പകുറ്റമായി തോന്നുന്ന ഒരു പ്രവൃത്തി ഒരു സന്യാസിയിൽ വലിയ കുറ്റമാകുവാൻ പാടില്ലയോ?

എളുപ്പത്തിൽ ഉണ്ടാകുവാൻ പാടുള്ള ഇടർച്ചയ്ക്കലം ഒരാൾമേനിയിൽ ലഘുവായ പാപമായിരിക്കുന്നതു, ഒരു സന്യാസിയിൽ ഘനമായ പാപമായിത്തീരാം. ഉദാഹരണമായി, ഇതരവസ്തുക്കളുമായുള്ള സന്ദേഹപൂർവ്വമായ പെരുമാറ്റങ്ങളിൽ, ഇതു പലപ്പോഴും സംഭവിക്കാം.

II സന്യാസവിരക്തി നിർമ്മലമായി കാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ.

* 97. അന്തരംഗപരീക്ഷകളിൽ നാം എന്തുചെയ്യണം?

നാം ഉടനെ വിശ്വാസം എന്ന പരിച എടുക്കണം: അതായതു, പരീക്ഷ വന്നാലുടനെ ദൈവസന്നിധാനത്തെ ഓർത്തു മനോവിശ്വാസത്തോടുകൂടെ ദൈവസഹായം അപേക്ഷിച്ചുകൊണ്ടു കലങ്ങാതെ ധൈര്യസമേതം യുദ്ധം ചെയ്യണം. പരീക്ഷയെപ്പറ്റി ഒന്നും ചിന്തിക്കാതെ വിചാരവും ശ്രദ്ധയും അന്യകാര്യങ്ങളിൽ പ്രത്യേകിച്ചും ജീവിതാവസ്ഥയുടെ വിവിധ കടമകളിൽ, പതിവുകൊണ്ടു അവ ഭംഗിയായി ചെയ്യുന്നതിനു ശ്രമിക്കുന്നതു നന്നായിരിക്കും.

98. ഇതുകൂടാതെ ബാഹ്യപരീക്ഷകളിൽ മറ്റൊന്നും അവശ്യമില്ലയോ?

ഉവ്വ്. പാപഹേതുക്കളിൽനിന്നു ഓടിപ്പോകുന്നതു അത്യാവശ്യപ്പെട്ട ഒരു സംഗതിയാണ്. മാത്രമല്ല, ശ്രേഷ്ഠന്മാരോടു അതിനെ—ബാഹ്യഹേതുക്കളെ—അറിയിപ്പാൻ പലപ്പോഴും ഘനമായ കടമയുണ്ട്.

* 99. വിരക്തിയെ പാലിക്കുന്നതിനാവശ്യമായ രക്ഷാകരമാർഗ്ഗങ്ങൾ ഏവ?

അവ മുഖ്യമായി ഏഴാകുന്നു. അതായതു: ഭാഷ്യേന്ദ്രിയങ്ങളുടെ മേലുള്ള സൂക്ഷം, മടിയിൽനിന്നുള്ള അകൽച്ച, പാപഹേതുക്കളിൽനിന്നു ഓടിപ്പോകുന്നതു, പരീക്ഷകളെ തൽക്ഷണം

തള്ളിക്കളയുന്നതിലുള്ള ജാഗ്രത, ഐന്ദ്രികസ്നേഹങ്ങളെ ദൂരികരിക്കുന്നതിലുള്ള താല്പര്യം, യാചനയിലുള്ള മിതത്വം, ശ്രേഷ്ഠന്മാരോടും ആത്മവിദ്യാകാംക്ഷികളോടുമുള്ള പരമാത്മമായ അനുസരണം എന്നിവയാകുന്നു.

* 100. ഒന്നാമത്തെ മാർഗ്ഗത്തെക്കുറിച്ചു എന്തു പറയേണ്ടു?

ഒന്നാമത്തേതു നമ്മുടെ പഞ്ചേന്ദ്രിയങ്ങളുടെ മേലുള്ള സൂക്ഷ്മം, വിശിഷ്യാ കണ്ണടക്കമാകുന്നു. എന്തുകൊണ്ടെന്നാൽ, നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ, മരണം ഏറ്റവുമെളുപ്പത്തിൽ അകത്തു പ്രവേശിക്കുന്ന ആത്മീയവാതിലുകളാകുന്നു എന്നു പരിശുദ്ധാത്മാവു അരുളിച്ചെയ്യുന്നു.

* 101. രണ്ടാമത്തെ മാർഗ്ഗത്തെക്കുറിച്ചു എന്തു പറയാനുണ്ടു"?

രണ്ടാമത്തെ മാർഗ്ഗം മടിയിൽനിന്നൊഴിഞ്ഞിരിക്കുന്നതാകുന്നു. അതേ, ഉദാസീനരും മന്ദരുമാകാതെ നമ്മെ എല്ലായ്പോഴും ജോലിയുള്ളവരായി ശത്രു കാണുമെങ്കിൽ, അവന്റെ പരീക്ഷകൾ ദുർല്ലഭവും ദുർബലവുമായിരിക്കും.

* 102. മൂന്നാമത്തെ മാർഗ്ഗം എന്തിലടങ്ങിയിരിക്കുന്നു?

അതു പാപഹേതുക്കളെ വിട്ടൊഴിയുന്നതിലടങ്ങിയിരിക്കുന്നു. ആപത്തിനെ സ്നേഹിക്കുന്നവർ അതിൽ നശിക്കും എന്നതത്രെ ജ്ഞാനി പൊല്ലിയിരിക്കുന്നതു്. ഒരു സന്യാസിക്കു യഥാർത്ഥമായ ആവശ്യമില്ലാത്തപ്പോഴൊക്കെയും ലോകത്തോടുള്ള എല്ലാ സംസർഗ്ഗങ്ങളും വിട്ടൊഴിയുവാൻ കടമയുണ്ടായിരിക്കുന്നു. ഇയാൾ ഒരൽമേനിയെക്കാൾ എളുപ്പത്തിൽ അപായത്തിലുൾപ്പെടുന്നതിനാൽ ഒരുപക്ഷെ അധികം മുറിവേൽക്കുന്നതിനും തക്ക സ്ഥിതിയിലായിരിക്കുന്നു. ഇതിലും ബലമേറിയ ന്യായത്താൽ സന്യാസിതന്റെ ക്രമചട്ടങ്ങളിൽ കല്പിക്കപ്പെട്ടുന്ന മുൻകരുതലുകളെ എല്ലായ്പോഴും വിശിഷ്യാ ഇതര വർഗ്ഗക്കാരുമായുള്ള എല്ലാ സംസാരങ്ങളിലും വിശ്വാസപൂർവ്വം സൂക്ഷിച്ചു കാക്കുന്നതിനാവശ്യമത്രെ.

* 103. നാലാമത്തെ രക്ഷാകരമാർഗ്ഗം എന്തു"?

നാലാമത്തേതു പരീക്ഷയെ അതിന്റെ ആരംഭത്തിൽതന്നെ തടുക്കുന്നതിലുള്ള ജാഗ്രതയത്രെ. ഒരു രീക്കനൽ വീണതു കുത്തിക്കളഞ്ഞാലുടൻ കൊട്ടിക്കളയുന്നു. അല്ലെങ്കിലതു കത്തി അഗ്നിബാധയുണ്ടാക്കും. ഇങ്ങനെതന്നെ ഈ വിഷയത്തിലും സംഭവിക്കുന്നു. ക്രൂരനായ ഒരു ദുർവ്വിചാരം ആത്മാവിനുള്ളിൽ പ്രവേ

ശിച്ചിട്ട അതിനെ തട്ടിക്കളയുന്നതിനെക്കാൾ ആരംഭത്തിൽത്ത ന്നെ തള്ളിനീക്കുന്നതു കൂടുതൽ എളുപ്പമാകുന്നു.

* 104. അഞ്ചാമത്തെ മാർഗ്ഗം എന്തു്?

അഞ്ചാമത്തേതു, നമ്മുടെ ഹൃദയത്തെ ക്രമമായ എല്ലാ പക്ഷങ്ങളിൽനിന്നും സ്വാതന്ത്ര്യമായി കാക്കയും ജഡിക സ്നേഹ ങ്ങളൊക്കെയും നീക്കുകയും ചെയ്യുന്നതാകുന്നു. ആദ്യം യാതൊരു തിന്മയും പ്രത്യക്ഷപ്പെടാത്ത സ്നേഹങ്ങൾക്കുടെയും ക്രമേണ ആ ത്മത്തെ മൂടുവാക്കുകയും അനന്തരം മോഹാഗ്നിയെ അതിൽ നിമിഷം കത്തിക്കുകയും ചെയ്യും.

* 105. ആറാമത്തെ മാർഗ്ഗമെന്തു്?

ഭക്ഷണത്തിലും പ്രത്യേകം പാനീയങ്ങളിലും മിതത്വം കാക്കുന്നതാകുന്നു.

* 106. ഏഴാമത്തെ മാർഗ്ഗം എന്തു്?

ഏഴാമത്തെ മാർഗ്ഗം നമ്മുടെ ആത്മപിതാക്കന്മാരോടും കുമ്പസാരക്കാരോടും ശ്രേഷ്ഠന്മാരോടും പരമാർത്ഥതയോടും നിഷ്ക പടതയോടുംകൂടെ സദാ പെരുമാറുന്നതാകുന്നു. ഈ മാർഗ്ഗം വിര ക്തിയെ നിർമ്മലമായി കാക്കുന്നതിനുള്ള മറ്റെല്ലാ മാർഗ്ഗങ്ങളെയും സഹായിക്കുന്ന ഒന്നാകയാൽ അവയൊക്കെക്കാൾ അധികം ഉപ ദേശിക്കപ്പെടേണ്ടതാണു്.

* 107. ശുദ്ധത ഭദ്രമായി കാക്കുന്നതിനു ഫലസിദ്ധി യുള്ള വേറെ വല്ല പോംവഴികളുമുണ്ടോ?

ഈ വിഷയത്തിൽ ആറു പോംവഴികൾകൂടെ കാണിക്കാം.

ക. എളിമ. ഇതു, സ്വതിമേൽ നമുക്കു ഭയം തോന്നി ക്കയും ഉടുപ്പിലും നടപ്പിലുമുള്ള എല്ലാ ഗർവ്വത്തെയും അകറ്റു കയും, തന്റെമേൽതന്നെയുള്ള അവിശ്വാസത്തിൽ ആത്മാ വിനെ കാക്കുകയും, ഇങ്ങനെ വിരക്തി പ്രാപിക്കുന്നതിനാവ ശ്യമായ ദൈവസഹായം പ്രാപിച്ചുതരികയും ചെയ്യും. "ദൈവം നിഗളികളോടു മുതലിക്കയും എളിമയുള്ളവർക്കു തന്റെ വരപ്ര സാദം നൽകുകയും ചെയ്യും" എന്നാണല്ലൊ വേദോക്തം.

ഖ. ആശാനിഗ്രഹത്തിലും ജപത്തിലുമുള്ള താല്പര്യം. "ഇത്തരം പിശാചുക്കൾ ജപവും തപവുംകൊണ്ടു മാത്രമേ ഒഴി യുകയുള്ളൂ" എന്നു നമ്മുടെ ദിവ്യരക്ഷകൻ തന്നെ അരുളിച്ചെ യ്യുന്നവല്ലൊ.

൨. അടക്കമെന്ന പുണ്യത്തിന്റെ ക്രമങ്ങളനുസരിക്കുന്നതിലുള്ള സൂക്ഷ്മം.

൩. ക്രമചട്ടങ്ങളുടെ വിശ്വസ്തതാപൂർവ്വമായ അനുസരണം. അതേ, "അല്പകാര്യങ്ങളിൽ വിശ്വസ്തനായിരിക്കുന്നവൻ വലിയ കാര്യങ്ങളിലും വിശ്വസ്തനായിരിക്കും."

൪. കന്യകകളുടെ രാജ്ഞിയും പ്രത്യേകാദരവുകാരിയുമായ ദൈവജനനിയുടെ നേർക്കുള്ള പരമാർത്ഥമായ ഭക്തി.

൫. അടിക്കടിയുള്ള ദിവ്യകാരുണ്യ സ്വീകരണം.

III. സന്ന്യാസവിരക്തിയുടെ പ്രയോജനങ്ങൾ

* 108. സന്ന്യാസ വിരക്തിയുടെ പ്രയോജനങ്ങൾ ഏവ?

വി. പൌലോസു ശ്ലീഹായുടെ പഠനത്തിനു തക്കവണ്ണം വിരക്തി വഴിയായി ഒരു സന്ന്യാസി ലോകത്തിന്റെയും കുടുംബത്തിന്റെയും ആകുലചിന്തകളിൽനിന്നു സ്വതന്ത്രനായിത്തീരുന്നു. ദൈവത്തെ പ്രസാദിപ്പിക്കണമെന്നല്ലാതെ, വേറെ യാതൊരു ചിന്തയും ഇഹത്തിലയാൾക്കില്ല. അയാളുടെ ഹൃദയത്തിന്റെ പക്ഷങ്ങൾ അശേഷവും വിഭാഗിക്കപ്പെട്ടുന്നില്ല.

മാലാഖാമാർ സ്വർഗ്ഗത്തിൽ ജീവിക്കുന്നതുപോലെതന്നെ, വിരക്തി വഴിയായി സന്ന്യാസി ഈ ലോകത്തിൽ ജീവിക്കുന്നു. ശുദ്ധമുള്ള ഹൃദയങ്ങൾക്കു പറഞ്ഞൊക്കപ്പെട്ടിരിക്കുന്ന ആ ഭാഗ്യം അയാളനുഭവിക്കുകയും ചെയ്യുന്നു. വഷളായതും വിശ്വസ്തതയില്ലാത്തതുമായ ഹൃദയങ്ങളനുഭവിക്കുന്ന ക്രൂര അടിമത്വവും, ഹൃദയക്കടിയും, കലക്കവും ഇയാളനുഭവിക്കുന്നില്ല. പ്രീതി, പൂർണ്ണസ്വാതന്ത്ര്യവും എല്ലാ ഐന്ദ്രിക സന്തോഷങ്ങളേക്കാൾ അത്യുപരിയായ ഒരു സമാധാനവും ഇയാളുടെ ആത്മാവനുഭവിക്കുന്നു.

അങ്ങനെതന്നെ, വിരക്തിയാൽ രാജാധിരാജനായ ഈശോയുടെ മണവാട്ടിയാകുന്നതിനുള്ള മഹാഭാഗ്യം സന്ന്യാസാത്മാവിനു സിദ്ധിക്കുന്നു. ഏതൻമൂലം പരിശുദ്ധ കന്യാസ്ത്രീ മറിയത്തെപ്പോലെ ഈ ആത്മാവു ജ്ഞാനവിധമായി അസംഖ്യ സന്തതിയുടെ മാതാവായും തീരുന്നു. എങ്ങനെയെന്നാൽ, ദൈവം ഈയാത്മാവിന്റെ പരരക്ഷമേലുള്ള ശ്രദ്ധാന്തിയെ അതിധാരാളമായി ആശീർവ്വദിക്കയും, സ്വന്ത പുണ്യപൂർണ്ണത നിമിത്തം, അയാളുടെ വചനങ്ങളും ക്രിയകളും പ്രത്യേകവിധത്തിൽ സഫലമായിത്തീരുകയും ചെയ്യുന്നു.

മാത്രമല്ല, വിരക്തി എന്ന ഈ സ്വർഗ്ഗീയപുണ്യം തിരുസ്സഭയുടെ മക്കളായ സന്യാസികളുടെ, വിശിഷ്യാ ഗുരുക്കളുടെ, ആഭരണവും സ്തുതിയുമായിരിക്കുന്നതിനാൽ, ഈ പുണ്യംവഴിയായി അവർ കത്തോലിക്കാ തിരുസ്സഭയെ വിശേഷവിധമായി ബഹുമാനിക്കുന്നു.

അദ്ധ്യായം ൩

ഒന്നാം സ്വർഗ്ഗം

കീഴ്വഴക്കവ്രതം

I മറ്റു രണ്ടു വ്രതങ്ങളെക്കാൾ കീഴ്വഴക്കവ്രതത്തിനുള്ള വിശേഷത.

* 109. കീഴ്വഴക്കവ്രതത്തെക്കുറിച്ചു ഒരു സന്യാസിക്കുണ്ടായിരിക്കേണ്ട മതിപ്പു എപ്രകാരമായിരിക്കണം?

സന്യാസി മൂന്നു സന്യാസവ്രതങ്ങളിൽവെച്ചു കീഴ്വഴക്കവ്രതത്തെ പ്രധാനമായി മാനിക്കണം. അതായതു, കീഴ്വഴക്കം മറ്റു രണ്ടു വ്രതങ്ങളെക്കാൾ ശ്രേഷ്ഠവും സന്യാസജീവിതത്തിനു അത്യന്താപേക്ഷിതവുമാണെന്നു വിചാരിക്കണം.

* 110. കീഴ്വഴക്കം മറ്റു രണ്ടു വ്രതങ്ങളെക്കാൾ ശ്രേഷ്ഠമായിരിക്കുന്നതു എന്തുകൊണ്ടു?

എന്തുകൊണ്ടെന്നാൽ സന്യാസി കീഴ്വഴക്കവ്രതത്താൽ തന്റെ ആത്മാവിന്റെ ഏറ്റവും അന്തർഗതമായതും തന്നിമിത്തം തനിക്കുള്ളതിലേറ്റവും വിലയേറിയതുമായ സ്വന്ത ബുദ്ധിയെയും സ്വന്ത മനസ്സിനെയും അതോടു ചേർന്നു നിൽക്കുന്ന മറ്റു വശങ്ങളെയും ദൈവത്തിനു സമർപ്പിക്കയും പ്രതിഷ്ഠിക്കയും ചെയ്യുന്നു. ക്രൂശാതെയും, സന്യാസ കീഴ്വഴക്കം തന്റെ ആയുസ്സിലെ എല്ലാ സംഗതികളെയും സംബന്ധിക്കുന്നതിനാൽ കീഴ്വഴക്കമെന്ന ഈ വ്രതം ഒരു ഹോമബലി അഥവാ ഒരു പരിപൂർണ്ണ പൂജ ആയിരിക്കുന്നു.

* 111. കീഴ്ഴഴക്കവ്രതം സന്യാസത്തിനു ഏറ്റവും ആവശ്യമായിരിക്കുന്നതെന്തുകൊണ്ട്?

എന്തുകൊണ്ടെന്നാൽ, കീഴ്ഴഴക്കവ്രതമത്രെ സന്യാസക്രുട്ടമെന്ന ശരീരത്തെ സാക്ഷാല്കുളവാക്കുന്നതു്. ഈ വ്രതം ഈ ശരീരത്തിന്റെ സകല അവയവങ്ങൾക്കും ചലനവും ജീവനും കൊടുക്കുന്ന ശക്തിയുള്ള മോളയും ഒഴിച്ചുകൂടാത്ത കെട്ടുമാകുന്നു.

II കീഴ്ഴഴക്കവ്രതത്തിന്റെ കടമകൾ.

112. സന്യാസി കീഴ്ഴഴക്കവ്രതത്താൽ തന്റെമേൽ ചുമത്തുന്ന കടമ എന്താകുന്നു?

സന്യാസി, തന്റെ ന്യായമായ ശ്രേഷ്ഠന്മാർ സഭാക്രമത്തിനനുരൂപമായി കല്പിക്കുന്ന സകലത്തിലും അവർക്കു കീഴ്ഴഴങ്ങിക്കൊള്ളാമെന്നു ദൈവത്തോടു ഈ വ്രതം വഴിയായി പറഞ്ഞൊക്കുന്നു.

113. ആദ്യംതന്നെ "ശ്രേഷ്ഠന്മാർ കല്പിക്കുന്ന സകലത്തിലും" എന്നു പറഞ്ഞിരിക്കുന്നതിനെ വിവരിക്ക.

പൊതുവിൽ സന്യാസ കീഴ്ഴഴക്കത്തിന്റെ കടമകളെ നല്ലവണ്ണം ഗ്രഹിക്കുന്നതിനു, ശ്രേഷ്ഠന്മാരിൽ കല്പിക്കുന്നതിനുള്ള മൂവിധ അധികാരത്തെ വേർതിരിക്കേണ്ടിയിരിക്കുന്നു.

114. ഒരു സന്യാസക്രുട്ടത്തിലുള്ള ഒന്നാമത്തെ അധികാരം എന്താകുന്നു?

തിരുസ്സഭ അതായതു മാപ്പുപ്പായെ, ചുരുങ്ങിയപക്ഷം മെത്രാനൊ, സഭ സ്ഥാപിക്കുന്നതിനു അതിന്റെ ക്രമങ്ങളെയും പ്രമാണങ്ങളെയും എഴുതിയുണ്ടാക്കുന്നതിനുംവേണ്ടി സഭാസ്ഥാപകനും, അവയോടു ഓരോ നിയമങ്ങളും ചട്ടവട്ടങ്ങളും വിശേഷാൽ കൂട്ടിച്ചേർക്കുന്നതിനായി സഭാശ്രേഷ്ഠന്മാർക്കും നൽകുന്നതായ ഒരധികാരമാണു് ഒന്നാമത്തെ അധികാരം. ഈ അധികാരശക്തിയാലത്രെ സഭാക്രമങ്ങളെയും പ്രമാണങ്ങളെയും നിയമങ്ങളെയും അനുസരിപ്പാനുള്ള കടമ ഉത്ഭവിക്കുന്നതു്.

115. കല്പിക്കുന്നതിനുള്ള ശ്രേഷ്ഠന്മാരുടെ രണ്ടാമത്തെ അധികാരമെന്താകുന്നു?

ശ്രേഷ്ഠന്മാരിലുള്ള രണ്ടാമത്തെ അധികാരം ഒന്നാമത്തെ അധികാരംപോലെതന്നെ തിരുസ്സഭയാൽ നൽകപ്പെട്ടിട്ടുള്ളതും കുടുംബപിതാവിന്റെ അധികാരത്തോടു തുല്യപ്പെട്ടതുമാകുന്നു.

ഈ അധികാരം ശ്രേഷ്ഠന്മാർ സന്യാസ കുടുംബത്തിലവന്മാരുടെ നിലയിൽ, സഭാനിയമങ്ങൾക്കു തക്കവണ്ണം തങ്ങളുടെ കീഴുള്ളവരോടു കല്പിക്കുന്നതിനും, ഇങ്ങനെ അവരുടെ പ്രവൃത്തികളെ ദൈവശുശ്രൂഷയ്ക്കും കൂട്ടത്തിന്റെ ഗുണത്തിനും തക്കവണ്ണം ക്രമപ്പെടുത്തുന്നതിനുമുള്ള ഒരധികാരമാകുന്നു.

ഈ രണ്ടാം അധികാരം ഉപശ്രേഷ്ഠന്മാർക്കും നൽകപ്പെടാവുന്നതാണ്. അപ്പോൾ അവർക്കു നൽകപ്പെട്ടിരിക്കുന്ന അധികാരത്തിനു തക്കവണ്ണമുള്ള സംഗതികളിൽ മേൽശ്രേഷ്ഠന്മാർക്കു കീഴ്വഴങ്ങുന്നതുപോലെതന്നെ, ഈ ഉപശ്രേഷ്ഠന്മാർക്കും കീഴ്വഴങ്ങുവാൻ കടമുണ്ടായിരിക്കുന്നു. ക്രൂടാതെയും, കീഴ്വഴക്കവ്രതം ക്രൂടാതെതന്നെ സഭാക്രമങ്ങളും, നിയമങ്ങളും അനുസരിപ്പാൻ ഒന്നാമത്തെ അധികാരം കടപ്പെട്ടിരുന്നതുപോലെതന്നെ, ശ്രേഷ്ഠന്മാരുടെ വരുതിക്കു കീഴ്വഴങ്ങുന്നതിനു ഈ രണ്ടാമത്തെ അധികാരവും കടപ്പെട്ടിരുന്നു. ഈ ന്യായം ഹേതുവായിട്ടു മുൻപ്രസ്താവിച്ചിരിക്കുന്നതിൻവണ്ണം, നവസന്യാസികളും ഈ ഇരുവക അധികാരങ്ങൾക്കും കീഴ്പ്പെട്ടവരാകുന്നു.

ഏതൊരു സംഘത്തിന്റെയും അംഗങ്ങൾ സ്വമനസ്സാലെ സംഘത്തിൽ അംഗത്വം സ്വീകരിക്കുന്ന ക്ഷണംമുതൽ സംഘനിയമങ്ങളെയും സംഘാദ്ധ്യക്ഷനെയും അനുസരിപ്പാൻ കടമയുണ്ടെന്നതു സുവിദിതമാണല്ലൊ.

116. ശ്രേഷ്ഠന്മാർക്കുള്ള മൂന്നാമത്തെ അധികാരം എന്താകുന്നു?

മേല്പറഞ്ഞ ഇരുവക അധികാരങ്ങളെപ്പോലെതന്നെ, തിരുസ്സഭയാൽ സ്ഥിരീകരിക്കപ്പെട്ട മൂന്നാമത്തെ അധികാരം ഇവയേക്കാൾ പ്രത്യേകിച്ചുള്ളതും പൂജ്യമായിട്ടുള്ളതുമാകുന്നു. ഈ അധികാരം ഉത്ഭവിക്കുന്നതു കീഴ്വഴക്കമെന്ന വ്രതത്തിൽനിന്നത്രെ. ഒരു സന്യാസി ഈ വ്രതം അനുഷ്ഠിക്കുമ്പോൾ, തന്റെ ശ്രേഷ്ഠനു ഈ വ്രതത്തിന്റെ ശക്തിയാൽ തന്നോടു കല്പിക്കുമ്പോഴൊക്കെയും, അയാൾക്കു കീഴ്വഴങ്ങുന്നതിനു അധികം മുഖ്യവും ഘനവുമുള്ള ഒരു കടമയെ തന്റെമേൽ ചുമത്തുന്നു. ഇതിനാൽ തന്റെ ശ്രേഷ്ഠനു സന്യാസി കീഴ്വഴങ്ങുകയില്ലെങ്കിൽ താനനുഷ്ഠിച്ച കീഴ്വഴക്കമെന്ന വ്രതത്തെ ലംഘിച്ചുകൊണ്ടു ഒരു പാപം പിഴക്കയും ചെയ്യും.

117. "സഭാക്രമങ്ങൾക്കനുരൂപമായി" എന്ന മേല്പറഞ്ഞ ആ വാക്കുകളുടെ സാരമെന്താകുന്നു?

സഭാക്രമങ്ങളിൽ സ്പഷ്ടമായി പ്രസ്താവിക്കുന്നതു മാത്രമല്ല, അതിൽ അസ്പഷ്ടമായി സൂചിപ്പിക്കുന്നതുകൂടെയും കല്പിക്കുന്നതിനു് ശ്രേഷ്ഠനർഹതയുണ്ടെന്നത്രേ ഈ വാക്കുകളുടെ സാരം. അതായതു്, ക്രമലംഘനക്കാർക്കു ശിക്ഷകളും, ക്രമമനുസരിക്കുന്നതിനു തക്ക മാഗ്ദ്ധങ്ങളും, ഓരോ ജോലി ശരിയായി നിറവേറുന്നതിനുള്ള വിധവും, നല്ലതും ശരിയായിട്ടുള്ളതുമായ ഭരണത്തിനു സംബന്ധിക്കുന്നവയൊക്കെയും ശ്രേഷ്ഠനു ആജ്ഞാപിക്കാവുന്നതാണു്.

എന്നാൽ ചാവുദോഷമൊ ലഘുവായ പാപം തന്നെയൊ ആയിട്ടുള്ള എന്തെങ്കിലും കല്പിപ്പാൻ ശ്രേഷ്ഠനാർക്കു പാടുള്ളതല്ല. അങ്ങനെതന്നെ സഭയുടെ അന്ത്യത്തിനു സ്പഷ്ടമേ പ്രതികൂലമായിട്ടുള്ളതും സഭ ചുമത്തുന്ന കടമകൾക്കു തീരെ അസംബന്ധമായിട്ടുള്ളതും ആജ്ഞാപിക്കുവാൻ ശ്രേഷ്ഠനാർക്കധികാരമില്ല. എങ്കിലും ഇപ്രകാരമുള്ള സംഗതികളിൽ സംശയമുള്ളപ്പോൾ മേൽശ്രേഷ്ഠനാർ കായ്യം തീർച്ചയാക്കുന്നതുവരെ സന്യാസി സ്വന്ത ശ്രേഷ്ഠനു കീഴ്വഴങ്ങുവാൻ കടപ്പെട്ടിരിക്കുന്നു.

118. കീഴ്വഴക്കവ്രതത്തിന്റെ ഖണ്ഡിതമായ വിഷയം അഥവാ സാധനം എന്താകുന്നു എന്നു വ്യക്തമായി പ്രസ്താവിക്കു?

ശ്രേഷ്ഠൻ ഗൌരവമായ വല്ലൊരു സംഗതിയിൽ ഒരു സന്യാസിയോടു കീഴ്വഴക്കമെന്ന വ്രതത്തിന്റെ ശക്തിയാൽ അയാളെ കടപ്പെടുത്തുവാൻ താൻ മനസ്സാകുന്നുവെന്നു പ്രസ്താവിച്ചുകൊണ്ടു മുൻപ്രകാരം കല്പിക്കുന്നതു മാത്രമേ കീഴ്വഴക്കവ്രതത്തിന്റെ ഖണ്ഡിതമായ വിഷയമാവുകയുള്ളു. ശ്രേഷ്ഠന്റെ മറ്റെല്ലാ കല്പനകളും മേൽവിവരിച്ച രണ്ടാമത്തെ അധികാരശക്തിയാലത്രെ കടപ്പെടുന്നതു്. അവ കീഴെ (129–ാ) വിവരിപ്പാനിരിക്കുംപ്രകാരം കീഴ്വഴക്കവ്രതത്തിന്റെ വിഷയമാകുന്നില്ല. പിന്നെയോ കീഴ്വഴക്കമെന്ന പുണ്യത്തിന്റെ വിഷയം മാത്രമേ ആകുന്നുള്ളു.

119. കീഴ്വഴക്കവ്രതത്തിന്റെ ശക്തിയാൽ താൻ കടപ്പെടുത്തുവാൻ മനസ്സാകുന്നു എന്നു ശ്രേഷ്ഠൻ പ്രസ്താവിക്കുന്നതെങ്ങനെയാകുന്നു?

"പി. കീഴ്വഴക്കത്തിന്റെ ശക്തിയാൽ", "നമ്മുടെ കർത്താവീശോമ്ശിഹായുടെ നാമത്തിൽ" എന്നീവിധമുള്ള വചനങ്ങളാലത്രേ പ്രതത്തിൻകീഴ കടപ്പെടുത്തുന്നത്.

120. കീഴ്വഴക്കപ്രതത്തിനു വിരോധമായി നാം ചാവുദോഷം വിഴക്കുന്നതെപ്പോഴാകുന്നു?

ശ്രേഷ്ഠൻ മതിയാകുംവണ്ണം ഘനമായ സംഗതിയിൽ നമ്മേ ഭരമേല്പിച്ചോ, പൊതുവായിട്ടോ, താൻതന്നെ നേരിട്ടോ, മറെറാരുവൻ വഴിയായിട്ടോ എഴുത്തായതു മുറപ്രകാരം അജ്ഞാപിക്കുമ്പോൾ അതിനു കീഴ്വഴങ്ങുകയില്ലെങ്കിൽ കീഴ്വഴക്കമെന്ന പ്രതത്തിനു വിരോധമായി ചാവുദോഷം വിഴക്കും.

ലഘുവായ ഒരു സംഗതിക്കു ചാവുദോഷത്തിൻകീഴ പ്രതത്തിന്റെ ശക്തിയാൽ സന്യാസിയെ കടപ്പെടുത്തുവാൻ ശ്രേഷ്ഠനു വഹിയാ. എങ്കിലും സന്യാസ സമൂഹങ്ങളിൽ താനെതന്നെ ലഘുവായി തോന്നുന്ന ഒരു സംഗതി അതിന്റെ അന്യൂനവും സാഹചര്യങ്ങളും നിമിത്തം പൊതുക്ഷേമത്തിനുള്ള അതിന്റെ സംബന്ധം ഹേതുവാൽ എഴുപ്പത്തിൽ ഘനമായ സംഗതിയാകുവാൻ പാടുണ്ട്.

121. എല്ലാ ശ്രേഷ്ഠന്മാർക്കും കീഴ്വഴക്കത്തിന്റെ ശക്തിയാൽ കല്പിക്കുന്നതിനു അധികാരമുണ്ടോ?

ഇതു സഭയുടെ പ്രമാണങ്ങളെ ആശ്രയിച്ചിരിക്കും. സാധാരണയായി ഈ അധികാരം സഭയുടെ അതിശ്രേഷ്ഠന്മാർക്കും ആശ്രമത്തിന്റെ പ്രധാന ശ്രേഷ്ഠനും മാത്രമേ നൽകപ്പെടാവുള്ളു. എന്നാൽ ചില സന്യാസ സമൂഹങ്ങളിൽ ഈ അധികാരം സഭയുടെ അതിശ്രേഷ്ഠനുകൂടെയുമില്ല. ചിലതിൽ ആയതു വിവേകപൂർവ്വകമായ അതുങ്കികളിൻകീഴമാത്രം നൽകപ്പെട്ടിരിക്കുന്നു.

122. കീഴ്വഴക്കത്തിന്റെ ശക്തിയാൽ ആജ്ഞാപിക്കുന്നതിനുള്ള ഈ അർഹത ശ്രേഷ്ഠൻ എങ്ങനെ പ്രയോഗിക്കണം?

മഹാ വിവേകത്തോടും, വളരെ അപൂർവ്വമായും, സാക്ഷാൽ സാരവത്തായ ന്യായങ്ങളുള്ളപ്പോഴും മാത്രമേ ശ്രേഷ്ഠൻ ഈ അർഹത പ്രയോഗിക്കാവൂ.

* 123. ഇതിൽനിന്നും പ്രതത്തിന്റെ യോഗ്യതസന്യാസിക്കു ദുർല്ലഭമായി മാത്രമേ സിദ്ധിക്കയുള്ളു എന്നു വരുന്നില്ലയോ?

ഒരിക്കലുമില്ല. കീഴ്വഴക്കവ്രതം ലംഘിക്കുന്നതിനുള്ള ആപത്തില്ലാത്തപ്പോൾ ക്രൂടെയും അതു സന്യാസ കീഴ്വഴക്കത്തിന്റെ സകല പ്രവൃത്തികളെയും എല്ലായ്പോഴും പ്രചോദിപ്പിക്കുന്നുണ്ട്. മറ്റു രണ്ടു വ്രതങ്ങളെക്കുറിച്ചും ഇപ്രകാരംതന്നെ പറയേണ്ടിയിരിക്കുന്നു.

ഈ സത്യം കീഴെ പറയുന്ന ന്യായങ്ങളാൽ സ്പഷ്ടമാകുന്നതാണ്.

a) വ്രതത്താൽ സന്യാസി തന്നെ മുഴുവനും ശ്രേഷ്ഠന്റെ പൊതുവായ അധീനതയിൽ വെച്ചിരിക്കുകയാണ്. തന്നെ മനസ്സാക്ഷിപ്രകാരം കടപ്പെട്ടുത്തുന്നതിനുള്ള ശ്രേഷ്ഠന്റെ അർഹതയെ എല്ലായ്പോഴും പ്രയോഗിപ്പാൻ അദ്ദേഹത്തിനു പാടുണ്ടെന്നുള്ളതു സന്യാസി നല്ലവണ്ണം അറിഞ്ഞിരിക്കുന്നതു നിമിത്തം അദ്ദേഹംതന്നെ കടപ്പെടുത്താൻ പാത്തിരിക്കാതെ സന്യാസി തന്റെ വ്രതത്തെ മുൻകൂട്ടി അനുസരിച്ചു നിറവേറുകയാണു ചെയ്യുന്നതു്.

b) ശ്രേഷ്ഠന്റെ മനസ്സിനു കീഴ്വഴങ്ങുമ്പോഴൊക്കെയും തന്റെ വ്രതത്തെക്കുറിച്ചും അതിന്മേൽ തനിക്കുള്ള സ്നേഹവണക്കങ്ങൾ നിമിത്തവും ശ്രേഷ്ഠൻ തന്റെ അധികാരപ്രകാരം കീഴ്വഴക്കത്തിൻകീഴ കല്പിക്കേണ്ടിവരുമ്പോൾ അതു ലംഘിക്കുന്നതിനുള്ള എല്ലാ ആപത്തിനേയും ദൂരീകരിക്കുന്നതിനായിട്ടു മത്രേ സന്യാസി ഇപ്രകാരം ചെയ്യുന്നതു്.

c) വ്രതങ്ങളുടെ അനുസരണം ദൈവകല്പനകളുടെ അനുസരണത്തോടു് താരതമ്യപ്പെടുത്താം. കല്പിക്കപ്പെട്ട ഒരു കാര്യത്തിൽ പാപത്തിൽനിന്നൊഴിവാൻ അവശ്യം വേണ്ടതിനെക്കാൾ കൂടുതൽ എന്തെങ്കിലും നിവ്വഹിക്കുന്നതു അധികം നല്ലതും യോഗ്യതാപരവും ആണെന്നു സ്പഷ്ടമാണല്ലൊ.

124. ആത്മോഷവ്രതം സന്യാസിയുടെ മനസ്സിൽ ജനിപ്പിക്കുന്ന ഫലംതന്നെ സാമാന്യ കീഴ്വഴക്കവ്രതവും ജനിപ്പിക്കുന്നുണ്ടോ?

ഇല്ല. ശ്രേഷ്ഠന്റെ അനുമതിക്രടാതെ സന്യാസി തന്റെ മേൽ ഏല്പിക്കുന്ന സകല ചുമതലകളെയും സാമാന്യവ്രതം ന്യായരഹിതമാക്കുന്നതേയുള്ളു. ശ്രേഷ്ഠ അവയെ അസ്ഥിരമാക്കുവാൻ. അർഹതയുണ്ടെങ്കിലും, വ്രതമോ അവയെ അസാധുവാക്കുന്നില്ല എന്നാൽ മറിച്ചു ശ്രേഷ്ഠന്റെ ഒരു നടത്തുകാരൻ എന്ന നില

യിലല്ലാതെ യാതൊരുടമ്പടിയും വാസ്തവമായി ചെയ്യാൻ സന്ന്യാസിക്കു പാടില്ലാത്തവണ്ണം അത്രയ്ക്കും സ്വന്ത മനസ്സിന്റെ ഉപേക്ഷയെ ആത്മോഷ്പ്രതം തന്നിലടക്കിക്കൊള്ളുന്നു.

125. കിഴ്വഴക്കമെന്ന സന്ന്യാസ പ്രതവും, പട്ടമേല്ക്കുമ്പോൾ പട്ടക്കാരൻ തന്റെ മെത്രാനോട് ചെയ്യുന്ന കിഴ്വഴക്ക വാഗ്ദാനവും തമ്മിൽ എന്തു വ്യത്യാസമുണ്ട്?

സാരമായ രണ്ടു വ്യത്യാസങ്ങൾ അവ തമ്മിലുണ്ട്.

൧. പട്ടക്കാരന്റെ വാഗ്ദാനം ദൈവത്തോട് അനുഷ്ഠിക്കുന്ന ഒരു പ്രതമല്ല; പിന്നെയൊ ഒരു വെറും ഉടമ്പടി മാത്രമാകുന്നു. പട്ടാഭിഷേകത്താൽ തന്റെമേൽ മെത്രാനു കൈവന്നിരിക്കുന്ന അർഹതയെ പുതിയ അച്ചായ്ൻ ഈ ഉടമ്പടിമൂലം സഭയുടെ മുമ്പാകെ സമ്മതിക്കയും സ്വീകരിക്കയും ചെയ്യുന്നു എന്നേയുള്ളു.

൨. കിഴ്വഴക്കമെന്ന പ്രതം സഭാക്രമത്തിനനുരൂപമായി പാപമല്ലാത്ത സകലത്തിലും സന്ന്യാസിയുടെ ജീവിതവും പ്രവൃത്തികളും മുഴുവനായി ശ്രേഷ്ഠന്റെ ആധീനത്തിലാക്കുന്നു. എന്നാൽ ഈ ഉദ്ദേശമായ ഒരു ചുമതല പട്ടക്കാരന്റെ ഉടമ്പടിയാൽ ചുമത്തപ്പെട്ടുന്നില്ല. കാനോനികമായ ഉദ്യോഗങ്ങളുടെ വിനിമയം, അവ നടത്തുന്നതിനുള്ള വിധം, ദൈവിക ജീവിതത്തിന്റെ കടമകൾ എന്നിവിധമുള്ള സഭാഭരണം സംബന്ധിച്ച കാര്യങ്ങളിൽ മാത്രമേ നവദൈവികന്റെ ഉടമ്പടി അദ്ദേഹത്തെ മെത്രാനു അധീനപ്പെടുത്തുന്നുള്ളു.

രണ്ടാം സ്തംഭം

കിഴ്വഴക്കപുണ്യം.

I കിഴ്വഴക്കപുണ്യത്തിന്റെ പ്രകൃതി.

* 126. കിഴ്വഴക്കപുണ്യമെന്താകുന്നു?

കിഴ്വഴക്കപുണ്യം, വി. തോമ്മാ മല്ലാൻ പഠിപ്പിക്കും പ്രകാരം, നീതി എന്ന പുണ്യത്തിന്റെ ഒരംശമായിരിക്കയും ദൈവാധികാരത്തിന്റെ പ്രതിനിധികളെപ്പോലെ ശ്രേഷ്ഠന്മാക്കു

കീഴ്വഴങ്ങുന്നതിനു മനസ്സിനെ ചായിക്കയും ചെയ്യുന്ന ഒരു പുണ്യമാകുന്നു.

* 127. കീഴ്വഴക്കപുണ്യം സന്ന്യാസിക്കു വളരെ ആവശ്യമുള്ള പുണ്യമാണോ?

അതേ. പിശാചിന്റെ കണികളിലും സ്നേഹത്തിന്റെ തട്ടിപ്പുകളിലും അകപ്പെടാതിരിക്കുന്നതിനും, പുണ്യപൂർണ്ണതയുടെ മാർഗ്ഗത്തിൽ ചരിക്കുന്നതിനും, അമൂല്യയോഗ്യതകൾ നഷ്ടപ്പെടുത്താതിരിക്കുന്നതിനും കീഴ്വഴക്കം അവശ്യാവശ്യമാണു്.

* 128. കീഴ്വഴക്കപുണ്യം കീഴ്വഴക്ക വ്രതത്തെക്കാൾ വിസ്തീർണ്ണതയുള്ളതാണോ?

അതേ. എന്തെന്നാൽ വ്രതത്താൽ പറഞ്ഞൊക്കപ്പെട്ടിരിക്കുന്നതിനെക്കാൾ വളരെയധികം പ്രവൃത്തികളെ കീഴ്വഴക്ക പുണ്യത്തിനു ജനിപ്പിക്കുവാൻ കഴിയും.

* 129. സന്ന്യാസത്തിൽ കീഴ്വഴക്കപുണ്യം പ്രവർത്തിക്കുന്നതു് ഏതു വിഷയത്തിലാണു്?

സന്ന്യാസത്തിൽ കീഴ്വഴക്ക പുണ്യം സഭാക്രമത്തിനനുരൂപമായി ശ്രേഷ്ഠന്മാർ കൊടുക്കുന്ന ഓരോ ആജ്ഞയിലോ പ്രത്യേകിച്ചോ ഉള്ള സകല കല്പനകളിലും പ്രവർത്തിക്കപ്പെടുന്നു. ഈ പുണ്യം ഒരു വശത്തു സഭാക്രമത്തെയും, പ്രമാണങ്ങളെയും ചട്ടവട്ടങ്ങളെയും, മറെറാരുവശത്തു അധികൃതന്മാരുടെ കല്പനകളെയും, ആഗ്രഹങ്ങളെയും അപേക്ഷകളെയും ഉപദേശങ്ങളെയും അതിന്റെ വിഷയങ്ങളായി അടക്കിക്കൊള്ളുന്നു.

ശ്രേഷ്ഠൻ ദൈവത്തിന്റെ പ്രതിനിധിയായിരിക്കയാൽ, അദ്ദേഹത്തിന്റെ മനസ്സിനു മനസ്സാക്ഷിയിൽ ഒരുവനെ കടപ്പെടുത്താത്തപ്പോൾക്കൂടെയും, ഒരു സ്നേഹിതന്റെ മനസ്സിനുള്ളതിനെക്കാൾ ശ്രേഷ്ഠവും വ്യത്യസ്തവുമായ ഒരു ധാർമ്മികശക്തി ഉണ്ടായിരിക്കുന്നു. ഇങ്ങനെതന്നെ, ശ്രേഷ്ഠൻ സന്ന്യാസക്കൂട്ടമെന്ന ശരീരത്തിന്റെ തലയായിരിക്കുകനിമിത്തം സഭാംഗങ്ങളായ സന്ന്യാസികൾ തങ്ങളുടെ മനസ്സിനെ അദ്ദേഹത്തിന്റെ മനസ്സിനോടു അനുരൂപമാക്കിത്തീർക്കുന്നതിനു ഒരു സ്വാഭാവികമായ അർഹത ശ്രേഷ്ഠനുണ്ടു്. ദൈവത്തെപ്രതി ശ്രേഷ്ഠന്റെ മനസ്സിനോടു ഇപ്രകാരം യോജിക്കുന്നതു എല്ലായ്പോഴും സന്ന്യാസ കീഴ്വഴക്കം തന്നെയാകുന്നു.

130. തന്റെ കീഴ്വഴക്ക വ്രതത്തിനു വിരോധമായി പിഴക്കാതെ സന്യാസിക്കു കീഴ്വഴക്കപുണ്യത്തിനു വിരോധമായി പിഴക്കുവാൻ പാടുണ്ടോ?

പാടുണ്ടു്. ക. സ്വാതന്ത്ര്യോച്ഛമൂലം കീഴ്വഴക്കപുണ്യത്തെ മനഃപൂർവ്വം അവഗണിക്കുമ്പോഴും; ഖ. അധികാരത്തെ മനഃപൂർവ്വം നിന്ദിക്കുമ്പോഴും.

131. അധികാരനിന്ദയോടുകൂടിയതോ അഥവാ വലിയ നാശത്തിനു കാരണമാകുന്നതോ ആയ കീഴ്വഴക്കക്കേടിനെക്കുറിച്ചു എന്തു പറയേണ്ടിയിരിക്കുന്നു?

ക. ശ്രേഷ്ഠനുള്ള അധികാരത്തെ നിന്ദിക്കുമ്പോഴൊക്കെയും ചാവുദോഷമുണ്ടായിരിക്കുന്നു. എന്നാൽ ശ്രേഷ്ഠന്റെ വ്യക്തിയിലൊ, അല്ലേഹത്തിന്റെ കല്പനയിലൊ ഉണ്ടെന്നു ഒരു സന്യാസി വിചാരിക്കുന്ന തെറ്റിനെക്കുറിച്ചല്ല പിന്നെയൊ അധികാരത്തിന്മേലുള്ള നിന്ദയെക്കുറിച്ചത്രെ ഇവിടെ പറയുന്നതു്. ഇതിനാൽ യാതൊരു കല്പനക്കു സന്യാസി ശ്രേഷ്ഠനോടു 'ഞാൻ അതിനു കീഴ്വഴങ്ങുകയില്ല' 'അതു ഞാൻ ചെയ്കയില്ല' എന്നിങ്ങനെ പറയുവാൻ തുനിയുമെങ്കിൽ ഏതാളശമായ അധികാരനിന്ദ മുഖാന്തരം ആ സംഗതിയിൽ ചാവുദോഷമുണ്ടായിരിക്കും.

ഖ. സന്യാസിയുടെ ഏതെങ്കിലും കീഴ്വഴക്കക്കേടു നിമിത്തം ആത്മികമൊ, ലൌകികമൊ ആയ യാതൊരു വലിയ നാശം തനിക്കൊ, ക്രൂട്ടത്തിനൊ, തന്റെ സഹോദരനൊ ഉള്ളവാകുമ്പോഴും ചാവുദോഷമുണ്ടായിരിക്കും.

132. ശ്രേഷ്ഠന്റെ സാമാന്യമായ കല്പനകൾ ദോഷത്തിൻകീഴ കടപ്പെടുത്തുകയില്ലയൊ?

ഇല്ല. അർഹതകളുടെയും കടമകളുടെയും ഉത്തമ വ്യാഖ്യാനിയായ നടപ്പു അനുശാസിക്കുന്നതു ശ്രേഷ്ഠന്മാരുടെ സാമാന്യമായ കല്പനകൾ താനെതന്നെ പാപത്തിൻകീഴ കടപ്പെടുത്തുന്നതെന്നാണു്. എന്തെന്നാൽ 'നീ ഇതു ചെയ്യണമെന്നാണു് എന്റെ മനസ്സു്'' എന്നു ശ്രേഷ്ഠൻ പറയുന്നതും, "അപ്രകാരം നീ ചെയ്യുന്നതിനു മനസ്സാക്ഷിയിൽ നിന്നെ കടപ്പെടുത്തുവാൻ ഞാൻ മനസ്സാകുന്നു'' എന്നു പ്രസ്താവിച്ചുകൊണ്ടു മുപ്രകാരം വ്രതത്തിൻകീഴ കടപ്പെടുത്തുന്നതും രണ്ടും രണ്ടു സംഗതിയാകുന്നു. അപ്രകാരം, ഒരു സാമാന്യ കല്പനയ്ക്കു കീഴ്വഴങ്ങാത്ത

തിൽ വല്ല കുറവുമുണ്ടെങ്കിൽ, അതു പലപ്പോഴും സംഭവിക്കാറുള്ളതുപോലെ വേറെ വല്ല ന്യായത്താലെയെങ്കിലും വരുന്നതു്. അതായതു, ശേഷംപേക്ഷ കൊടുക്കുന്ന ഉത്തമൂലമൊ മോശമായ വല്ല ലാക്കുമുഖാന്തരമൊ, ക്രമമറ്റ വല്ലൊരുപക്ഷം നിമിത്തമൊ, അവിവേകം ഹേതുവായിട്ടൊ മറ്റെന്തെങ്കിലുമായിരിക്കും സംഭവിക്കുന്നതു്.

* 133. ഈ സംഗതിയെപ്പറ്റി പ്രത്യേകം വല്ലതും പറയാനുണ്ടോ?

ഉണ്ടു്. തന്റെ ക്രമമറ്റ പക്ഷങ്ങൾ നിമിത്തം ഏതാളുശകുറ്റം ചെയ്യുന്നതിനു ശീലിക്കുന്ന സന്യാസി താമസിയാതെ കീഴ്വഴക്കത്തിന്റെ അരുപിക്രുടെയും നഷ്ടമാക്കുകയും ആത്മസംബന്ധമായ മറ്റനേക കേടുകൾ തനിക്കും മിക്കപ്പോഴും ശേഷം സഹോദരന്മാക്കും വരുത്തുകയും ചെയ്യുമെന്നതിനും പുറമെ, തന്റെ പ്രതത്തിന്റെ മൂലതത്വംപോലും ദുർബലമാക്കുകയും അതിനെ ആപത്തിലാക്കുകയും ചെയ്യുന്നതാണു്.

134. സഭാക്രമങ്ങൾ പാപത്തിൻകീഴ കടപ്പെട്ടതുന്നുണ്ടോ?

ദൈവപ്രമാണങ്ങളെയൊ, തിരുസ്സഭാകല്പനകളെയൊ, സന്യാസവ്രതങ്ങളെയൊ സംബന്ധിക്കുന്ന ഏതൊരു നിയമവും സംശയമെന്നിയേ മനസ്സാക്ഷിയിൽ കടപ്പെട്ടതുന്നതാണു്. സന്യാസാനുഷ്ഠാനം സംബന്ധിച്ചുള്ള മറ്റെല്ലാ ക്രമങ്ങളും മിക്ക സന്യാസസഭകളിലും പാപത്തിൻകീഴ സ്വയമേവ കടപ്പെട്ടതുന്നില്ല. എങ്കിലും തന്റെ സഭാക്രമങ്ങളിൽ യാതൊന്നിനെ ലംഘിക്കുന്ന സന്യാസി സാമാന്യമായി ദൈവത്തെ ഉപദ്രവിക്കാതിരിപ്പാൻ പ്രയാസമാണു്.

135. ഇതിനുള്ള കാരണവും വിധവും എന്തെന്നു പറയുക?

സഭാക്രമങ്ങളെ ലംഘിക്കുന്നതിനുള്ള കാരണം മിക്കപ്പോഴും നിഗളം, മായസ്മൃതി, ഐന്ദ്രികേച്ഛ, മടി, മുഖാക്ഷിണ്യം മുതലായവയത്രെ. ഒരു സന്യാസി ഇപ്രകാരം ദോഷകരമായ വല്ലൊരു മുഖാന്തരത്താൽ ക്രമം ലംഘിക്കുമ്പോഴൊക്കെയും കുറ്റം മുണ്ടാകുമെന്നതിനു് സന്ദേഹമില്ല. ക്രൂരതയും, തന്റെ ലംഘനം ഭൂമ്മാതൃക്കളോ മറ്റു വല്ല നാശത്തിനൊ ഹേതുവായിത്തീരുമ്പോഴും സന്യാസി പാപം ചെയ്യുന്നു.

ഇവിടെ ഒരു കാര്യം പ്രത്യേകം ഗ്രഹിക്കേണ്ടതുണ്ട്. ക്രമങ്ങൾ വെറും ഉണർത്തോഷങ്ങളല്ല, പിന്നെയോ സാക്ഷാൽ പ്രമാണങ്ങളായിരിക്കുന്നു. ഈ ക്രമങ്ങൾ സന്ന്യാസക്രൂട്ടത്തിന്റെ പ്രവൃത്തികളെ സഭാന്ന്യായത്തിനനുരൂപമായി ക്രമപ്പെടുത്തുവാൻ വേണ്ടി സഭയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നിമിത്തം സഭാംഗങ്ങളിലോരോരുത്തരുടെമേൽ ഒരു ചുമതല അവ വരുത്തുന്നുണ്ട്. എന്തുകൊണ്ടെന്നാൽ, നീതിശാസ്ത്രസിദ്ധാന്തപ്രകാരം ഒരു ഭാഗം ന്യായമായ കാരണംകൂടാതെ മുഴുവനോട് യോജിക്കാതിരിക്കുമ്പോൾ, ആക്ഷേപയോഗ്യമായിട്ടുള്ളതായി തീരുന്നു. അതുകയാൽ ഒരു സന്ന്യാസി മനസ്സറിവുകൂടാതെ ക്രമം ലംഘിക്കുമ്പോൾക്കൂടെയും, ശ്രേഷ്ഠൻ കല്പിക്കുന്ന പ്രായശ്ചിത്തം സ്വീകരിച്ചു നിറവേറുവാൻ കടപ്പെട്ടിരിക്കുന്നു.

136. തഴക്കമായുള്ള ക്രമലംഘനത്തെക്കുറിച്ചു എന്തു പറയേണ്ടിയിരിക്കുന്നു?

തഴക്കമായുള്ള ക്രമലംഘനം, അതു എളുപ്പത്തിലുള്ളവാക്കുന്ന അധികാരനിന്ദ മുഖാന്തരവും, സന്ന്യാസ ശിക്ഷണത്തിനു അതു വരുത്തുന്ന കേട്ട മുഖാന്തരവും, കുറ്റാർഹമാകുന്നു.

137. സന്ന്യാസശിക്ഷണം (Discipline) എന്നുവെച്ചാൽ എന്താകുന്നു?

വാച്യാർത്ഥം നോക്കുന്നുവെങ്കിൽ സന്ന്യാസശിക്ഷണം എന്നതു പ്രബോധനം അഥവാ ക്രമപാലനം ആണെന്നു പറയാം.

കല്പിക്കുന്ന അധികാരത്തെ നോക്കുന്നുവെങ്കിൽ, ക്രമങ്ങളുടെയും, അവയുടെ ലംഘനക്കാർക്കുള്ള ശിക്ഷാവിധിയുടെയും ഒരു സംഗ്രഹം എന്നാണ് അതിന്റെ സാരാർത്ഥം.

സന്ന്യാസി നടക്കേണ്ട വഴി ശ്രേഷ്ഠന്മാർ പഠിപ്പിക്കുന്നതു ക്രമങ്ങൾ മൂലമായിട്ടും വഴിതെറ്റിപ്പോകുന്നവരെ ചൊവ്വുള്ള വഴിയിലാക്കി ഇടർച്ച നിക്കുന്നതു ക്രമലംഘനത്തിനു കല്പിക്കുന്ന ശിക്ഷകൾ മൂലമായിട്ടുമത്രെ.

ഇനി കീഴുള്ളവരെ നോക്കുന്നെങ്കിൽ സന്ന്യാസ ശിക്ഷണം ക്രമാനുസരണം തന്നെയാണെന്നു പറയാം. അതേ, കൂട്ടത്തിന്റെ അംഗങ്ങളെല്ലാം പുണ്യമായ ഒരുമ്പാടോടുകൂടെ യോജിച്ചു കാക്കുന്ന ക്രമങ്ങളുടെ വിശ്വസ്തമായ അനുസരണമത്രെ അതു്.

138. സന്ന്യാസ ശിക്ഷണത്തിന്റെ പ്രയോജനമെന്താകുന്നു?

സന്ന്യാസസഭ മുഴുവനെയും, ഒരു കൂട്ടത്തിന്റെ സന്ന്യാസജീവിതത്തെയും, ഓരോ സന്ന്യാസിയുടെ ജ്ഞാനജീവിതത്തെയും സംരക്ഷിക്കുന്നതിനു ഏറ്റവും ആവശ്യകമായി ഗണിക്കത്തക്കവണ്ണം സന്ന്യാസശിക്ഷണം അഥവാ ക്രമപാലനം അത്യുത്തമം സാരവത്തായ ഒരു കാര്യമാകുന്നു.

139. സന്ന്യാസശിക്ഷണം സംബന്ധിച്ചു ശ്രേഷ്ഠന്മാക്കുള്ള മുമ്മതല എന്തു?

മേൽപ്രസ്താവിച്ചതിൽനിന്നു സുലഭമായി ഗ്രഹിക്കാവുന്നതുപോലെ, ക്രമനിഷ്ഠാനം ഒരു കൂട്ടത്തിൽ കാത്തുപാലിക്കുന്നതിനു ശ്രേഷ്ഠന്മാക്കു ഘനമായ ഒരു മുമ്മതലയുണ്ടായിരിക്കുന്നു. ഈ വിഷയത്തിൽ അവരുടെ ഉദാസീനത എള്ളോളത്തിൽ വലിയ കുറ്റമാകുവാനും പാടുണ്ടു്.

140. ശ്രേഷ്ഠന്മാരിൽനിന്നു ഏതെങ്കിലും അധികാരം ലഭിച്ചിട്ടുള്ള ഉപശ്രേഷ്ഠന്മാരെയും അനുസരിക്കുന്നതിനു നമുക്കു കടമുണ്ടോ?

സംശയമെന്നിയെ നമുക്കു കടമുണ്ടു്. അധികാരം ഒന്നുതന്നെ ആയിരിക്കയാൽ ഉപശ്രേഷ്ഠന്മാർ അവരുടെ അധികാരാവൃത്തിയിൽപ്പെട്ടതിനെ കല്പിക്കുമ്പോൾ, മേൽശ്രേഷ്ഠന്മാരോടെന്നപോലെ തന്നെ നിഷ്കൃഷ്ടപൂർവ്വം അവർക്കും കീഴ്വഴങ്ങുവാൻ നാം കടപ്പെട്ടിരിക്കുന്നു. മേൽശ്രേഷ്ഠനു അധികം വണക്കവും ബഹുമാനവും കാണിപ്പാൻ നമുക്കു കടമുണ്ടെന്നുള്ളതു സത്യംതന്നെ എങ്കിലും അധികാരപ്രകാരം സ്വാധിക്കപ്പെട്ടിരിക്കുന്ന എല്ലാ ശ്രേഷ്ഠന്മാർക്കും ഒന്നുപോലെ കീഴ്വഴങ്ങുവാൻ നമുക്കു കടമുണ്ടായിരിക്കുന്നു.

II സന്ന്യാസ കീഴ്വഴക്കത്തിനു ഭംഗംവരുത്തുന്ന ചില ന്യൂനതകൾ.

* 141. കീഴ്വഴക്കത്തിനു നേരെ വിപരീതമായിട്ടുള്ള തെറ്റുകൾ കൂടാതെ, അതിനെ ചൊവ്വല്ലാത്ത പ്രകാരത്തിൽ മുറിപ്പെടുത്തുകയും നേരെ വിരുദ്ധമായി അതിനെ ലംഘിക്കുന്നതിനു സഹായിക്കയും ചെയ്യുന്ന ചില ന്യൂനതകളില്ലയോ?

ഇപ്രകാരമുള്ള ന്യൂനതകൾ വളരെയുണ്ടു്. സന്ന്യാസി

കൾ അനേകം കുറങ്ങളിൽ നിന്നൊഴിയുന്നതിനും, തങ്ങളുടെ പ്രതത്തെ ലംഘിക്കുന്നതിനുള്ള ആപത്തിലുൾപ്പെടാതിരിക്കുന്നതിനും ആഗ്രഹിക്കുന്നെങ്കിൽ, ഈവക ന്യൂനതകളെ അത്യന്ത ജാഗ്രതയോടെ വർജ്ജിപ്പാൻ ആവശ്യമാണ്.

* 142 ഈ ന്യൂനതകൾ ഏവ?

ശ്രേഷ്ഠന്മാക്കോ അവരുടെ കല്പനകൾക്കോ വിപരീതമായ മുൻവിധികളും, വിരോധങ്ങളും, അവരുടെ അഭിപ്രായങ്ങൾക്ക എതിരായ അഭിപ്രായങ്ങളും, അവരുടെ പ്രവൃത്തികളെപ്പറ്റിയുള്ള പിരുപിരുപ്പുകളും, ആക്ഷേപങ്ങളും, അവരുടെ കല്പനകളിൽ നിന്നൊഴിയുന്നതിനായി കാണിക്കുന്ന ശ്രമങ്ങളും, മനഃപൂർവ്വമായ നിന്ദയും; പ്രയോഗിക്കുന്ന വിവിധ ഒഴിവുകഴിവുകളും, ഉപായങ്ങളും, സൂത്രങ്ങളും; കല്പനയുടെ ശ്രുതകരമായ നിവൃത്തിക്ക തടവാകത്തക്കവിധം കീഴ്വഴങ്ങുന്നതിലുള്ള സാവധാനവും, ഉദാസീനതയും മറ്റും മേല്പറഞ്ഞതിൻവണ്ണമുള്ള ന്യൂനതകളാകുന്നു.

* 143. കീഴ്വഴക്കത്തിന്റെ യോഗ്യതയും വിലയും നിർമ്മൂലമാക്കുന്ന മറ്റു തെറ്റുകളെയും കാണിക്കുക.

വല്ല പ്രകാരവും രക്ഷപെട്ടെങ്കിൽ മതിയായിരുന്നു എന്ന വിധത്തിൽ പുറമെ മാത്രം കീഴ്വഴങ്ങുന്നതും; അടിമകളെപ്പോലെ പേടികൊണ്ടും ശേഷംപേരു കാണുന്നതുകൊണ്ടും മാത്രം കീഴ്വഴങ്ങുന്നതും; കൌശലം, സ്വസ്നേഹം, ശ്രേഷ്ഠന്റെ സൽപ്രീതി സമ്പാദിക്കുന്നതിനുള്ള രാജ്യതന്ത്രം മുതലായ ന്യായങ്ങളാൽ കീഴ്വഴങ്ങുന്നതും; കീഴ്വഴക്കമെന്ന പുണ്യത്തിന്റെ യോഗ്യതകളെയും ഫലങ്ങളെയും നിശ്ശേഷം നഷ്ടമാക്കുന്നവയത്രെ. വി. ബർണ്ണാർഡ് മല്ലാൻ സാക്ഷിക്കുന്നതുപോലെ ഈ വിധം കീഴ്വഴങ്ങുന്നതു ഒരു പുണ്യാഭ്യാസമല്ല, പിന്നെയൊ ദുർഗ്രഹത്തെ കൂപ്പായം ധരിപ്പിക്കുന്ന ഒരു സമ്പ്രദായമത്രെ.

* 144. ഒരു ശ്രേഷ്ഠൻ, യാതൊരു സന്ന്യാസിക്കു ഏതെങ്കിലും കൊടുക്കാതെ നിഷേധിച്ചാൽ, ആ സന്ന്യാസിക്കു മറെറാരു ശ്രേഷ്ഠന്റെ പക്കൽചെന്നു അതിനെ ചോദിപ്പാൻ പാടുണ്ടോ?

ആദ്യം നിഷേധിച്ച ശ്രേഷ്ഠന്റെ മുഖപടിയും, നിഷേധത്തിന്റെ ന്യായങ്ങളും രണ്ടാമത്തെ ശ്രേഷ്ഠനോടു് അറിയിക്കാതെ ചോദിപ്പാൻ പാടുള്ളതല്ല. ക്രമവും മര്യാദയും ഇപ്രകാരം ചെയ്യണമെന്നാവശ്യപ്പെടുന്നു.

* 145. നമുക്ക് നിതിയുള്ളതെന്നു തോന്നുന്ന ന്യായങ്ങൾ ശ്രേഷ്ഠന്മാരോടു അറിയിക്കുന്നതിനു മുടക്കുണ്ടോ?

ഇല്ല. ഇപ്രകാരമുള്ള തെളിവു കിട്ടുന്നതു ശ്രേഷ്ഠന്മാക്കു സന്തോഷകരമായിരിക്കും. എങ്കിലും, ഈ കാര്യം സംബന്ധിച്ചു ശ്രേഷ്ഠനോടു പറയുന്നതിനുമുമ്പു, സന്യാസി ദൈവതിരുമുമ്പാകെ കാര്യം നല്ലവണ്ണം ആലോചിക്കയും ശ്രേഷ്ഠന്റെ വിധിക്കു പൂർണ്ണമായി വഴങ്ങുന്നതിനു തയ്യാറായിരിക്കയും വേണം. ക്രൂടാതെയും, ആ ന്യായം പ്രസ്താവിക്കുന്നതു വിനയത്തോടും മണക്കത്തോടുംകൂടെ ആയിരിക്കണം.

III സന്യാസകീഴ്വഴക്കത്തിന്റെ പദവികളും പരിപൂർണ്ണതയും.

* 146. പരിപൂർണ്ണമായ കീഴ്വഴക്കത്തിന്റെ പദവികളേവ?

പരിപൂർണ്ണമായ കീഴ്വഴക്കത്തിന്റെ പദവികൾ മൂന്നാണ്. ക. പ്രവൃത്തിയുടെ കീഴ്വഴക്കം, ഖ. മനസ്സിന്റെ കീഴ്വഴക്കം, ഗ. ബോധത്തിന്റെ കീഴ്വഴക്കം.

* 147. ഒന്നാമത്തെ പദവി എന്തിലടങ്ങിയിരിക്കുന്നു?

അതു കല്പിക്കപ്പെട്ടതൊക്കെയും വിശ്വസ്തതയോടെ നിവർത്തിക്കുന്നതിലടങ്ങിയിരിക്കുന്നു.

* 148. ഈ ഒന്നാമത്തെ പദവിക്കു ആവശ്യകമായ ലക്ഷണങ്ങൾ എന്തെല്ലാമാകുന്നു?

കീഴ്വഴക്കം മുഴുക്കെള്ളതും പൂർണ്ണമായതുമായിരിക്കണം.

ശ്രേഷ്ഠന്റെ അധരങ്ങൾ വഴിയായി ദൈവംതന്നെ നിന്നോടു കല്പിക്കയും അല്ലെങ്കിൽ മണിയുടെ പ്രഥമധ്വനിക്കു ദൈവംതന്നെ നിന്നെ വിളിക്കയും ചെയ്തിരുന്നാലെന്നപോലെ, കല്പനയെ താമസമെന്നിയെ നിവർത്തിക്കുന്നെങ്കിൽ അതു മുഴുക്കെള്ള കീഴ്വഴക്കമായിരിക്കും.

കല്പിക്കപ്പെട്ടതൊക്കെയും, ശ്രേഷ്ഠൻ ആവശ്യപ്പെട്ടതൊക്കെയും, നിശ്ചയിക്കപ്പെട്ടവിധത്തിൽ, തക്ക സൂക്ഷ്മതയോടും, താല്പര്യത്തോടും, ഉത്സാഹത്തോടുംകൂടെ നിവർത്തിക്കുമെങ്കിൽ, അതു പൂർണ്ണമായ കീഴ്വഴക്കമായിരിക്കും.

* 149. കീഴ്വഴക്കത്തിന്റെ രണ്ടാം പദവി അഥവാ മനസ്സിന്റെ കീഴ്വഴക്കമെന്താകുന്നു?

നമ്മുടെ മനസ്സിനെ ശ്രേഷ്ഠന്റെ മനസ്സിനോടു യോജിപ്പിക്കയും, ശ്രേഷ്ഠൻ അഗ്രഹിക്കയും കല്പിക്കുകയും ചെയ്യുന്നതെല്ലാം നാമും ആഗ്രഹിക്കുന്നതിനു സംഗതിയാക്കുകയും ചെയ്യുന്ന അന്തരംഗമായ കീഴ്വഴക്കമാകുന്നു മനസ്സിന്റെ കീഴ്വഴക്കമെന്നു പറയുന്നത്.

* 150. ഈ മനസ്സിന്റെ കീഴ്വഴക്കം വളരെ ആവശ്യമുള്ളതാണോ?

ഇതെത്രയും ആവശ്യമുള്ളതാകുന്നു. ഇതുകൂടാതെയുള്ള കീഴ്വഴക്കം സാക്ഷാൽ കീഴ്വഴക്കമെന്ന പുണ്യത്തിന്റെ പേരിനു പാത്രീഭവിക്കയില്ല. മാത്രമല്ല, അതു വളരെ അയോഗ്യമായതും ന്യൂനത നിറഞ്ഞതുമായിരിക്കും. എന്നാൽ മറിച്ചു മനസ്സിന്റെ ആന്തരികമായ കീഴ്വഴക്കം വളരെ യോഗ്യതയും മഹത്വവും നിറഞ്ഞതാകുന്നു. എന്തെന്നാൽ മനുഷ്യൻ വഴിയായി തന്റെ തിരുമനസ്സിനെ വെളിപ്പെടുത്തുന്ന ദൈവത്തിനുതന്നെ കീഴ്വഴങ്ങുന്ന എന്നുള്ള ന്യായത്താൽ, ഇതിന്റെ യോഗ്യതയും മഹത്വവും സ്പഷ്ടമാകുന്നു.

* 151. മനസ്സിന്റെ കീഴ്വഴക്കത്തിനു വേണ്ട ലക്ഷണങ്ങൾ ഏവ?

ഏതാളുശമായ കീഴ്വഴക്കം സന്തോഷമുള്ളതും ധൈര്യമുള്ളതുമായിരിക്കണം.

നാം സസന്തോഷം കീഴ്വഴങ്ങണം. എന്തുകൊണ്ടെന്നാൽ വി. ശ്ലീഹാ പറയുംപ്രകാരം 'സന്തോഷപൂർവ്വം ദാനിക്കുന്നവനെയത്രെ ദൈവം സ്നേഹിക്കുന്നതു', (൨ കൊറീന്തി – ix. 7). ഇതിനും പുറമെ ഈ സന്തോഷം കീഴ്വഴക്കത്തിനു അതിശയനീയമായ ഒരെളുപ്പം വരുത്തുകയും ചെയ്യുന്നു. എങ്കിലും നമ്മുടെ സന്തോഷം മാനുഷികമൊ ഐന്ദ്രികമൊ ആകാതെ, ആദ്ധ്യാത്മികമായിരിക്കണം. എന്തെന്നാൽ കീഴ്വഴക്കത്തിൽ സ്വാഭാവിക വിരുദ്ധങ്ങൾ തോന്നിയാലും മനസ്സിന്റെ തൂപ്പു എല്ലായ്പോഴും നമുക്കുണ്ടാകുവാൻ പാടുള്ളതാകുന്നു. ഇതത്രേ, സാക്ഷാലുള്ള കീഴ്വഴക്കത്തിന്റെ സന്തോഷം.

നാം ധൈര്യത്തോടുകൂടെയും കീഴ്വഴങ്ങണം. എന്തെന്നാൽ, കീഴ്വഴക്കത്തിൽ നമുക്കു നേരിടുന്ന പ്രയാസങ്ങളെല്ലാം ജയിക്കുന്നതിനും, ദൈവം നമ്മോടാവശ്യപ്പെടുന്ന പൂജകളെ മാഹാത്മ്യത്തോടെ ചെയ്യുന്നതിനും ധൈര്യം ആവശ്യമത്രെ. ആകയാൽ കീഴ്വഴക്കത്തിൽ നമുക്കു സ്വാഭാവികമായി തോന്നുന്ന അരോചകവും, വെറുപ്പും ക്ലുട്ടാക്കാതെ ഏതെങ്കിലും വേലയ്ക്കോ സ്ഥലത്തോ നമ്മെ ഏല്പിക്കുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യം ശ്രേഷ്ഠന്മാർക്കു കൊടുക്കുന്നതു ഈ കീഴ്വഴക്കത്തിന്റെ മഹായോഗ്യതകളിൽ ഒന്നാകുന്നു.

* 152. കീഴ്വഴക്കത്തിന്റെ മൂന്നാമത്തെ പദവി അഥവാ ബോധത്തിന്റെ കീഴ്വഴക്കമെന്നുവെച്ചാലെന്താകുന്നു?

നമ്മുടെ അഭിപ്രായത്തെ ശ്രേഷ്ഠന്റെ അഭിപ്രായത്തിനു കീഴ്പ്പെടുത്തുന്നതിനു നമ്മുടെ മനസ്സു നിർബന്ധിക്കുമ്പോൾ ഉളവാകുന്ന കീഴ്വഴക്കം ബോധത്തിന്റെ അല്ലെങ്കിൽ ബുദ്ധിയുടെ കീഴ്വഴക്കമാകുന്നു.

* 153. കീഴ്വഴക്കത്തിന്റെ മൂന്നാമത്തെ പദവി എല്ലായ്പോഴും സാദ്ധ്യമാണോ?

എത്രന്യായം തീർത്തും സൂക്ഷ്മമായിരിക്കുന്ന അപൂർവ്വം ചില സംഗതികളിലൊഴികെ, സന്യാസിക്കു കല്പിക്കപ്പെട്ടിരിക്കുന്നതു അതിന്റെ പ്രതികൂലത്തെക്കാൾ സ്വതേ അധികം നല്ലതാകുന്നു എന്നും കുറഞ്ഞപക്ഷം തനിക്കുവേണ്ടി അതു അധികം നല്ലതാകുന്നു എന്നെങ്കിലും സമ്മതിക്കുവാൻ പാടുള്ളതും സമ്മതിക്കേണ്ടതുമാകുന്നു.

* 154. കീഴ്വഴക്കത്തിന്റെ ഈ മൂന്നാം പദവിക്കു എത്തുന്നതിനു ശ്രമിപ്പാനുള്ള ന്യായമെന്താകുന്നു?

ഇതിനു രണ്ടു ന്യായങ്ങളുണ്ട്. ക. ഈ പദവി ഒന്നാമത്തേതും രണ്ടാമത്തേതുമായ കീഴ്വഴക്കത്തിന്റെ പദവികളെ ആദരിക്കയും ഭദ്രപ്പെടുത്തുകയും ചെയ്യും. ഇതു കൂടാതെയിരുന്നാൽ, കീഴ്വഴക്കത്തിന്റെ ആദ്യത്തെ രണ്ടു പദവികളിൽനിന്നും തൊറി പ്പോകുവാൻ വളരെ എളുപ്പമാണ്. ഖ. കീഴ്വഴക്കത്താൽ ആത്മാഗ്നിയെന്ന ഹോമബലി ദൈവത്തിനു സമർപ്പിക്കുന്നതിനും

ഈ മൂന്നാമത്തെ വിധി ആവശ്യമായിരിക്കുന്നു. ഇതില്ലെങ്കിൽ, നമുക്കുള്ളതിൽ ഉത്തമ വസ്തുവായ ബുദ്ധിയേയും, ന്യായത്തേയും കരസ്തമാക്കിക്കൊണ്ടു, ഈ ഹോമബലിയിൽ കവർച്ച ചെയ്യാനിടവരുന്നതാണ്.

* 155. പരിപൂർണ്ണമായ കീഴ്വഴക്കം സമ്പാദിക്കുന്നതിനു പ്രയോഗിക്കേണ്ട മാർഗ്ഗങ്ങൾ ഏവ?

ഇതിനു പൊതുവായിട്ടുള്ള മാർഗ്ഗങ്ങൾ എളിമയും സാധുശീലവുമാകുന്നു. "എളിമയുള്ളവനു" പ്രയാസമായിട്ടു യാതൊന്നുമില്ല. സാധുശീലനു കഠിനമായിട്ടുള്ളതും യാതൊന്നുമില്ല" എന്നാണ്ടു മഹാനായ വി. ലെയോൻ പാപ്പായുടെ അഭിപ്രായം.

ക്രൂരതയും, പരിപൂർണ്ണമായ കീഴ്വഴക്കം സമ്പാദിക്കുന്നതിനു ഉപയുക്തങ്ങളായ മൂന്നു പ്രത്യേക മാർഗ്ഗങ്ങൾ വി. ഇഗ്നാസിയോസു എടുത്തു കാണിക്കുന്നുണ്ടു. ക. കല്പിക്കുന്ന ശ്രേഷ്ഠനിൽ എല്ലായ്പോഴും ദൈവത്തെ കരുതുന്നതിനു തുടങ്ങുക. ഖ. ശ്രേഷ്ഠന്റെ കല്പനയെയും അഭിപ്രായത്തെയും നിന്റെ ഉള്ളിൽതന്നെ നീ ആദരിക്കുക. അല്ലേഹത്തെ അനാദരിക്കുന്നതിനു ഒരിക്കലും സമ്മതിക്കാതിരിക്കുക. ഈവിധം ചെയ്യുന്നതായാൽ ശ്രേഷ്ഠന്റെ കല്പന ഒരിക്കലും നിനക്കു ഭാരമായി തോന്നുകയില്ല. ന. ശ്രേഷ്ഠൻ ആജ്ഞാപിക്കുമ്പോൾ അതു ദൈവകല്പനതന്നെയാകുന്നു എന്നു കരുതുക. ഇങ്ങനെ നീ ചെയ്യുമെങ്കിൽ, ദൈവതിരുമനസ്സല്ലാതെ വേറെ യാതൊന്നും നോക്കാതെയും, പരിശോധനയൊന്നും ചെയ്യാതെയും, കല്പന നിവ്വഹിക്കുന്നതിനുള്ള മനസ്സോടും, കീഴ്വഴങ്ങണമെന്നുള്ള അഭിലാഷത്തോടുംകൂടെ അതിനെ അനുസരിപ്പാൻ നിനക്കിടയാവുകയും ചെയ്യും.

ജ്ഞാനഗുരുക്കൾ പഠിപ്പിക്കുന്നതുപോലെ ദിവ്യകാരുണ്യത്തിൽ പ്രസന്നനായിരിക്കുന്ന ഈശോമ്ശിഹായെ ക്രൂശാശ്ലേഷത്തോടുകൂടെ അനുക

ത്തെ കീഴ്വഴക്കം വഴിയായി ഞാൻ വണങ്ങുന്നു. പിന്നെയും തന്റെ പ്രതിനിധികൾക്കു ഞാൻ കീഴ്വഴങ്ങണമെന്നു തിരുമനസ്സായിരിക്കുന്ന ദൈവത്തിന്റെ ജ്ഞാനത്തിനും, ദയയ്ക്കും, വിശ്വസ്തതയ്ക്കും, കീഴ്വഴക്കം വഴിയായി എന്നെ ഞാൻ ഭരമേല്പിക്കയും ചെയ്യുന്നു. ശ്രേഷ്ഠനു വല്ല ന്യൂനതകളുമുണ്ടായിരുന്നാലും ദൈവത്തിനു യാതൊരു ന്യൂനതയുമില്ല. ഞാൻ ശ്രുശ്രൂഷിക്കുന്നതു് ദൈവത്തെയാകുന്നു. പാപമൊഴികെ ശ്രേഷ്ഠൻ കല്പിക്കുന്നതു എത്രതന്നെ ന്യൂനതയുള്ളതായിരുന്നാലും, എന്റെ കീഴ്വഴക്കം എല്ലായ്പോഴും ഉത്തമമായിരിക്കും. താഴ്മയായ എന്റെ പ്രത്യക്ഷ കീഴ്വഴക്കത്തിൽനിന്നു തനിക്കു സ്തുതിയും, എനിക്കു നിയോജനവും വരുത്തുവാൻ ദൈവത്തിനറിയാം.

വിഷയവിവരണിക

പ്രസ്താവനയും മൂലഗ്രന്ഥകാരന്റെ ജ്ഞാപനങ്ങളും.

ഒന്നാം ഭാഗം

സന്യാസവ്രതങ്ങളെക്കുറിച്ചു പൊതുവിൽ.

അദ്ധ്യായം ക.

സന്യാസവ്രതത്തിന്റെ പ്രകൃതി. 1

അദ്ധ്യായം ഖ.

സന്യാസവ്രതങ്ങളുടെയും പുണ്യപുണ്ണ്യ ജീവിതത്തിന്റെയും വൈശിഷ്ട്യം. 7

അദ്ധ്യായം ന.

സന്യാസവ്രതങ്ങളുടെ വിവിധ തരങ്ങൾ. 13

അദ്ധ്യായം ഘ.

സന്യാസവ്രതങ്ങളുടെ വിഷയമായ പുണ്യങ്ങൾ. 16

രണ്ടാം ഭാഗം

സന്യാസവ്രതങ്ങളെക്കുറിച്ചു പ്രത്യേകിച്ച്

അദ്ധ്യായം ക.

സന്യാസദാരിദ്ര്യം.

ഒന്നാം സർഗ്ഗം

ദാരിദ്ര്യവ്രതം

I. ദാരിദ്ര്യവ്രതത്തിന്റെ വിഷയവും വിസ്തീർണ്ണതയും. 20

II. ദാരിദ്ര്യവ്രതത്തിന്റെ ലംഘനം. 23

III. ദാരിദ്ര്യവ്രതലംഘനത്തിൽനിന്നും ഒഴിവാക്കുന്ന അനുവാദവും നടപ്പും.

A. അനുവാദം. 28

B. നടപ്പുകൾ. 32

രണ്ടാം സഗ്ഗം

ദാരിദ്ര്യപുണ്യം.

I. ദാരിദ്ര്യപുണ്യം സന്യാസിയുടെമേൽ ചുമത്തുന്ന കടമകൾ. 33
II. സന്യാസി സ്വന്ത വസ്തുകൊണ്ടു ചെയ്യുന്ന വിനിയമനം. 36
III. സന്യാസദാരിദ്ര്യത്തിന്റെ ഉപകാരങ്ങളും അതിന്റെ അഭ്യാസവും. 37

അദ്ധ്യായം ൨.

സന്യാസവിരക്തി.

I. വിരക്തവ്രതവും വിരക്തപുണ്യവും. 39
II. സന്യാസവിരക്തി നിർമ്മലമായി കാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ. 43
III. സന്യാസവിരക്തിയുടെ പ്രയോജനങ്ങൾ. 46

അദ്ധ്യായം ൩.

ഒന്നാം സഗ്ഗം

കീഴ്വഴക്കവ്രതം.

I. മറ്റുരണ്ടു വ്രതങ്ങളെയപേക്ഷിച്ചു കീഴ്വഴക്കവ്രതത്തിനുള്ള വിശേഷത. 47
II. കീഴ്വഴക്കവ്രതത്തിന്റെ കടമകൾ. 48

രണ്ടാം സഗ്ഗം

കീഴ്വഴക്കപുണ്യം.

I. കീഴ്വഴക്കപുണ്യത്തിന്റെ പ്രകൃതി. 53
II. കീഴ്വഴക്കപുണ്യത്തിനു ഭംഗംവരുത്തുന്ന ചില ന്യൂനതകൾ. 58
III. സന്യാസകീഴ്വഴക്കത്തിന്റെ പദവികളും പരിപൂർണ്ണതയും. 60

Printed and Published for the Proprietor by Rev. Fr. Cleophas T. O. C. D. at the St. Joseph's Press, Mannanam 1955.